കേരള സർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

സീമാറ്റ്–കേരള

തിരുവനന്തപുരം

# വിദ്യാരംഗം

## എൽ.പി തല സർഗോത്സവം

## സ്കൂൾതല മാർഗരേഖ 2017

## (കരട്)

STATE INSTITUTE OF EDUCATIONAL MANAGEMENT AND TRAINING - KERALA

(SIEMAT-KERALA)

Govt. Central High School Campus, Attakulangara,

Thiruvananthapuram-695036

Phone No: 0471-2460343, Fax: 0471-2460343

E-mail:siematkeralatvm@gmail.com   Website: www.siemat.kerala.gov.in

# ആമുഖം

കേരളം രൂപം കൊണ്ടതിന്റെ അറുപതാം വാർഷികാഘോഷ വേളയിലാണ് ഈ വർഷത്തെ വിദ്യാരംഗം പ്രവർത്തനങ്ങൾ നടക്കുന്നത്. കേരളപ്പിറവിയുടെ ആഘോഷത്തെ വിദ്യാരംഗം പ്രവർത്തനങ്ങളുമായ സംയോജിപ്പിച്ച് നടത്തുവാൻ ശ്രമിക്കേണ്ടതുണ്ട്. ആറു പതിറ്റാണ്ടുകൾ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാഹിത്യമേഖലകളിലുണ്ടാക്കിയ മാറ്റം/ചലനങ്ങൾ വിദ്യാർഥികളുടെ അനുഭവമണ്ഡലത്തിലൂടെ കടത്തിവിടുന്നതിനുള്ള അവസരമായി ഈ വർഷത്തെ സർഗോത്സവം പ്രവർത്തനങ്ങൾ മാറുന്നത് ഉചിതമാവും. സ്കൂൾതലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ വിദ്യാരംഗം പ്രവർത്തനങ്ങളുമായി കണ്ണിചേർത്തു നടപ്പാക്കുവാൻ ചുമതലപ്പെട്ടവർ യത്നിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾതലത്തിലേക്ക് എത്തുന്ന മാനുഷികവിഭവങ്ങളെ ഉചിതമായി പ്രയോജനപ്പെടുത്തുവാനുള്ള ഉത്തരവാദിത്തവും വിദ്യാരംഗം പ്രവർത്തകർക്ക് ഉണ്ടാവും. ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാരംഗത്തിന്റെ പരിപാടികൾ നടത്താനുള്ള മുഖ്യചുമതല അതത് ക്ലാസ് ടീച്ചർമാർക്കാണ്. ഇക്കാര്യത്തിൽ നേതൃത്വം നൽകാൻ കഴിയുന്ന മറ്റദ്ധ്യാപകരുടെ സഹകരണം ക്ലാസ് ടീച്ചർ ഉറപ്പാക്കുമല്ലോ. ഇത് കരടു മാർഗ്ഗരേഖയാണ്. കൂടുതൽ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തു സമ്പുഷ്ടമാക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുമല്ലോ.

കെ.സി.അലി ഇക്ബാൽ
എഡിറ്റർ

കെ.വി.മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

### പൊതുവിദ്യാഭ്യാസ വകുപ്പ്, കേരളം

# വിദ്യാരംഗം കലാസാഹിത്യവേദി

## പ്രവർത്തന പദ്ധതി 2017-18

"സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതാകും സമഗ്രവിദ്യാഭ്യാസം" എന്നാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളിലൊന്നായി നൽകിയിട്ടുള്ളത്.

ഈ ലക്ഷ്യത്തിൽ താഴെ കൊടുത്ത ഘടകങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്.

- ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമുള്ള അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും പ്രയോജനപ്പെടുത്തും.
- സർഗ്ഗാത്മകരചനയിലും സംഗീതം, ചിത്രം തുടങ്ങിയ കലകളിലും ഉള്ള താത്പര്യവും ജന്മസിദ്ധമായ കഴിവുകളും കണ്ടെത്തി പോഷിപ്പിക്കുന്നതിനുള്ള ഇടങ്ങളായി വിദ്യാലയത്തെ പരിവർത്തിപ്പിക്കും.
- ഒന്നാം ക്ലാസു മുതൽ കുട്ടികളിൽ വായനാസംസ്കാരം പ്രോത്സാഹിപ്പിക്കും. അതിനായി സ്കൂൾ ഗ്രന്ഥശാലകളെ ആധുനികീകരിക്കും.
- മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങിയ മാനവികമൂല്യങ്ങൾ ഉറപ്പിക്കാൻ സഹായകമായ പഠനാന്തരീക്ഷവും പഠനപ്രക്രിയയും ഉറപ്പാക്കും.
- പാരിസ്ഥിതികാവബോധം, മാലിന്യനിർമ്മാർജ്ജനാവബോധം, സാമൂഹ്യാവബോധം, വിമർശനാവബോധം, ലിംഗാവബോധം എന്നിവ നേടാനുള്ള അനുഭവങ്ങൾ നൽകും.
- മാതൃഭാഷയോടുള്ള സ്നേഹവും മതിപ്പും വളർത്താൻ ആവശ്യമായ പഠനപ്രവർത്തനങ്ങൾ ഒരുക്കും.

ക്ലാസ് - സ്കൂൾ തലങ്ങളിൽ വിദ്യാരംഗം കലാസാഹിത്യവേദി ഈ വർഷം നടത്താൻ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളും, ഉപജില്ല-ജില്ല-സംസ്ഥാനതലങ്ങളിലെ സർഗ്ഗോത്സവശില്പശാലകളും ഈ ലക്ഷ്യങ്ങൾ പരമാവധി കൈവരിക്കാൻ പര്യാപ്തമായ വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, സർഗ്ഗപരവും മാനവികവുമായ കഴിവുകളെല്ലാം കണ്ടെത്താനും പോഷിപ്പിക്കാനും സഹായകമായ ഒരു പ്രവർത്തനസമാഹാരമാണ് വിദ്യാരംഗം മുന്നോട്ടുവയ്ക്കുന്നത്. വേണ്ടത്ര ശ്രദ്ധയോടെ, മുന്നൊരുക്കങ്ങളോടെ, സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ ചെയ്തു പൂർത്തിയാക്കുക എന്ന ഗൗരവമേറിയ ചുമതലയാണ് അധ്യാപകസമൂഹത്തിനു നിർവ്വഹിക്കാനുള്ളത്. ഇതിനാവശ്യമായ പിന്തുണയൊരുക്കാൻ രക്ഷാകർതൃസമൂഹത്തിനും കഴിയണം. പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ്ഥാപനങ്ങളും അക്കാദമികളും എസ്.എസ്.എ. തുടങ്ങിയ സംവിധാനങ്ങളും ഇതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങളും അക്കാദമിക് പിന്തുണയും നൽകും.

**വാർഷിക പ്രവർത്തന പദ്ധതി - 2017-18 : പ്രധാന സവിശേഷതകൾ**

- ക്ലാസ്സ്, സ്കൂൾ തലങ്ങളിൽ 2017 ജൂൺ 5 ലോകപരിസ്ഥിതി ദിനം മുതൽ 2018 ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം വരെ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നു.
- 'ഒരു കുട്ടി, ഒരു മാസിക' : ഫെബ്രുവരി 21 ന് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന ഓരോ കുട്ടിയും സ്വന്തമായി തയ്യാറാക്കിയ കൈയെഴുത്തുമാസികയുടെ പ്രകാശനം.
- ദിനാചരണങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന വൈവിധ്യമുള്ള രചനാപ്രവർത്തനങ്ങളും ശേഖരണപ്രവർത്തനങ്ങളും വഴി ക്ലാസിലെ എല്ലാ കുട്ടികളും വ്യക്തിഗതമായി തയ്യാറാക്കുന്ന ഉത്പന്നങ്ങളാണ് അവരുടെ കൈയെഴുത്തുമാസികയുടെ ഉള്ളടക്കം.
- പഞ്ചായത്ത് - സ്കൂൾ - ഉപജില്ല - ജില്ല അടിസ്ഥാനത്തിലുള്ള സർഗ്ഗോത്സവങ്ങളുടെ തുടക്കം ദിനാചരണങ്ങളുമായി എൽ.പി., യു.പി., ഹൈസ്കൂൾ ക്ലാസുകളിൽ നടത്തുന്ന പ്രവർത്തനങ്ങളിൽനിന്നാണ്. ജൂൺ, ജൂലൈ മാസത്തിലെ ക്ലാസ് പ്രവർത്തനങ്ങളിൽനിന്നാണ് സ്കൂൾ സർഗ്ഗോത്സവത്തിനുള്ള കുട്ടികളെ കണ്ടെത്തേണ്ടത്.
- എൽ.പി.വിഭാഗത്തിൽ 1,2 ക്ലാസുകാർക്ക് സ്കൂൾതലത്തിലും 3,4 ക്ലാസുകാർക്ക് ഗ്രാമപഞ്ചായത്ത് / നഗരസഭ തലത്തിലും സംഘടിപ്പിക്കുന്ന സർഗ്ഗോത്സവങ്ങളും യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്ക് ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിലുള്ള സർഗ്ഗോത്സവങ്ങളും ഉണ്ടായിരിക്കും.
- ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള വിഷയമേഖലകൾ താഴെ കൊടുക്കുന്നു:

| | |
|---|---|
| എൽ.പി. 1,2 ക്ലാസുകൾ : | കഥ പറയൽ, ചിത്രംവര, പാട്ട് |
| എൽ.പി. 3,4 ക്ലാസുകൾ : | കഥ, കവിത, ചിത്രം, അഭിനയം |
| യു.പി. ക്ലാസുകൾ : | കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട് |
| ഹൈസ്കൂൾ ക്ലാസുകൾ : | കഥ, കവിത, ചിത്രം, കവിതാലാപനം, അഭിനയം, നാടൻപാട്ട് |

***കുറിപ്പ്** : കഥ, കവിത എന്നീ മേഖലകളിൽ മുൻകൂട്ടി നിർദ്ദേശിക്കുന്ന മികച്ച രചനകളുടെ വായനയും ചർച്ചയും ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിനാൽ പുസ്തകചർച്ച ഒരു പ്രത്യേക വിഷയമേഖലയായി ഉൾപ്പെടുത്തുന്നില്ല.*

- സംസ്ഥാന സർഗ്ഗോത്സവം വിവിധ അക്കാദമികളുടെ സഹകരണത്തോടെ ഒന്നാം ടേമിൽത്തന്നെ നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിനാൽ ജൂലൈ അവസാനം സ്കൂൾ സർഗ്ഗോത്സവങ്ങളും ആഗസ്റ്റ് മാസത്തിൽ ഉപജില്ല, ജില്ലാ സർഗ്ഗോത്സവങ്ങളും നടക്കേണ്ടതുണ്ട്.
- ക്ലാസ്മുറിയിലെ ഭാഷാപഠനത്തിന്റെ സ്വാഭാവികമായ ഒരു ഭാഗമായും, സർഗ്ഗവേള പിരിയഡുകൾ പ്രയോജന പ്പെടുത്തിക്കൊണ്ടുമാണ് ക്ലാസ്തല സാഹിത്യവേദി പ്രവർത്തനങ്ങൾ നടക്കേണ്ടത്.
- എസ്.ആർ.ജി.യിലും പി.ടി.എ.യിലും വിദ്യാരംഗം പ്രവർത്തനപദ്ധതി ഗൗരവത്തോടെ ചർച്ച ചെയ്ത് പരിപാടി കൾ സമയബന്ധിതമായി ആസൂത്രണം ചെയ്യണം; സ്കൂൾ വാർഷിക കലണ്ടറിൽ ഉൾപ്പെടുത്തണം.
- സ്കൂൾതല പ്രവർത്തനങ്ങൾക്ക് വിദ്യാരംഗം സ്കൂൾതലസമിതിയും ചുമതലയുള്ള അധ്യാപകനും / അധ്യാ പികയും നേതൃത്വം വഹിക്കും.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ സ്കൂൾതലത്തിൽ മറ്റു ക്ലബ്ബുകളുമായി ചേർന്ന് നടത്തണം.
- ക്ലാസിലെ എല്ലാ കുട്ടികൾക്കും അവസരങ്ങൾ ലഭിക്കുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളെയും ഭിന്നശേഷിക്കാരായ കുട്ടികളെയും പ്രത്യേകം പരിഗണിക്കണം. 'ഒരു കുട്ടി, ഒരു മാസിക' പരിപാടിയിൽ ഈ വിഭാഗങ്ങളിലുള്ള കുട്ടികളും ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കണം.
- ക്ലാസ് തലത്തിൽ ഓരോ പ്രവർത്തനത്തിലും രൂപപ്പെടുന്ന കഥ, കവിത, ചിത്രം, കുറിപ്പുകൾ, ഡയറി, യാത്രാ വിവരണം, കാർട്ടൂൺ, അടിക്കുറിപ്പുകൾ, അഭിമുഖം, ശേഖരിച്ച വാർത്ത-കഥ-കവിത-പാട്ട്, മറ്റു വിഷയങ്ങ ളുടെ പഠനപ്രവർത്തനങ്ങളിൽ ഉണ്ടായ രചനകൾ (ഉദാ : ഗണിതത്തിൽ കുട്ടി വരച്ച ഒരു ജ്യോമെട്രിക്കൽ പാറ്റേൺ, ചെയ്ത ഒരു പ്രോജക്ടിന്റെ റിപ്പോർട്ട്...) ഇവയെല്ലാം കുട്ടിയുടെ കൈയെഴുത്തുമാസികയിൽ ഉൾപ്പെടേണ്ട പഠനോത്പന്നങ്ങളാണ്.
- ഓരോ ഘട്ടത്തിലും ഇവ ക്ലാസിൽ / സ്കൂളിൽ ശേഖരിച്ചുവെച്ച് ഫെബ്രുവരിയിൽ അവ ഉചിതമായ ലേ-ഔട്ട്, പുറംചട്ട എന്നിവയോടെ പ്രസിദ്ധീകരിക്കാൻ ആവശ്യമായ പിന്തുണാസംവിധാനം അധ്യാപകരും പി.ടി. എ.യും ഏറ്റെടുക്കണം. ഒരു കുട്ടി ഏറ്റവും കുറഞ്ഞത് 15 എ-4 ഷീറ്റുകളുള്ള മാസികയാണ് തയ്യാറാക്കേണ്ടത്.
- ക്ലാസ്തലത്തിലും സ്കൂൾതലത്തിലും നടത്തുന്ന വായന-രചനാ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏതാനും വായനാവിഭവങ്ങളും അവയുടെ സാമാന്യമായ പ്രയോഗരീതികളും വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനസമാഹാരമായി തയ്യാറാക്കി സ്കൂൾ തുറക്കും മുമ്പുതന്നെ ലഭ്യമാക്കും.
- സാഹിത്യവേദി പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിനുള്ള സംഘടനാസം വിധാനം സ്കൂൾ-ഉപജില്ല-ജില്ലാതലങ്ങളിൽ ജൂൺ ആദ്യവാരംതന്നെ രൂപീകരിക്കേണ്ടതാണ്. സ്കൂൾ തുറ ക്കുന്ന ദിവസംതന്നെ സ്കൂൾ വിദ്യാരംഗം ചുമതലയുള്ള അധ്യാപകനെ / അധ്യാപികയെ നിശ്ചയിക്കണം. ഉപജില്ലാതലത്തിലും ജില്ലാതലത്തിലുമുള്ള സമിതികൾ വായനാദിനത്തിനു മുമ്പായി രൂപീകരിക്കും.

വിദ്യാരംഗം കലാസാഹിത്യവേദി ക്ലാസ്-സ്കൂൾതലങ്ങളിൽ ഈ വർഷം നടത്തുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ താഴെ ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പട്ടികയായി കൊടുത്തിരിക്കുന്നു.

| തിയ്യതി / കാലയളവ് | ദിനം | പരിപാടിയുടെ പേര് | പ്രവർത്തന സൂചനകൾ |
|---|---|---|---|
| ജൂൺ 5 | ലോക പരിസ്ഥിതി ദിനം | പച്ചപ്പ് | രചനകളുടെ വായന, സ്വതന്ത്രര ചനകൾ, ചിത്രരചന, കാർട്ടൂൺ, വായനക്കാരും എഴുത്തുകാരു മായി അഭിമുഖം, കത്തെഴുത്ത്, ഡയറിക്കുറിപ്പുകൾ, ആസ്വാദ നം, കവിതാലാപനം, നാടകാവി ഷ്കാരം, കഥ പറയൽ, കഥ വായന, വാർത്ത തയ്യാറാക്കൽ, അടിക്കുറിപ്പെഴുതൽ, പ്രഭാഷ ണം, ആശംസാകാർഡ്, നാടൻപാട്ട് ശേഖരണവും അവ തരണവും, യാത്ര, ഗ്രന്ഥശാലാ സന്ദർശനം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തകപ്രദർശനം, പുസ്തകവണ്ടി, പുസ്തകപരിച യക്കുറിപ്പുകൾ, വായനാനുഭവ ങ്ങൾ, ബാഡ്ജ് നിർമ്മാണം, ഇൻലൻഡ് മാസിക, പതിപ്പു കൾ, ചുമർപത്രം, കയ്യെഴുത്തു മാസിക............ |
| ജൂൺ 19 | വായനാദിനം | വായനായനം | |
| ജൂലൈ 21 | ചാന്ദ്രദിനം | അമ്പിളിക്കാലം | |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം | സ്വാതന്ത്ര്യപ്പുലരി | |
| ചിങ്ങം 1 (ആഗസ്റ്റ് 17) | കർഷകദിനം | ചിങ്ങച്ചിന്ത് | |
| സപ്തംബർ 1 | ഓണം, ബക്രീദ് | പൂക്കളം | |
| സപ്തംബർ 5 | അധ്യാപകദിനം | എന്റെ ടീച്ചർ | |
| സപ്തംബർ 21 | ശ്രീനാരായണഗുരുസമാധി | ഗുരുസ്മരണ | |
| ഒക്ടോബർ 2 | ഗാന്ധിജയന്തി | ബാപ്പുസ്മൃതി | |
| നവംബർ 1 | കേരളപ്പിറവി ദിനം | പിറന്നാൾമധുരം | |
| നവംബർ 14 | ശിശുദിനം | പനിനീർപ്പൂ | |
| നവംബർ 20 | ബാലാവകാശദിനം | എനിക്ക്, ഞങ്ങൾക്ക് | |
| ജനുവരി 1 | പുതുവർഷദിനം | പുതുവർഷത്തുള്ളി | |
| ജനുവരി 24 | ബാലികാദിനം | ജ്യോതിസ്സ് | |
| ഫെബ്രുവരി 21 | ലോകമാതൃഭാഷാദിനം | ഭാഷോത്സവം | |

# എൽ.പി.വിഭാഗം

## ജൂൺ 5 പരിസ്ഥിതി ദിനം.

## പച്ചപ്പ്

ക്ലാസ്തലം

**പ്രവർത്തനം 1 : ചെമ്പരത്തിപ്പൂ ചുവന്നതെന്തേ?**

- പരിസ്ഥിതിദിനത്തിന്റെ തലേ ദിവസംതന്നെ ടീച്ചർ കുട്ടികളോട് ഏതെങ്കിലും ഒരു ചെടിയുടെ വിത്തു കൊണ്ടുവരാൻ പറയണം. ഏതു ചെടിയുടെ വിത്താണെന്ന് തിരിച്ചറിഞ്ഞുവേണം കൊവരുന്നത്. ഓരോരുത്തരും കൊണ്ടുവന്ന വിത്ത് ഒരു വെള്ളക്കടലാസ്സിൽ ഒട്ടിച്ച് അതിൽ വിത്തിന്റെ പേര് വലുതായി എഴുതണം. ഓരോ കുട്ടിയും അവർ കൊണ്ടുവന്ന വിത്ത് ഉയർത്തിപ്പിടിക്കണം. അപ്പോൾ ടീച്ചർ ഒരു പാട്ട് പാടിക്കൊടുക്കും.

മുത്താരംപാടത്ത് മുകൻ കൊയ്തപ്പോ
മത്തങ്ങാപോലൊരു വിത്തു കിട്ടി.
വിത്തിന്മേൽ 'അ' മുതൽ 'ക്ഷ' വരെയക്ഷരം
എത്ര വിചിത്രം തെളിഞ്ഞിരുന്നു.... (മുത്താരം....)
മുത്തച്ഛൻ കുഴി കുത്തി, മുത്തശ്ശി കുരു നട്ടു
അച്ഛൻ വള,മമ്മ നീരുമേകീ.
കണ്ണിമ പൂട്ടാതെ കാവലായ് മക്കളും;
ഉണ്ണിവിത്തയ്യാ! മുളച്ചിടുന്നൂ. (മുത്താരം....)
മുളയിട്ട നേരത്തേ മരമായിത്തീരുന്നൂ
മരമാകെയക്ഷരപ്പൂങ്കുലകൾ!
ഒന്നാകും പൂക്കുല, രണ്ടാകും പൂക്കുല
മൂന്നാം പൂങ്കുല കായ്പിടിച്ചൂ. (മുത്താരം....)

കുട്ടികളും ടീച്ചറും ചേർന്ന് പാട്ടു പാടുന്നു. തുടർന്ന് എല്ലാ വിത്തുകളും ക്ലാസിൽ പൊതുവായി പ്രദർശിപ്പിക്കുന്നു.

വിത്തുണ്ടാവുന്നതേതിൽനിന്ന് ? പൂവിൽനിന്ന്....
പൂവുണ്ടാവുന്നതെവിടെ ? ചെടിയിൽ...
ചെടിയുണ്ടാകുന്നതോ? വിത്തിൽനിന്ന്....
വിത്തുണ്ടാകുന്നതോ ?....... പൂവിൽനിന്നല്ലേ?

നിങ്ങൾക്ക് ഇഷ്ടമുള്ള പൂവേതാണ്? കുട്ടികളെല്ലാം എഴുതുന്നു. ടീച്ചർ ബോർഡിൽ /ചാർട്ടിൽ എഴുതുന്നു.
മൂന്നാം ക്ലാസിലെ ഒരു കൂട്ടുകാരൻ പൂവിനെക്കുറിച്ചെഴുതിയ രണ്ടുവരി നോക്കൂ.
ടീച്ചർ ബോർഡിലെഴുതുന്നു :

ചെമ്പരത്തിപ്പൂ ചുവന്നതെന്തേ?
നാടിനുവേണ്ടി ചുവന്നതാണേ...

ചെമ്പരത്തിപ്പൂ ചുവന്നത് നാടിനുവേണ്ടിയാണെന്ന് പറയുന്നു. അതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?
അങ്ങനെയാണെങ്കിൽ മറ്റു പൂക്കൾക്ക് അവയുടെ നിറം കിട്ടിയത് എന്തുകൊണ്ടാവും? എഴുതിനോക്കൂ...
കുട്ടികൾ എഴുതുന്നു; എഴുതിയവ അവതരിപ്പിക്കുന്നു. ക്ലാസിൽ പൊതുവായി ചർച്ച ചെയ്യുന്നു.
എല്ലാവരും എഴുതിയ വരികൾ ഒരേപോലെയായിട്ടുണ്ടോ? (വ്യത്യസ്തതയുള്ള വരികൾ ടീച്ചർ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തണം.) എല്ലാവരും എഴുതുന്നത് ഒരേപോലെയായാൽ നന്നോ?
എങ്ങനെയാണ് എഴുതേണ്ടത്? നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം എഴുതാം. ആരും എഴുതിയിട്ടില്ലാത്ത കാര്യമാകണം. ആരും എഴുതിയിട്ടില്ലാത്തപോലെയാകണം.

കുട്ടികൾ നേരത്തേ എഴുതിയ രചനകൾ മെച്ചപ്പെടുത്തുകയോ പുതിയ രചനകൾ എഴുതുകയോ ചെയ്യുന്നു. അവ അവതരിപ്പിക്കുന്നു. രചനകളിൽ വന്ന മാറ്റങ്ങൾ ചർച്ചയിലൂടെ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഓരോ കുട്ടിയും രചന പുതിയ കടലാസിലെഴുതി ടീച്ചർക്ക് കൈമാറുന്നു. (ഇവ അവരുടെ കയ്യെഴുത്തുമാസികയിലേക്കുള്ള രചനകളാണ്.)
പൂക്കളെക്കുറിച്ചെഴുതിയ കവിതകൾ വായിക്കാനും സ്കൂൾ അസംബ്ലിയിൽ / സാഹിത്യവേദിയിൽ അവതരിപ്പിക്കാനും കുട്ടകൾക്ക് അവസരം നൽകണം.

**കുറിപ്പ് :** എഴുത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പറയാൻ അവസരം നൽകിക്കൊണ്ടാണ് രചനകളുടെ അവതരണവും ചർച്ചയും തുടങ്ങേണ്ടത്. കുട്ടി അങ്ങനെ പറയുന്ന കാര്യങ്ങൾ ടീച്ചർ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുകയും അവ പകർത്തിയെഴുതാൻ ആ കുട്ടികൾക്ക് അവസരം നൽകുകയും വേണം. വാചികമായി അവതരിപ്പിക്കുന്ന രചനകളിൽ തെളിയുന്ന സർഗ്ഗാത്മകതയെ ക്ലാസിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അഭിനന്ദിക്കാനും ഇവരുടെ വാചികരചനകളെ എഴുതി മാസികാശേഖരത്തിലേയ്ക്ക് ചേർക്കാനും മറക്കരുത്.

**പ്രവർത്തനം 2 : പ്രകൃതിയുടെ സമ്മാനം**

- മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും സുഖമായി ജീവിക്കാൻ പ്രകൃതി എന്തെല്ലാം ഒരുക്കിവച്ചിട്ടുണ്ട്? ആവശ്യത്തിനുമാത്രം ഉപയോഗിക്കുക, ഒന്നും നശിപ്പിക്കാതെ വരുംതലമുറയ്ക്കായി കാത്തു വയ്ക്കുക. .

പ്രകൃതി നമുക്കു കരുതിവച്ച സൗഖ്യങ്ങളെക്കുറിച്ച് പി.മധുസൂദനൻ എഴുതിയ ഈ കവിത വായിക്കൂ. ടീച്ചർ കവിത ചൊല്ലുന്നു. കുട്ടികൾ ഒന്നിച്ച് ഏറ്റുചൊല്ലട്ടെ. കവിതയുടെ പേര് ആദ്യം പരിചയപ്പെടുത്തേതില്ല.

**സമ്മാനം**

പൂപോലെയുള്ള നിലാവു തന്നു..
പൂവിൽ മധുരം നിറച്ചുതന്നു..
ആകാശമെന്ന കുടയ്ക്കു കീഴിൽ
ആയിരം വർണോത്സവങ്ങൾ തന്നു..
മേടിന്റെ പച്ചപ്പരപ്പു തന്നു..
കാടിന്റെ നീലമേലാപ്പു തന്നു..
കാർമുകിലിന്റെ കനിവു തന്നു..
വാർമഴവില്ലിൻ കസവു തന്നു..
ആളിപ്പടരുവാനഗ്നി തന്നു..
ആഴിയിൽ വെള്ളം നിറച്ചു തന്നു..
............................................................
............................................................
നീയെൻ പ്രപഞ്ചമേ ജീവനായി-
ത്തന്നതെന്തെല്ലാമനുഗ്രഹങ്ങൾ!

പി.മധുസൂദനൻ

കവിതയുടെ ഉള്ളടക്കം കണ്ടെത്താൻ സഹായിക്കുന്ന ചർച്ചനടത്തണം.

- പ്രകൃതി നമുക്കായി ഒരുക്കിവച്ചിട്ടുള്ള എന്തെല്ലാം അനുഗ്രഹങ്ങളാണ് കവി കണ്ടെത്തിയത്?
- പ്രകൃതി ആയിരം വർണോത്സവം നമുക്കായി സൃഷ്ടിക്കുന്നതെങ്ങനെ?
- കാർമുകിലിന്റെ കനിവ്! എന്താണത്?
- പൂപോലെയുള്ള നിലാവ്! നിലാവിനും പൂവിനും തമ്മിൽ എന്തൊക്കെ സാമ്യം?
- പൂപോലെയുള്ള നിലാവ് എന്നുകേൾക്കുമ്പോൾ മനസ്സിൽ വരുന്ന പൂവ് ഏതാണ്?
- വാർമഴവില്ലിൻ കസവ്.. ആ കസവ് തുന്നിപ്പിടിപ്പിച്ചിട്ടുള്ളത് എവിടെയാണ്?
- എങ്കിൽ ആ പുടവ ആരുടേതാണ്?
- ഇനിയും എന്തെല്ലാം അനുഗ്രഹങ്ങൾ കനിഞ്ഞു തന്നിട്ടുണ്ട് പ്രകൃതി നമുക്ക്? എഴുതിനോക്കൂ.
- അവയിലേതെങ്കിലും ഒന്നിനെക്കുറിച്ച് രണ്ടോ നാലോ വരി കണ്ടെത്താമോ? വിട്ടുപോയ ഭാഗത്ത് ആ വരികൾകൂടി എഴുതിച്ചേർക്കൂ.

കുട്ടികൾ വരികൾ കണ്ടെത്തി എഴുതട്ടെ. വായിച്ചവതരിപ്പിക്കട്ടെ.

വരികളുടെ ഔചിത്യം, ഭംഗി, പദച്ചേർച്ച, ശബ്ദഭംഗി... എന്നിവയെല്ലാം അടിസ്ഥാനമാക്കി ചർച്ചയും വരികളുടെ മെച്ചപ്പെടുത്തലും നടത്തണം. ഒപ്പം, കുട്ടികളെഴുതിയ വരികൾ ചേർത്ത് മുഴുവൻ വരികളും ചൊല്ലാനും അവസരം നൽകണം. തുടർന്ന് കവിയെഴുതിയ മുഴുവൻ വരികളും പരിചയപ്പെടുത്താം.

ആറ്റിൽത്തിരയിളക്കങ്ങൾ തന്നു..
മഞ്ഞിന്റെ വെള്ളിക്കുളിരു തന്നു..
കാറ്റിന്റെ ചൂളംവിളികൾ തന്നു..
തേനിറ്റു വീഴും പഴങ്ങൾ തന്നു..

- ഇനി കവിതയ്ക്ക് തലക്കെട്ടു കണ്ടെത്തണം.
- കവിത എന്തിനെക്കുറിച്ചാണ്?
- അങ്ങനെയെങ്കിൽ നൽകാവുന്ന മികച്ച തലക്കെട്ട് എന്താണ്?
- കവിതയിൽ പറഞ്ഞ നിലാവ്, വർണോത്സവം എന്നീ വാക്കുകൾതന്നെ നൽകുന്നതാണോ, പുതിയൊരു വാക്ക് കണ്ടെത്തുന്നതാണോ നല്ലത്?
- എങ്കിൽ ആ വാക്ക് എങ്ങിനെയുള്ളതാവണം? കവിതയ്ക്ക് കൂടുതൽ ആഴത്തിലുള്ള അർത്ഥം നൽകുന്നതാവണം.

കുട്ടികൾ തലക്കെട്ടുകൾ നിർദ്ദേശിക്കട്ടെ. പ്രസക്തമായവ ബോർഡിൽ എഴുതി ചർച്ചയ്ക്ക് വിധേയമാക്കണം. തുടർന്ന് കവി നിർദ്ദേശിച്ച തലക്കെട്ട് പരിചയപ്പെടുത്തുകയും വേണം.

- കവി സമ്മാനം എന്ന തലക്കെട്ടു നൽകാൻ കാരണം എന്താവും?
- നാം കണ്ടെത്തിയ തലക്കെട്ടുകളാണോ അതോ കവി നൽകിയതാണോ കൂടുതൽ ഉചിതം? എന്തുകൊണ്ട്? ചർച്ചകൾക്കു ശേഷം കുട്ടികൾക്കായി ഒരു രചനാ അവസരം നൽകാം

**ജൂൺ 19 – ജൂലൈ 2 : വായനാപക്ഷാചരണം (ജൂലൈ 4 ബഷീർദിനം വരെ ആകാം)**

# വായനായനം

**പ്രവർത്തനം 1**

നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട അഞ്ച് ആളുകൾ ആരെല്ലാമെന്ന് എഴുതു.

കുട്ടികൾ എഴുതിയതിനുശേഷം ഓരോരുത്തരായി വായിക്കുന്നു.
എഴുത്തിലും വായനയിലും പിന്നിൽ നിൽക്കുന്നവർക്ക് ആദ്യമാദ്യം പറയാനവസരം നൽകണം.
അമ്മ, അച്ഛൻ.... എന്നിങ്ങനെ കുട്ടികൾ പറയുന്ന പേരുകൾ ടീച്ചർ ബോർഡിൽ എഴുതുന്നു. ഒരാൾ പറഞ്ഞ പേര് മറ്റൊരാൾ പറയുമ്പോൾ ആവർത്തിച്ച് എഴുതേണ്ടതില്ല. എന്നാൽ ആ വാക്ക് തൊട്ടുകാണിച്ച് വീണ്ടും വായിക്കണം. തുടർന്ന് ടീച്ചർ ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- നിങ്ങൾ എഴുതിയതിൽ ആദ്യത്തെ പേർ ഏതാണ്?
- എല്ലാവരും അതുതന്നെയാണോ എഴുതിയത്?
- ഏറ്റവും കൂടുതൽ പേർ ആദ്യം എഴുതിയ വാക്ക് ഏതാണ്?
- എന്തുകൊണ്ടാണ് അത് ആദ്യം എഴുതിയത്?

പരമാവധി കുട്ടികൾക്ക് താൻ ഏറ്റവും അധികം ഇഷ്ടപ്പെടുന്ന വ്യക്തിയെക്കുറിച്ച് പറയാനവസരം നൽകണം. എന്തുകൊണ്ട് എന്ന് വിശദീകരിക്കാൻ കഴിയുന്നില്ലെങ്കിൽ ആവശ്യമായ സഹായം നൽകണം. പ്രത്യേകിച്ചും എഴുത്തിലും വായനയിലും പിന്നിൽ നിൽക്കുന്നവർക്ക്.....

ശരി. ഇനി നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തിയെക്കുറിച്ച് എന്താണ് മറ്റുള്ളവരോട് പറയാനുള്ളത്. അക്കാര്യം എഴുതു. ആ.. ഒരു കാര്യം രണ്ടോ മൂന്നോ വാക്യത്തിലേ എഴുതാവൂ.

കുട്ടികൾ എഴുതുന്നു. (പരമാവധി മൂന്നുനാലു മിനിറ്റ് സമയം മതി)
വായിച്ചവതരിപ്പിക്കുന്നു.
പ്രസക്തമെന്നു തോന്നുന്ന വരികൾ ബോർഡിൽ എഴുതണം. പ്രത്യേകിച്ചും പിന്നോക്കക്കാർ പറയുന്ന വാക്യങ്ങൾ. അവർ പറഞ്ഞതിലെ ചെറിയ മികവുകൾകൂടി പ്രത്യേകം സൂചിപ്പിക്കണം.
ആവട്ടെ. കുറെപേർക്ക് ഏറ്റവും ഇഷ്ടം അമ്മയോടാണ്. (ഏറ്റവും കൂടുതൽ കുട്ടികൾ ഇഷ്ടപ്പെടുന്നത് അമ്മയെയായിരിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇല്ലെങ്കിലും അമ്മയെ കൂടുതലായി ഇഷ്ടപ്പെടുന്നവർ കുറെപ്പേർ ഉണ്ടാകുമല്ലോ.)
നന്നായി. ഇനി ടീച്ചർ ഒരു ചെറിയ രചന വായിച്ചു തരാം. ശ്രദ്ധിക്കു.
ചാർട്ടിലെഴുതി പ്രദർശിപ്പിച്ച് പോയന്റർ ഉപയോഗിച്ച് വായിച്ചു കൊടുക്കണം.

എന്റെ കുടത്തിൽ നിറയാൻ
പുഴയ്ക്ക്
ഒരു പുഞ്ചിരി മാത്രം മതി.

പി.രാമൻ

ഈ കവി എന്തിനെക്കുറിച്ചാണ് എഴുതിയിട്ടുള്ളത്? (പുഴ, പുഞ്ചിരി ... എന്നെല്ലാമായിരിക്കാം ഉത്തരം)

എങ്കിൽ ഈ കവിതയ്ക്ക് ഒരു തലക്കെട്ട് കൊടുക്കു.

കുട്ടികൾ തലക്കെട്ട് എഴുതുന്നു. വായിച്ചവതരിപ്പിക്കുന്നു.
എന്തുകൊണ്ട് അങ്ങനെ ഒരു തലക്കെട്ട് നൽകി എന്ന് വിശദീകരിക്കാനവസരം നൽകുന്നു. ഒപ്പം ചർച്ചയും നടക്കണം.

ഉദാഹരണമായി ഒരു കുട്ടി 'പുഴയുടെ പുഞ്ചിരി' എന്നു തലക്കെട്ടെഴുതി. എങ്കിൽ എന്തെല്ലാം ചോദ്യങ്ങൾ ഉന്നയിക്കണം?

- പുഴ പുഞ്ചിരിക്കുമോ?
- ഇല്ലെങ്കിൽ പിന്നെ എന്താണ് പുഴയുടെ പുഞ്ചിരി?
- പുഴയിൽ വെയിലുതട്ടി പ്രതിഫലിക്കുന്നു എന്നു പറയുന്നതാണോ പുഴയുടെ പുഞ്ചിരി എന്നു പറയുന്നതാണോ അധികം ചന്തം?
- പുഞ്ചിരിക്കുന്ന പുഴ എന്നു പറയുമ്പോൾ പുഴയുടെ എന്തെല്ലാം പ്രത്യേകതകൾ നമ്മുടെ മനസ്സിലേക്ക് വരുന്നുണ്ട്?

ഇങ്ങനെ കാവ്യാസ്വാദനത്തിലേയ്ക്കു നയിക്കുന്ന ധാരാളം ചോദ്യങ്ങൾ സന്ദർഭോചിതമായി ഉന്നയിക്കണം. ചർച്ചചെയ്ത് മികച്ച തലക്കെട്ട് തെരഞ്ഞെടുക്കുകയും ആവാം. ഓരോരുത്തരും മികച്ചതായി കണ്ടെത്തിയ തലക്കെട്ട് എന്തുകൊണ്ടു മികച്ചതായി എന്ന് വിശദമാക്കാനും അവസരം നൽകണം.

എന്നാൽ രാമൻ മാഷ് നൽകിയ തലക്കെട്ട് ഇതൊന്നുമല്ല.
അദ്ദേഹം നൽകിയത് "അമ്മ" എന്നാണ്!

- അമ്മയും പുഴയും തമ്മിൽ എന്തെങ്കിലും സാമ്യം ഉണ്ടോ?
- അമ്മയിൽ നിറഞ്ഞൊഴുകുന്നതെന്താണ്?
- അമ്മയ്ക്കെന്നോട് വലിയ സ്നേഹമുണ്ട് എന്നു പറയുന്നതിനേക്കാൾ ഇങ്ങനെ പറയുന്നതുകൊണ്ട് എന്താണു ഗുണം?
- എന്റെ കുടത്തിൽ എന്നു കവി. ഏതായിരിക്കും ആ കുടം?

കുട്ടികളുടെ പ്രതികരണത്തിനനുസരിച്ച് ആവശ്യമായ ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ച ഫലപ്രദമാക്കണം.

ഇനി നിങ്ങളുടെ ഊഴമാണ്. അമ്മയെക്കുറിച്ച് നിങ്ങൾ എഴുതു. അതിൽ പുഴ, കുടം എന്നീവാക്കുകൾ ഉണ്ടാവരുത്. പരമാവധി നാലോ അഞ്ചോ വാക്യങ്ങൾ മതി.
കുട്ടികളുടെ എഴുത്തിന് അവർക്ക് ആവശ്യമായ സമയം നൽകണം.
(എഴുത്തിന് എല്ലാവർക്കും ഒരു നിശ്ചിതസമയം എന്നത് അശാസ്ത്രീയമാണ്. എന്നാൽ സമയബന്ധിതമായി പ്രവർത്തനം പൂർത്തിയാക്കാൻ വേണ്ട ഇടപെടലുകൾ നടത്തുകയും വേണം.)
രചനകളുടെ അവതരണം , ചർച്ച ഇവ ഏറെ പ്രധാനമാണ്.
രചനകളെ മുൻനിർത്തി ചോദ്യങ്ങൾ പോസിറ്റീവ് ആയി ഉന്നയിക്കണം.
പ്രതിഭയുടെ ചെറു സൂചനകളെങ്കിലുമുള്ള വരികൾ ബോർഡിലെഴുതി വീണ്ടും വായിച്ച് ചർച്ച ചെയ്യണം.

അമ്മയെക്കുറിച്ചുള്ള കൂടുതൽ രചനകളുടെ പരിചയപ്പെടലോടെയാവണം ഈ പ്രവർത്തനം അവസാനിപ്പിക്കേണ്ടത്.

**പുന്നാരയമ്മ**

കോഴിക്കുഞ്ഞേ കോഴിക്കുഞ്ഞേ നിൻ-
പുന്നാരയമ്മ യെവിടെപ്പോയ്?
മുല്ലപ്പൂ വാങ്ങാൻ കടയിൽപ്പോയ്!
കോഴിക്കുഞ്ഞേ കോഴിക്കുഞ്ഞേ നിൻ-
പുന്നാരയമ്മ യെവിടെപ്പോയ്?
കടുകും മുളകും വാങ്ങാൻ പോയ്1
കോഴിക്കുഞ്ഞേ കോഴിക്കുഞ്ഞേ നിൻ-
പുന്നാരയമ്മ യെവിടെപ്പോയ്?
ചോദിക്കല്ലേ ചോദിക്കല്ലേ, എന്റെ-
പുന്നാരയമ്മയെ ചോദിക്കല്ലേ!

ഗായത്രീദേവി.കെ. ജി.വി.എച്ച്.എസ്.എസ്. കാരാകുറുശ്ശി

അമ്മയ്ക്ക് എന്തുസംഭവിച്ചു ?
അതു നമുക്കെങ്ങനെ മനസ്സിലായി ?
നേരിട്ടു പറയുന്നതിനു പകരം ഇങ്ങനെ പറയുന്നത് നല്ലതാണോ?

**നീരുറവ**

ഞാൻ ആദ്യമായി നീരുറവ കണ്ടത്
എന്റെ അമ്മയുടെ കണ്ണിൽ നിന്നാണ്.
ഒരു വെയിലായി
എനിക്കതിനെ വറ്റിക്കാനാവുമോ?

മുർസൽ ഷാജഹാൻ, എച്ച്.എ.യു.പി.എസ്.അക്കര, കാവശ്ശേരി

വേനൽ പലപ്പോഴും അത്ര സുഖകരമല്ല. നീരുറവ വറ്റിക്കുന്ന വെയിൽ ഒട്ടും നന്നല്ല.
എന്നാൽ ഇവിടത്തെ വേനലോ? വെയിലോ?

(വാക്കുകൾക്ക് അതിനില്ലാത്ത പുതിയ അർത്ഥം ഉണ്ടാക്കി കൊടുക്കാൻ കവിക്കു കഴിയും. വാക്കുകളുടെ സാമാന്യ അർത്ഥത്തെ മറിച്ചിടുമ്പോഴാണ് കവിത പിറക്കുന്നത്.)

**പ്രവർത്തനം 2**

**കുഞ്ഞനുറുമ്പിന്റെ കൂടുതകർത്തപ്പോൾ....**

കുഞ്ഞനുറുമ്പിന്റെ കൂടുതകർത്തപ്പോൾ

കുന്നോളം കുറിയരി കൂമ്പാരം
കൂടു തകർന്നൊരു കുഞ്ഞനുറുമ്പും
കെട്ട്യോളും കുട്ട്യോളും പൊടിപൂരം

കൂടുതകർത്തവരാരെല്ലാം?- കൂടെ
കുറിയരി ചിന്നിയോരാരെല്ലാം?
കുഞ്ഞനുറുമ്പും കെട്ട്യോളും കുട്ട്യോളും
എണ്ണിപ്പറഞ്ഞു കടിക്കുന്നു..

കുഞ്ഞനുറുമ്പിന്റെ കൂടുതകർത്തൊരു
കൂട്ടുകാരിന്നൊന്നറിയേണം
കൂടൊന്നു തീർക്കാൻ കുന്നോളം തൊരം
വീടാക്കി മാറ്റാൻ മലയോളം തൊരം.

എം.വി.മോഹനൻ

(തൊരം=ത്വര=ബുദ്ധിമുട്ട്,ബദ്ധപ്പാട്...)

കവിത പലതവണ ഈണത്തിൽ പാടണം. കുട്ടികളും കൂടെപ്പാടട്ടെ.

"കൂടൊന്നുതീർക്കാൻ കുന്നോളം തൊരം
വീടാക്കിമാറ്റാൻ മലയോളം.."

- കൂടുണ്ടാക്കാൻ കുന്നോളം ബുദ്ധിമുട്ടണം, എങ്കിൽ വീടുണ്ടാക്കാനോ?
- എന്നാൽ വീടുണ്ടാക്കാൻ എന്നല്ല മോഹനൻമാഷ് എഴുതിയത്, പിന്നെയോ?
- വീടുണ്ടാക്കലും വീടാക്കിമാറ്റലും തമ്മിൻ എന്താണ് വ്യത്യാസം?
- വീടുണ്ടാക്കുന്നത് എന്തെല്ലാം വസ്തുക്കൾ ഉപയോഗിച്ചാണ് എന്ന് നമുക്കറിയാം എന്നാൽ വീടിനെ വീടാക്കി മാറ്റുന്നത് എന്താണ്?

എല്ലാ കുട്ടികൾക്കും പറയാനവസരം നൽകണം. പ്രത്യേകിച്ചും എഴുത്തിലും വായനയിലും ബുദ്ധിമുട്ടുള്ളവർക്ക്.

നിങ്ങൾ നിങ്ങളുടെ വീടിനെ ഇഷ്ടപ്പെടുന്നുണ്ടോ? എന്തുകൊണ്ട്? ഒന്നോ രണ്ടോ വാക്യത്തിൽ എഴുതു.
(സ്വന്തം വീടിനെ ഇഷ്ടപ്പെടുന്നില്ല എന്ന് ഒരുകുട്ടി എഴുതിയാലും അതിനെ നാം നിഷേധിക്കേണ്ടതില്ല. എന്തുകൊണ്ട് എന്ന വിശദീകരണമാണ് പ്രധാനം.)
ഓരോരുത്തരും എഴുതിയത് വായിക്കുന്നു. പ്രസക്തമായവ ബോർഡിലെഴുതണം.
ആവശ്യമെങ്കിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

(എഴുതാൻ ബുദ്ധിമുട്ടനുഭവിക്കുന്നവർ പറയുന്ന കാര്യങ്ങൾ സാവധാനം വൃത്തിയായി ഭാഷാപരമായ കുറവുകൾ പരിഹരിച്ച് ബോർഡിലെഴുതുമ്പോൾ കുട്ടിക്ക് സ്വയം വിലയിരുത്തലിനും തെറ്റുതിരുത്തലിനും അവസരം ലഭിക്കും.)

**വീട്**

നന്മകളുടെ ഉറവിടമാണ് വീട്.
അവ ഉറങ്ങുന്നതും ഉണരുന്നതും
വീട്ടിലാണ്!

വിദ്യ.സി. ജി.വി.എച്ച്.എസ്.എസ്.ചെർപ്പുളശ്ശേരി

അവ ഉറങ്ങുന്നതും ഉണരുന്നതും.....- ആരെല്ലാം?
വീട്ടിൽ നന്മകൾ ഉണരുന്നതെപ്പോഴാണ്?
ഉറങ്ങുന്നതോ?
വിദ്യ അവളുടെ വീടിനെ ഇഷ്ടപ്പെടാൻ കാരണമെന്തെന്ന് നിങ്ങൾക്കു മനസ്സിലായോ?

ഇനി ഈ രചന വായിച്ച് അതിന് ഒരു തലക്കെട്ടു കണ്ടെത്തു.

പാട്ടും പാടി ചുവടും വച്ച്
വീടു ചിരിച്ചൊരു നിൽപ്പുണ്ട്
സുന്ദരമാകും വീട്ടിൻമേലെ
വെള്ളിക്കിണ്ണമിരിപ്പുണ്ട്!

വീടിൻ മുന്നിൽ പൂച്ചെടിയുണ്ട്
പൂച്ചെടി നിറയെ പൂവുകളും
സരിഗമപധനിസ പാടുന്നുണ്ടേ
വീട്ടിന്നുള്ളിൽ കുട്ടികളും.

രമോദ്.വി. എ.യു.പി.എസ്.പുഞ്ചപ്പാടം

- ഇതിലെ ഏറ്റവും മികച്ച വരിയായി നിങ്ങൾക്കു തോന്നുന്നത് ഏതാണ്?

- വീട്ടിനു മേലെ കാണുന്ന വെള്ളിക്കിണ്ണം ഏതാണ്? (ഇവിടെ അമ്പിളി എന്ന് ഉത്തരം പറഞ്ഞേക്കാം. എന്നാൽ വീട്ടിൻമുകളിലെ വെള്ളിക്കിണ്ണം എന്നതിനെ വീടിനെ വീടാക്കുന്ന സ്നേഹം എന്ന രീതിയിലും വായിക്കാൻ കുട്ടികൾക്ക് സൂചനകൾ നൽകണം.)
- ഇതിൽ നിന്ന് രണ്ടു വരി ഒഴിവാക്കണമെങ്കിൽ നിങ്ങൾ ഒഴിവാക്കുന്ന വരി ഏതാകും? എന്തുകൊണ്ട്?
- ഈ രചനയ്ക്ക് ഒരു തലക്കെട്ടു നൽകു.
- തലക്കെട്ടിന്റെ ഔചിത്യം ചർച്ചക്കു വിധേയമാക്കണം.
- മികച്ചതു കണ്ടെത്താനവസരം നൽകണം.
- അവസാനം, രമോദ് നൽകിയ തലക്കെട്ട് വീടിന്റെ ചിരി എന്നാണ് എന്ന് പരിചയപ്പെടുത്തുകയും വേണം.

ഏതു കന്മഴുവിന്നെൻ
നെഞ്ചിന്മേൽ പതിക്കുന്നു
ഏതു കാരിരുമ്പിന്റെ
കമ്പിയെൻമൂർദ്ധാവിന്മേൽ
ഏതു കൈ വിദഗ്ദ്ധമാ-
യിടിച്ചു പൊളിക്കുന്നു
ഏറെ വേർപ്പിനാൽ ഞങ്ങൾ
പണിതൊരീ വീടിപ്പോൾ?

ഇതു ഞങ്ങൾ തൻ കണ്ണീർ-
ച്ചെളിയിൽ പണിതത്
ഇതുഞങ്ങൾ തന്നിച്ഛാ-
ദാർഢ്യത്താലുറച്ചത്
ഇതു ഞങ്ങൾ തൻ സ്നേഹം
വെൺകളിയടിച്ചത്
ഇതു പൊന്നുണ്ണിക്കാൽകൾ
വിശുദ്ധിയണച്ചത്
കല്ലടർത്തുമ്പോൾ ചീറ്റു-
മച്ഛന്റെ നിൽക്കാച്ചോര;
അമ്മ തൻ മുറിയെല്ല്
തറ പൊട്ടിക്കെത്തേങ്ങും
എൻ മുറി പൊളിക്കുമ്പോ-
ഴഗ്നിയും പ്രേതങ്ങളും
കുഞ്ഞുങ്ങളുടെയറ-
യ്ക്കകമോ തേനും നോവും;
വീഴുമീയടുക്കള
നിറച്ചുമൊരു പെണ്ണിൻ
നീറലും വാത്സല്യവും
പുകയും കിനാക്കളും.

വീടിനെക്കുറിച്ചുള്ള അവസാനത്തെ കവിത - സച്ചിദാനന്ദൻ

കവിത ചൊല്ലിക്കൊടുക്കണം.

- കുഞ്ഞുങ്ങളുടെയറയ്ക്കകമോ തേനും നോവും. കുട്ടികളുടെ അറയ്ക്കകത്ത് തേനും നോവും ഉണ്ടാവുന്ന തെങ്ങനെ?
- അടുക്കളനിറച്ചുമൊരു പെണ്ണിൻ നീറലും വാത്സല്യവും പുകയും കിനാക്കളും. ഏതു പെണ്ണിനെക്കുറിച്ചാണ് കവി സൂചിപ്പിക്കുന്നത്?

**പ്രവർത്തനം 3**

അമ്മു ഒരു ദിവസം സ്ക്കൂൾ വിട്ടുവന്ന് എഴുതിയ ഡയറി വായിച്ചു തരാം. ശ്രദ്ധിക്കു. ടീച്ചർ ശരിയായ രീതിയിൽ പദം മുറിക്കുകയും ഉദാത്താനുദാത്തങ്ങൾ പ്രയോഗിക്കുകയും ചെയ്ത് കവിത മൂന്നുനാലുതവണ ചൊല്ലിക്കേൾപ്പിക്കുന്നു. വരികൾ എഴുതി പ്രദർശിപ്പിക്കണം.

ചൊല്ലുകെന്തു ചെറു പക്ഷി നീ, കളി-
ച്ചുല്ലസിപ്പതിതുപോലെ എപ്പൊഴും
അല്ലൽ നീ അറികയില്ലയോ നിന-
ക്കില്ലയോ പറകെഴുത്തു പള്ളിയും!

ചേണിയന്ന ചിറകാർന്നൊരോമന-
പ്രാണിനിൻ തടവകന്ന ലീലകൾ
കാണുകിൽ കൊതിവരും പഠിക്കുവാൻ-
പോണു, കൊച്ചു കിളിയായതില്ല ഞാൻ!

കുമാരനാശാൻ

- ഈ കുട്ടിക്ക് സ്ക്കൂളിൽ പോകാൻ താല്പ്പര്യമുണ്ടോ? ഡയറി വായിച്ചപ്പോൾ നിങ്ങൾക്കെന്തു തോന്നി?
- എങ്ങനെ അക്കാര്യം മനസ്സിലായി?
- കുട്ടിയ്ക്ക് എന്തായിത്തീരാനാണ് കൊതി?

എന്നിങ്ങനെയുള്ള ചെറിയ ചോദ്യങ്ങൾ കൊണ്ട് കുട്ടികളെ കവിതയ്ക്കകത്തേയ്ക്ക് പ്രവേശിക്കാൻ സഹായിക്കണം. തുടർന്ന് വാക്കുകളുടെ അർത്ഥം വിശദമാക്കി ആശയം വ്യക്തമാക്കിക്കൊടുക്കണം.
അമ്മു ഈ ഡയറിയെഴുതുമ്പോൾ അവളുടെ മനസ്സിൽ സന്തോഷമാണോ സങ്കടമാണോ ഉണ്ടായിരുന്നത്?
ശരി, ഇനി അമ്മു സ്ക്കൂളിൽ പോകുന്നത് നോക്കിയിരുന്ന പക്ഷി എന്തായിരിക്കും അവളുടെ ഡയറിയിൽ എഴുതിയിട്ടുണ്ടാവുക. ഒന്നു സങ്കൽപ്പിച്ചെഴുതിനോക്കൂ.

കുട്ടികൾ ഡയറി എഴുതട്ടെ. ആവശ്യമായ സമയം നൽകണം.
തുടർന്ന വായന. ഓരോരുത്തരുടെയും ഡയറിയെക്കുറിച്ച് മറ്റുള്ളവർക്ക് അഭിപ്രായം പറയാനവസരം നൽകണം.
എഴുതിയ ഡയറിക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെടുത്തി കയ്യെഴുത്തുമാസികാശേഖരത്തിലേയ്ക്ക്...

മറ്റാരും ചിന്തിക്കാത്ത രീതിയിൽ സങ്കൽപ്പ ഡയറിയെഴുതാൻ സാധിച്ചത് ആർക്കാണ്?
കുട്ടികൾ കണ്ടെത്താൻ ശ്രമിക്കട്ടെ. ഇതേദിവസം പക്ഷിയെഴുതിയ ഈ ഡയറി വായിക്കൂ.

*ഇന്നു രാവിലെ അമ്മുവിനെ കണ്ടപ്പോൾ എനിയ്ക്ക് അസൂയയാണ് തോന്നിയത്. പുതിയ ബാഗ്, കുട, പുസ്തകങ്ങൾ എന്തെല്ലാമാണ് അവൾക്കവളുടെ അമ്മ വാങ്ങിക്കൊടുത്തിട്ടുള്ളത്! അവൾ അടുത്തു വരുമ്പോൾത്തന്നെ പുത്തൻ പുസ്തകത്തിന്റെ മണം. എനിക്കെന്തിഷ്ടമാണെന്നോ ആ മണം! സ്ക്കൂളിൽ കൂട്ടുകാരോടൊത്ത് അവൾ ആടിയും പാടിയും രസിക്കുന്ന കാഴ്ച ദൂടെ മരക്കൊമ്പിലിരുന്ന് ഞാൻ കൺനിറയെ കണ്ടു.*
*വൈകുന്നേരം സ്ക്കൂൾ വിട്ടു വരുമ്പോഴും അവൾ കൂട്ടുകാരോടൊത്ത് തമാശകൾ പറഞ്ഞ് ചിരിക്കുകയായിരുന്നു. അമ്മുവിനിനി എന്നും സ്ക്കൂളിൽ പോകാം. എനിയ്ക്കു പോകാൻ ഒരു സ്ക്കൂളില്ലല്ലോ എന്നതാണ് എന്റെ ഏറ്റവും വലിയ സങ്കടം.*

**പ്രവർത്തനം 4**

കഴിഞ്ഞ അവധിക്കാലത്ത് നിങ്ങൾക്കുണ്ടായ ഏറ്റവും സന്തോഷകരമായ അനുഭവം എന്തായിരുന്നു ?
കുട്ടികൾ ഒന്നു കുറിച്ചുവച്ചതിനു ശേഷം ഓരോരുത്തരായി പറയട്ടെ.
കുട്ടികൾ പാർക്കിൽ പോയതോ സിനിമ കണ്ടതോ ഒക്കെ പറയാനാണ് സാധ്യത എന്നു കരുതുന്നു. മറിച്ചുള്ള അഭിപ്രായവും ഉണ്ടായേയ്ക്കാം.
ഇനി ഒരു അവധിക്കാലത്തെപ്പറ്റി വായിക്കൂ.
കുട്ടികൾ മോഹനകൃഷ്ണൻ കാലടിയുടെ '*ഉസ്ക്കൂൾ*' എന്ന കവിത സംഘമായി വായിക്കുന്നു.
തുടർന്ന് കുട്ടികളോടൊപ്പം ടീച്ചറും കൂടുന്നു.

**ഉസ്കൂൾ**

ഉസ്കൂളടച്ചാൽ പുലർച്ചയ്ക്കുണരുവാൻ
ആരും വിളിക്കേണ്ടായിരുന്നു.
കണ്ട പറമ്പിലെ കാണായ മാവിനെ
കല്ലെറിയും പണിയായിരുന്നു.
പച്ചയായാലും ചതഞ്ഞതാണെങ്കിലും
പങ്കിടുമ്പോഴേ പഴുത്തിരുന്നു.
കുപ്പായമില്ലാത്ത നെഞ്ചത്തൊലിക്കുവാൻ
എത്ര രുചിത്തർക്കമായിരുന്നു.
ചാറ് പുരണ്ട വിരൽ തുടയ്ക്കാനൊരു
പാവാട കൂട്ടിനുണ്ടായിരുന്നു.
കൈ മണപ്പിച്ചാൽ കലി പിടിക്കുന്നൊരു
കാറ്റും കളിക്കുവാൻ വന്നിരുന്നു.
ആരെങ്കിലും കണ്ടുവന്നാൽ കുതിച്ചോടി
വീഴുവാനും രസമായിരുന്നു.
ആ മുറിവെല്ലാമുണക്കിക്കരിച്ചത്
നേരോ നുണയോ പകൽക്കിനാവോ?

ഉസ്കുൾ തുറന്നാൽ പുലർച്ചയ്ക്കുണരുവാൻ
ഏറെ വിളിക്കണമായിരുന്നു.

മോഹനകൃഷ്ണൻ കാലടി

- നിങ്ങളുടെ അവധിക്കാലം ഇങ്ങനെയൊക്കെയാണോ?
- കുപ്പായമില്ലാത്ത നെഞ്ചത്തൊലിക്കുവാൻ
  എത്ര രുചിത്തർക്കമായിരുന്നു. രുചിത്തർക്കം! എന്താണ് ഈ രുചിത്തർക്കം?

- ഇത്തരം തർക്കം നിങ്ങൾക്കിടയിലുണ്ടോ?
- കയ്യിന് കലിപിടിപ്പിക്കുന്ന മണമുണ്ടായതെങ്ങനെയാവും?
- ആരെങ്കിലും കണ്ടുവന്നാൽ കുതിച്ചോടി
  വീഴുവാനും രസമായിരുന്നു. വീഴുവാൻ രസമാണോ? എന്താണ് അങ്ങനെ പറഞ്ഞതിന് അർത്ഥം?

ഒരു കുട്ടി ഈ കവിത വായിച്ചതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ ഒരു പ്രസംഗം വായിക്കു.

**അങ്ങനെ ഒരു അവധിക്കാലത്ത്**

സ്നേഹം നിറഞ്ഞ അധ്യാപകരെ, പ്രിയപ്പെട്ട കൂട്ടുകാരെ, എല്ലാപേർക്കും നമസ്ക്കാരം. ഞങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വിഷയമെന്ന നിലയിലായിരിക്കും അങ്ങനെ ഒരു അവധിക്കാലത്ത് എന്നൊരു വിഷയം സംസാരിക്കാനായി തെരഞ്ഞെടുത്തു തന്നത്. പക്ഷെ അത്ര രസകരമാണോ നമ്മുടെ അവധിക്കാലം?

തീർച്ചയായും ഒരുപാട് രസമുണ്ടായി അവധിക്കാലത്ത്.

മീനാക്ഷിച്ചേച്ചിയുടെ ദുബായിലെ വീട്ടിലേക്ക് വിരുന്നു പോയത്, ഒട്ടകത്തിന്റെ പുറത്തു കയറി സവാരി ചെയ്തത്, അവിടെയുള്ള വലിയ മാളുകളിലും പാർക്കിലും ചേച്ചിയോടൊപ്പം ചുറ്റിനടന്നത്, ഹോട്ടലിൽ കയറി കുൽച്ചയും കുബ്ബൂസും കഴിച്ചത് എല്ലാം ഈ അവധിക്കാലത്ത് എനിക്ക് വലിയ സന്തോഷം തന്ന അനുഭവങ്ങളായിരുന്നു. അമ്മച്ഛന്റെ നാട്ടിൽ പൂരത്തിനു പോയതും മാങ്ങയും ചക്കയും ഇഷ്ടംപോലെ തിന്നതും മറക്കാനേ കഴിയില്ല. അങ്ങനെ നോക്കിയാൽ അവധിക്കാലം എറ്റവും രസകരമായിരുന്നു.

എന്നാൽ പഴയ ഒരു അവധിക്കാലത്തെക്കുറിച്ച് ഒരു കവിത അച്ഛൻ ചൊല്ലിത്തന്നപ്പോഴാണ് ഇന്നത്തെ നമ്മുടെ അവധിക്കാലം എത്ര നിറംകെട്ടതാണ് എന്ന് എനിക്കുതോന്നിയത്.

മോഹനകൃഷ്ണൻ കാലടി എഴുതിയ ആ കവിത തുടങ്ങുന്നത് ഇങ്ങനെയാണ്.

*ഉസ്ക്കൂളടച്ചാൽ പുലർച്ചയ്ക്കുണരുവാൻ*
*ആരും വിളിക്കേണ്ടായിരുന്നു.*
*കണ്ട പറമ്പിലെ കാണായ മാവിനെ*
*കല്ലെറിയും പണിയായിരുന്നു.*

സ്ക്കൂളല്ല കെട്ടോ, ഉസ്ക്കൂൾ, തനി നാട്ടിൻ പുറത്തുകാരന്റെ ഉസ്ക്കൂൾ. ഒരുപാട് കൂട്ടുകാരുള്ള, എന്തുകിട്ടിയാലും പങ്കിട്ടെടുക്കുന്ന, വീഴ്ചയിലും മുറിവിലും എല്ലാം പരസ്പരം ആശ്വസിപ്പിക്കുന്ന ഒരു കുട്ടിക്കാലം,

കാറ്റിനോടും കിളികളോടും കൂട്ടുകൂടുന്ന അവധിക്കാലം.

അച്ഛനും അമ്മയും ടിക്കറ്റെടുത്ത് കൊണ്ടുപോയിരുന്ന പാർക്കല്ലായിരുന്നു അന്ന് കളിസ്ഥലം.

കണ്ട പറമ്പുകളെല്ലാം അന്ന് കളിസ്ഥലമായിരുന്നു.

കൂട്ടുകാർക്കൊപ്പമായിരുന്നു അന്ന് കളി.

ഇന്ന് ആ കളിസ്ഥലങ്ങളെല്ലാം ആരോ കയ്യേറിയിരിക്കുന്നു.

അച്ഛന്റെയോ അമ്മയുടെയോ കൂടെയല്ലാതെ നാട്ടിൻ പുറത്തു പോലും ഞങ്ങൾക്ക് പുറത്തിറങ്ങാൻ ഭയമാണ്.

അവധിക്കാലത്തിന്റെ ഏറിയ പങ്കും വീട്ടിനകത്ത് അടച്ചിടുകയാണ് ഞങ്ങളെ.

പുറത്തുവിടാൻ അച്ഛനമ്മമാർക്കും പേടിയാണ്. പാർക്കിലോ ഹോട്ടലിലോ എവിടെയായാലും അവർ കൂട്ടം തെറ്റാതെ കൂടെനിർത്തുന്നു.

എങ്കിലും അച്ഛന്റെ കൂടെ, അമ്മയുടെ കൂടെ, ചേച്ചിയുടെ കൂടെ കളിച്ചു നടന്ന അവധിക്കാലത്തെ ആ കുറച്ചു നേരം ഞങ്ങൾ ആഘോഷമാക്കുന്നു.

ചാറ് പുരണ്ട വിരൽ തുടയ്ക്കാൻ പാവാട കൂട്ടിനുള്ള, കാറ്റു കളിക്കുവാൻ കൂടുന്ന, രസിച്ച് കുതിച്ചോടി വീഴുവാനും ആ മുറിവെല്ലാം ഒരു പകൽസ്വപ്നം പോലെ ഉണക്കിക്കരിക്കാനും കഴിയുന്ന ഒരു അവധിക്കാലം,

ഞങ്ങൾ കുട്ടികൾക്ക് സ്വതന്ത്രമായി കളിക്കാനും ചിരിക്കാനും പിണങ്ങാനും ഇണങ്ങാനും എല്ലാം അവസരമുള്ള ഒരു അവധിക്കാലം വരുമെന്ന പ്രതീക്ഷയോടെ,

എന്റെ ഈ വാക്കുകൾ ശ്രദ്ധിച്ച എല്ലാപേർക്കും നന്ദിയറിയിച്ച് നിർത്തുന്നു, നമസ്ക്കാരം.

ഇനി നിങ്ങൾ നിങ്ങളുടെ അവധിക്കാലാനുഭവം എഴുതു.
കഥയോ കവിതയോ ഡയറിയോ കത്തോ എന്തുമാകാം.
കുട്ടികൾ തയ്യാറാക്കിയ രചനയിൽ നിന്ന് പ്രസക്തമായ ഒന്നോ രണ്ടോ തെരഞ്ഞെടുത്ത് എഡിറ്റിങ്ങിന് വിധേയമാക്കണം.

വ്യക്തിഗതമായ രചനകൾ മെച്ചപ്പെടുത്തി കയ്യെഴുത്തുമാസികാശേഖരത്തിലേക്ക്...

**പ്രവർത്തനം 5**

അഞ്ചും പത്തും കുട്ടികളൊരുമി-
ച്ചൊറ്റക്കുട ചൂടി
അങ്ങനെയങ്ങനെ കണ്ടും കേട്ടും
നടന്നു നീങ്ങുമ്പോൾ

കാറ്റും മഴയും തമ്മിലെതിർത്തി-
ട്ടടിപിടി കൂടീട്ട്
അവരിരുപേരും ചേർന്നാക്കുടയെ
താമരപോലാക്കി
............................................................
............................................................
............................................................
............................................................

നിമ്മി കൃഷ്ണൻ - തേൻകുടുക്ക

നിമ്മികൃഷ്ണന്റെ കവിത ക്ലാസിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ സ്വയം വായിക്കുന്നു. തുടർന്ന് കുട്ടികളും ടീച്ചറും ചേർന്ന് വരികൾ പാടുന്നു. പിന്നെ ചില ചോദ്യങ്ങൾ:

- നിങ്ങൾ മഴയത്ത് കൂട്ടുകാരോടൊപ്പം ഒന്നിച്ച് ഒരുകുടയിൽ ചേർന്നു നടക്കാറുണ്ടോ?
- എല്ലാപേർക്കും സ്വന്തമായി കുടയില്ലാത്തതുകൊണ്ടാണോ അങ്ങനെ ചെയ്യുന്നത്?
- കൂടുതലാളുകൾ ഒന്നിച്ചൊരു കുടയിൽ ചേർന്നു നടക്കുമ്പോൾ എല്ലാവരും നനയില്ലേ? എന്നിട്ടും എന്തിനാണ് അങ്ങനെ ചെയ്യുന്നത്?
- ഒന്നിച്ചു നടന്നുപോകുന്ന കുട്ടികളുടെ കുട താമരപോലാക്കുന്ന കാറ്റിന്റെ സ്വഭാവത്തെക്കുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായമെന്താണ്?
- എന്നാൽ അങ്ങനെ കാറ്റിനും മഴയ്ക്കും കുട്ടികളെ തോൽപ്പിക്കാനാവുമോ?

ഇല്ല എന്നാണ് നിമ്മിയും പറയുന്നത്. അവൾ കവിത അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്:

"അങ്ങിനെ മഴയെ, കാറ്റിനെയൊക്കെ
തോൽപ്പിച്ചൊരുനാളിൽ."

എങ്ങനെയായിരിക്കും കുട്ടികൾ കാറ്റിനെയും മഴയെയും തോൽപ്പിച്ചിട്ടുണ്ടാവുക?

കുട്ടികൾ വ്യക്തിപരമായി എഴുതട്ടെ. ഓരോരുത്തരും വായിക്കുന്നു. കുട്ടികൾ പറയുന്ന അഭിപ്രായങ്ങൾ ടീച്ചർ ബോർഡിലെഴുതണം. ഒപ്പം ചെറിയ ചർച്ചയും ആവാം.

കുട്ടികൾ കണ്ടെത്തിയ ആശയത്തെ അടിസ്ഥാനമാക്കി ഈ കവിതയിൽ ചേർക്കാവുന്ന രണ്ടു വരികൾ എഴുതട്ടെ.
എഴുതിയ വരികളുടെ അവതരണത്തോടൊപ്പം ചർച്ചയും നടത്തണം.
മികച്ച വരികൾ കണ്ടെത്തുകയും ആവാം.

തുടർന്ന് നിമ്മി എഴുതിയ വരികൾ പരിചയപ്പെടുത്തുന്നു.

കുട്ടികളെല്ലാം കുടയാവഴിയിൽ
വലിച്ചെറിഞ്ഞോടി
അങ്ങിനെ മഴയെ, കാറ്റിനെയൊക്കെ
തോൽപ്പിച്ചൊരുനാളിൽ.

ഈ വരികൾ കൂടിച്ചേർത്ത് വീണ്ടും കവിത ചൊല്ലുന്നു.

- യഥാർത്ഥത്തിൽ ഈ കവിത കുട്ടികളെ നനച്ച കാറ്റിനെയും മഴയെയും കുറിച്ചു മാത്രം പറയുന്നതാണോ?
- മനുഷ്യരുടെ ഇടയിൽ ഇത്തരക്കാരെ കണ്ടെത്താനാവുമോ?
- ഒരുമിച്ചു നിൽക്കുന്ന മനുഷ്യരെ ജാതിയുടെ, മതത്തിന്റെ,ഭാഷയുടെ എല്ലാം പേരിൽ വേർതിരിക്കാൻ ശ്രമിക്കുന്നവരെ എന്തുചെയ്യണമെന്നാണ് നിമ്മിയുടെ അഭിപ്രായം?

നിമ്മി ഈ കവിതയ്ക്ക് നൽകിയ തലക്കെട്ട് 'വികൃതിമഴ' എന്നാണ്.
അതിലും മികച്ച അർത്ഥപൂർണ്ണമായ ഒരു തലക്കെട്ടു കണ്ടെത്തു.
കണ്ടെത്തിയ തലക്കെട്ടുകൾ അവതരിപ്പിക്കാനും ചർച്ചചെയ്യാനും അവസരം നൽകണം.

**പ്രവർത്തനം 6**

മഴ നമുക്കെല്ലാം ഏറ്റവും ഇഷ്ടപ്പെട്ട ഒരു അനുഭവമാണ്. അതുകൊണ്ടുതന്നെ മഴയെപ്പറ്റി പറയാനും നമുക്കിഷ്ടമാണ്. പക്ഷെ മഴ വരുന്നത് എല്ലാപേരും കാണുന്നത് ഒരേപോലെയല്ല.
ഉദാഹരണമായി പൊന്നാനിയിൽ താമസിച്ചിരുന്ന ഇടശ്ശേരി മഴ വരുന്നത് കണ്ടതെങ്ങനെയാണ് എന്ന് കേൾക്കൂ.

പേരാറ്റു നീരായ ചെമ്പിച്ച പൈക്കളെ
ധാരാളമാട്ടിത്തെളിച്ചുകൊണ്ടങ്ങനെ
എത്തി കിഴക്കൻമല കടന്നിന്നലെ
ഇത്തീരഭൂവിൽ കറുത്ത ചെട്ടിച്ചികൾ
കറുത്ത ചെട്ടിച്ചികൾ-ഇടശ്ശേരി

വരികൾ ചാർട്ടിൽ പ്രദർശിപ്പിക്കണം. ടീച്ചർ കുട്ടികൾക്ക് വായിച്ചുകൊടുക്കണം.
കിഴക്കൻ മലകടന്ന് വരുന്ന കറുത്ത ചെട്ടിച്ചികൾ ആരാണ്?
അവർ തെളിച്ചുകൊണ്ടു വരുന്ന ചെമ്പിച്ച പൈക്കളോ?

'വേനലിൽ ഒരു മഴ' എന്ന പി.ഭാസ്ക്കരന്റെ കവിതയിൽ മഴ വരുന്നതു നോക്കൂ.

എന്നും കളവുരചെയ്യും വിണ്ണിൽ
കണ്ണിൽ നിന്നൊരു ജലബിന്ദു
പൊട്ടിച്ചിതറിയണഞ്ഞു മണ്ണിൽ
പെട്ടെന്നൊരു പെരുമഴ വന്നു.

വിണ്ണ്, അതായത് ആകാശം കളവു പറയുമോ? പിന്നെ എന്താണ് അങ്ങനെ പറഞ്ഞത്?

പി.രാമൻ തന്റെ മഴയനുഭവം പറയുന്നതിങ്ങനെയാണ്:

**വേനൽ മഴ**

ഓടിന്റെ ചൂടിൽപ്പതിച്ചു, പിന്നെ
ഓട്ടുംപുറത്തൂന്നു താഴെവീണു.
എന്റെ കൈവെള്ളേലിറാലുവെള്ളം
ഇത്തിരിച്ചൂടോടെ ഉമ്മവച്ചു.

കൈവെള്ളയിൽ ഇറാലുവെള്ളം വീണു എന്നു പറയുന്നതാണോ 'എന്റെ കൈവെള്ളേലിറാലു വെള്ളം ഇത്തിരിച്ചൂടോടെ ഉമ്മവച്ചു' എന്നു പറയുന്നതാണോ കൂടുതൽ സുഖം? എന്തുകൊണ്ട്?

വെള്ളം ഉമ്മവയ്ക്കുകയൊന്നും ഇല്ല. എന്നാലും ഇങ്ങനെ പറയുന്നത് നമുക്കിഷ്ടമാണ്. ഇങ്ങനെ പറയുമ്പോൾ മഴയുടെ എന്തെല്ലാം അനുഭവങ്ങളാണ് നമുക്കു പ്രത്യേകമായി കിട്ടുന്നത്?

കണ്ണൂരുകാരിയായ രാഖി എന്നകുട്ടി മഴയെക്കുറിച്ചുള്ള കവിതയ്ക്കു പേരിട്ടിരിക്കുന്നത് തെയ്യം എന്നാണ്!

**തെയ്യം**

മലകയറിത്തെയ്യങ്ങൾ വാനിലെത്തി
മഴമേഘം മാനത്തിരുണ്ടു കൂടി
മഴ പെയ്തു തെയ്യം മുഖം കഴുകി
മലവെള്ളം ചാന്തായി മണ്ണിലെത്തി
രാഖി.യു.കെ

തെയ്യത്തിന്റെ ചിത്രം കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു.

- ഇതിൽ ഏറ്റവും പ്രകടമായി കാണുന്ന നിറം ഏതാണ്?
- മലകയറിവന്ന തെയ്യങ്ങൾ ഏതായിരിക്കും?
- തെയ്യം മുഖം കഴുകി- എപ്പോഴാണ് കുട്ടിക്ക് തെയ്യം മുഖം കഴുകി തോന്നിയത്?
- എന്തായിരിക്കും അങ്ങനെ തോന്നുവാനുള്ള കാരണം?
- മലവെള്ളത്തിന് ചോപ്പുനിറമുണ്ടായതെങ്ങനെയാണ്?

(പൂതം മുറുക്കിത്തുപ്പിയിട്ടാണ് തെച്ചിപ്പൂവൊക്കെ ചോക്കണത് എന്ന് ഇടശ്ശേരി പൂതപ്പാട്ടിൽ പറയുന്നുണ്ട്.)

ഒരേ മഴ, ഓരോരുത്തർക്കും ഓരോ അനുഭവം നൽകുന്നു. വേറിട്ട അനുഭവം വേറിട്ട രീതിയിൽ പറയാനും നമുക്കു കഴിയണം.
എം.ടി.വാസുദേവൻ നായരുടെ ഈ അനുഭവം കൂടി വായിക്കൂ. (ഉച്ചത്തിൽ വായിക്കണം)

**മഴ പെയ്യണ പെയ്യലില്....**

സ്ക്കൂൾ തുറക്കുന്നതോടെതന്നെ മുടങ്ങാതെ കാലവർഷവും തുടങ്ങും. മിക്ക ദിവസവും സ്ക്കൂളിലെത്തുമ്പോഴേക്കും പകുതി നനഞ്ഞിരിക്കും. നാലുമണിക്ക് സ്ക്കൂൾവിട്ടു പോകുമ്പോഴാണ് മഴ ഘോഷം

കൂട്ടിപ്പെയ്യുന്നത്. പറക്കുളംകുന്നു കഴിഞ്ഞ് മലമക്കാവിലെ മേച്ചിൽപ്പുറത്തെത്തുമ്പോഴാണ്, രാവിലെ കളിയായി വെള്ളം കുടഞ്ഞുപോയ കാലവർഷം ഈറയോടെ ശരിക്കും നനയ്ക്കുന്നത്. കുട ചെരിച്ചു പിടിക്കാൻ കൂടെവരുന്ന കാറ്റ് സമ്മതിക്കില്ലല്ലോ.

പെരുമഴ വരുന്നതു കാണാം. അകലത്തെ താഴ്വാരത്തിൽ നിന്ന് കയറി മേച്ചിൽപ്പുറത്തിന്റെ അറ്റത്ത് ഇളകുന്ന ഒരു തിരശ്ശീലപോലെ അൽപനിമിഷങ്ങൾ അതു നിൽക്കുന്നു. മേയുന്ന കന്നാലികൾ അപ്പോഴേയ്ക്കും കൂട്ടംകൂടിക്കഴിഞ്ഞിരിക്കും. അസ്വസ്ഥതയോടെ അമറുകയും മഴയെ തടുക്കാനെന്നോണം കൊമ്പു താഴ്ത്തിപ്പിടിക്കുകയും ചെയ്യുന്നതു കണ്ടാൽ ഉറപ്പിക്കാം, വരുന്നത് പേമഴയാണെന്ന്. ആകെ നനച്ചിട്ടേ, കിഴക്കേ ചെരുവിലിറങ്ങി, പാടം കടന്ന് പുഴയ്ക്കു മുകളിലെത്തൂ. വരുന്നതുപോലെ മഴ പോകുന്നതും ഞങ്ങൾക്കു കാണാം. പുസ്തകക്കെട്ടു നനയാതിരിക്കാൻ ഷർട്ടിനകത്ത് നെഞ്ചിൻകൂടോടടുപ്പിച്ച്, കുട കാറ്റിൽ പിടിവിട്ടുപോവാതെ പതുക്കെപ്പതുക്കെ നടക്കണം. ഞങ്ങൾക്കതു ശീലമായിരുന്നു......

ഇങ്ങനെ മഴതന്നെ എത്ര വൈവിധ്യത്തോടെയാണ് നമുക്കോരോരുത്തർക്കും അനുഭവപ്പെടുന്നത്! നിങ്ങളുടെ മഴയനുഭവം ഇതിൽ നിന്നൊക്കെ വ്യത്യസ്തമാവും.
വ്യത്യസ്തമായ ആ അനുഭവം എഴുതൂ.
മറ്റാരും എഴുതാത്തതരത്തിൽ എഴുതാൻ ശ്രദ്ധിക്കണേ...
കുട്ടികൾ എഴുതിയ മഴയനുഭവം വായിച്ച് ചർച്ച ചെയ്യണം.
സാധ്യതയുള്ളവ എഡിറ്റിങ്ങിനു വിധേയമാക്കി വിശകലന ചർച്ച നടത്തുകയും വേണം.

**പ്രവർത്തനം 7**

ഒരു കടങ്കവിത വായിക്കൂ

*ചെടിയിൽ വിടരാത്ത പൂവ്*
*തൊടിയിൽ പൂക്കാത്ത പൂവ്*
*ചൊകചൊകെയുള്ളൊരു പൂവ്*
*ചോര തുടിക്കുന്ന പൂവ്*
*വാടാതെ നിൽക്കുന്ന പൂവ്*
*കായായി മാറാത്ത പൂവ്*
*മുടിയിൽ വിടരുന്ന പൂവ്*
*ഞൊടിയിൽ കൊഴിയാത്ത പൂവ്*
*ചൊടിയുള്ള കേമന്റെ പൂവ്*
*ചുണയുള്ള ചേകോന്റെ പൂവ്*
*വിരിയും പുലരിയിൽ നമ്മെ*
*വരവേറ്റിടുന്നൊരു പൂവ്*

എടപ്പാൾ സി.സുബ്രഹ്മണ്യൻ

കുട്ടികൾ കവിത സ്വയം വായിക്കട്ടെ. തുടർന്ന് ടീച്ചർ വായിച്ചുകൊടുക്കുന്നു. കുട്ടികൾ ഒന്നിച്ചു ചൊല്ലുന്നു. ഇനി എല്ലാവരും കടങ്കവിതയ്ക്ക് ഒരു തലക്കെട്ടുകണ്ടെത്തട്ടെ. കണ്ടെത്തിയ തലക്കെട്ടുകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. വായനയിലും എഴുത്തിലും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആദ്യം അവസരം നൽകണം. ഓരോ തലക്കെട്ടിനും ആവശ്യമായ വിശദീകരണം നൽകാൻ കുട്ടികൾക്ക് അവസരമുണ്ടാവണം. എല്ലാ തലക്കെട്ടുകളും ബോർഡിൽ എഴുതണം. അതിൽ നിന്ന് ഏറ്റവും മികച്ച ഒരെണ്ണം കുട്ടികൾതന്നെ തെരഞ്ഞെടുക്കട്ടെ. *പൂവന്റെ പൂവ്* എന്ന തലക്കെട്ടാണ് കവി ഇതിനുനൽകിയിട്ടുള്ളത് എന്ന് പരിചയപ്പെടുത്താനും മറക്കരുത്.

ഇതാ മറ്റൊരു കടങ്കഥാപ്പാട്ട്.

*ചൂടാത്തൊരു കുട, ചോരാത്തൊരുകുട*
*കമ്പില്ലാക്കുട, കാലുള്ളൊരുകുട*
*ആനപ്പുറമതിലേറില്ലാ കുട*
*ആളുകൾ കണ്ട് കൊതിക്കുന്നു കുട*
*തൂവെള്ളക്കുട, തൂമയെഴും കുട*
*തുരുതുരെയങ്ങു നിരക്കുന്നു കുട*
*വാനിൽ കാറുകളെത്തും നേരം*
*താനേ പൊട്ടിമുളയ്ക്കുന്നു കുട*
*ഇടിവെട്ടുമ്പോൾ നിവരുന്നു കുട*
*ഇല പോഴിയുംപോൾ കൂമ്പുന്നു കുട*

(തൂമയെഴും കുട എന്നാൽ ഭംഗിയുള്ള കുട എന്നാണെന്ന് വിശദമാക്കാൻ മറക്കരുത്)

ഈ കുടയേതാണെന്ന് മനസ്സിലായില്ലേ? ഇനിയിതാ മറ്റൊരുതരം കടങ്കഥ.

ചോദ്യം : നീലക്കായലിലിളകും തിരയിൽ നീരില്ലാ നിലയില്ല
നീരുചേരാക്കായലേതെന്നിത്തിരിപ്പൂവേ..
ഇത്തിരിപ്പൂവേ..
ഉത്തരം : തീരമില്ലാക്കായലകലെ-
ക്കാണുമാകാശം.. കാണുമാകാശം

ഇനി മറ്റൊന്ന്

പന്ത്രാളുകൾ കാവൽനിൽക്കും
ചന്തമിയന്നൊരു കൊട്ടാരം
വലിയമ്മാനും ചെറിയമ്മാനും
റോന്തുനടക്കും കൊട്ടാരം
കൊട്ടാരത്തിൽ നിന്നുമിടയ്ക്കിടെ
മണിയടികേൾക്കാം കട്ടായം
എതേതാണീ കൊട്ടാരം
ആരാരോതും കേൾക്കട്ടെ.

കടംകവിതകളുടെ എറ്റവും പ്രധാന സവിശേഷത അതിന്റെ താളമാണ്. കാരണം താളത്തിലുള്ള വരികൾ ഒർത്തിരിക്കാൻ എളുപ്പമാണ്. കടങ്കഥയ്ക്കു തന്നെയും ഒരു താളക്രമം ഉണ്ട്.

എന്നാൽ താളം മാത്രം മതിയോ? പോരാ. പിന്നെ

1. കടങ്കഥയിൽ നമ്മെ ആകർഷിക്കുന്ന ഒരു കുസൃതി ഉണ്ടാവണം,
2. ആകുസൃതിച്ചോദ്യത്തിന് ഒരു യുക്തിയുണ്ടാവണം.
3. ഉത്തരം കിട്ടുമ്പോൾ ഓ.. ഞാനിങ്ങനെ ഇതുവരെ ചിന്തിച്ചില്ലല്ലോ..! എന്ന തോന്നലുണ്ടാവണം
4. ഇതിനെല്ലാം പുറമെ നല്ല കിലുക്കമുള്ള ഭാഷയുണ്ടാവണം.(ആവർത്തിച്ചു വരുന്ന അക്ഷരങ്ങളെക്കൊണ്ടും വാക്കുകളെക്കൊണ്ടുമാണ് ഭാഷ കിലുങ്ങുന്നത്)

ഇനി നിങ്ങൾക്കിഷ്ടമുള്ള ഒരു വസ്തുവിനെക്കുറിച്ച് ഒരു കടങ്കവിത തയ്യാറാക്കൂ.

കുട്ടികൾ തയ്യാറാക്കിയ കടങ്കവിതകൾ ചൊല്ലിയവതരിപ്പിക്കട്ടെ. അവയിലെ താളം, കാവ്യയുക്തി എന്നിവയെ മുൻനിർത്തി വിശകലനവും മെച്ചപ്പെടുത്തലും നടത്തണം.

**പ്രവർത്തനം 8**

പൂത്തുനിൽക്കുന്ന പൂച്ചെടിയുടെ ചുറ്റും കാറ്റ് ചുറ്റിപ്പറ്റി നടക്കുന്നത് കിട്ടില്ലേ? അപ്പോൾ പൂവ് കാറ്റിനോട് എന്തോ ഒരു സ്വകാര്യം പറഞ്ഞിട്ടുവും. എന്താവും അത്? ഊഹിക്കാമോ? എഴുതിനോക്കൂ. രണ്ടോ മൂന്നോ വാക്യത്തിൽ ഒതുക്കി എഴുതണേ.

(കുട്ടികൾ പൂവ് കാറ്റിനോടുപറഞ്ഞ സ്വകാര്യം എഴുതട്ടെ. എഴുത്തിൽ ബുദ്ധിമുട്ടു നേരിടുന്നവർക്ക് ആദ്യം പറയാനവസരം നൽകണം. കുട്ടികൾ പറഞ്ഞതിൽ വളരെ പ്രസക്തമെന്നു തോന്നുന്നവ (കാവ്യാത്മകമെന്നു തോന്നുന്നവ) ബോർഡിൽ എഴുതണം. ഓരോന്നിനെക്കുറിച്ചും ചെറിയ ചർച്ചയും ആകാം.)

ഇനി ഈ കവിത കേൾക്കൂ. (കവിത ബോർഡിൽ എഴുതി പ്രദർശിപ്പിക്കണം. കുട്ടികൾക്ക് ചൊല്ലിക്കൊടുക്കുകയും പലതവണ ഒന്നിച്ച് ഏറ്റുപാടാൻ അവസരം നൽകുകയും വേണം.)

*സ്വകാര്യം*

*ഇ.എൻ.ഷീജ*

*പുലർകാലം പാട്ടുകൾ പാടി*
*സൂര്യൻ നറു പുഞ്ചിരി തൂകി*
*പുതുപൂവുകൾ കണ്ണുതുറന്നു*
*കുതുകം പൂണ്ടുദയം കണ്ടു.*
*കുളിരോലും കുശലം ചൊല്ലാ-*
*നണയുന്നൊരു കാറ്റിനു നേരെ*
*നനവാർന്നൊരു മിഴികളുയർത്തി*
*നറുപൂവുകളെന്തോ ചൊല്ലി.*

നറുപൂവുകൾ ചൊല്ലിയതെന്താണ്?
നാലുവരികൾ കൂടിക്കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കൂ.

(കുട്ടികൾ എഴുതിയ വരികൾ പാടി അവതരിപ്പിക്കട്ടെ. താളത്തിലുള്ള വരികൾ ഏറ്റുചൊല്ലാൻ എല്ലാപേർക്കും അവസരമൊരുക്കണം. വരികളെക്കുറിച്ച് അഭിപ്രായങ്ങൾ പറയാനും മെച്ചപ്പെടുത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും സഹായിക്കുന്നവിധത്തിൽ ക്ലാസിലെ ചർച്ചകൾ നയിക്കണം.)
പുള്ളിപ്പാവാട ചുറ്റി മറ്റൊരു കൂട്ടുകാരി അപ്പോഴേക്കും പൂവിനടുത്തേക്കു വന്നു. ആരായിരിക്കും അത്? അവളോട് പൂവ് എന്താണ് പറഞ്ഞിട്ടുവുക?
എഴുതിനോക്കു.
താളത്തിലുള്ള വരികളാണ് എങ്കിൽ കൂട്ടുകാരൊന്നിച്ച് പാടൂ.

**പ്രതിദിനം ഒരു പുസ്തകം - പുസ്തകപരിചയം**

- സ്കൂൾ അസംബ്ലിയിൽ ജൂൺ 19 മുതൽ വായനായനം പൂർത്തിയാകുംവരെ ഒരു പുസ്തകം പരിചയപ്പെടുത്തണം. മലയാളഭാഷയിലെ പ്രമുഖ കൃതികളെ പരിചയപ്പെടുന്നതിനുള്ള അവസരമായി ഇത് പ്രയോജനപ്പെടണം. എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ, ആശാൻ, വള്ളത്തോൾ, തകഴി, ബഷീർ തുടങ്ങിയവരുടെ കൃതികൾ ഉൾപ്പെടുത്താം. കുട്ടികൾക്ക് ഒറ്റ കേൾവിയിൽ മനസ്സിൽത്തങ്ങിനിൽക്കുന്ന ഭാഗങ്ങളാണ് വായിക്കേണ്ടത്. വായിക്കുന്ന ഭാഗത്തെക്കുറിച്ചും, ആ കൃതിയെ/പുസ്തകത്തെ/എഴുത്തുകാരനെ പരിചയപ്പെടുത്തുന്ന വിധത്തിലും ഒരു ലഘുവിവരണം വേണം. എൽ.പി. യു.പി.ക്ലാസുകാർക്ക് പൊതുവേ മനസ്സിലാകുന്ന രചനകളാണ് നല്ലത്.
- ക്ലാസിൽ ചില രചനകളുടെ വായനയും ആസ്വാദനവും എല്ലാ ദിവസവും നടക്കണം. സ്കൂൾ ലൈബ്രറിയിലെ ലഭ്യതയ്ക്കനുസരിച്ച് മാറ്റങ്ങളാകാം. കഴിയുമെങ്കിൽ ചെറിയ രചനകളോ, രചനാഭാഗങ്ങളോ ആകുന്നത് വായനയെ സഹായിക്കും. കഥ, കവിത, നോവൽ, യാത്രാവിവരണം, ആത്മകഥ, അനുഭവം തുടങ്ങിയ വിവിധ സാഹിത്യവിഭാഗങ്ങൾ പരിഗണിക്കുക.
- സ്കൂൾതലത്തിലും സാഹിത്യവേദിയുടെ പ്രത്യേക യോഗങ്ങൾ ചേർന്നും ക്ലാസിലെ ഭാഷാ പിരിയഡുകളും സർഗ്ഗവേളകളും പ്രയോജനപ്പെടുത്തിയും ഈ പ്രവർത്തനം നടക്കണം.

**എന്റെ വായന ഇന്ന് - ഡയറി**

- 'എന്റെ വായന ഇന്ന്' എന്ന പേരിൽ ഈ ദിവസങ്ങളിൽ എല്ലാ കുട്ടികളും അവർക്ക് ലഭിച്ച വായനാനുഭവങ്ങളെ കേന്ദ്രീകരിച്ച് ഡയറി എഴുതുകയും അവയിൽ രണ്ടോ മൂന്നോ കുറിപ്പുകൾ എല്ലാ ദിവസവും ക്ലാസിൽ വായിക്കുകയും വേണം. ക്ലാസ് തലത്തിലും സ്കൂൾ/സാഹിത്യവേദി തലത്തിലും മികച്ച ഡയറിക്കുറിപ്പുകൾ ചേർത്ത് ഒരു 'വായനാഡയറിപ്പതിപ്പ്' വായനായനത്തിന്റെ സമാപനത്തിൽ തയ്യാറാക്കണം.
- വ്യക്തിഗത വായനാഡയറിക്കുറിപ്പ് അവരുടെ മാസികാശേഖരത്തിലേക്ക്.

**പുസ്തകപ്രദർശനം**

- സ്കൂൾതലത്തിൽ പുസ്തകപ്രദർശനം ഒരുക്കണം. ഇതിന് നല്ല മുന്നൊരുക്കങ്ങൾ ആവശ്യമാണ്.
- സ്കൂൾ / ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ തരംതിരിച്ച് പ്രദർശിപ്പിക്കണം.
- പരമാവധി രക്ഷിതാക്കൾ പുസ്തകപ്രദർശനത്തിനെത്തണം. അതിനുവേണ്ട പ്രവർത്തനം പി.ടി.എ.യുമായി ചേർന്ന് നടപ്പാക്കാം.

**സഞ്ചരിക്കുന്ന ലൈബ്രറി**

- വായനായനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരു സഞ്ചരിക്കുന്ന ലൈബ്രറി സജ്ജീകരിക്കണം.
- ഒരു ചെറിയ ട്രോളി ഇതിനുവേണ്ടി വാങ്ങാൻ പി.ടി.എ.യ്ക്ക് കഴിയും.
- ഓരോ ദിവസവും ക്ലാസ്മുറികളിലേയ്ക്ക് സഞ്ചരിക്കുന്ന ലൈബ്രറി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് (ഉച്ചയ്ക്ക് ഇന്റർവെൽ ആണ് ഏറ്റവും യോജിച്ചത്) ക്ലാസുകളിൽ എത്തണം. സമയപരിധിക്കകത്ത് പൂർത്തിയാക്കാവുന്ന വിധം ഇന്ന ക്ലാസ് ഇന്ന ദിവസം എന്ന നിലയിൽ റൂട്ട് നിശ്ചയിക്കണം.
- ട്രോളിയിൽ പുസ്തകം നിറയ്ക്കൽ, ട്രോളിയുടെ നിയന്ത്രണം, പുസ്തകം വിതരണം ചെയ്യൽ, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തൽ, മുൻദിവസം കൊടുത്ത പുസ്തകം തിരിച്ചുവാങ്ങൽ തുടങ്ങിയവയ്ക്കെല്ലാം കുട്ടികളെ ചുമതലപ്പെടുത്തണം.
- ഓരോ ദിവസവും ഓരോ ക്ലാസ്സിലെ കുട്ടികൾക്ക് ചുമതല നൽകാം.
- ഈ സഞ്ചരിക്കുന്ന ലൈബ്രറി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമായി മാറ്റാം.

**ക്ലാസ് വായനാമരം**

ക്ലാസ് ചുമരിൽ വലിയൊരു ചാർട്ട് പേപ്പറിൽ നിറയെ കൊമ്പുകളുള്ള ഒരു വായനാമരം. ഓരോ ദിവസവും ഒന്നോ രണ്ടോ കുട്ടികൾക്ക് അവർ വായിച്ച പുസ്തകത്തിന്റെ പേര് ഒരു ഇല വരച്ചുചേർത്ത് ആ ഇലയ്ക്കുള്ളിൽ എഴുതാം. മരത്തിന്റെ കടയ്ക്കൽ വായിച്ച കുട്ടിയുടെ പേരുംഎഴുതണം. ആവർത്തനം ഒഴിവാക്കണം. ഓരോ ദിവസവും ഇല കൾ കൂട്ടിച്ചേർക്കണം. വായനായനം പൂർത്തിയാകുമ്പോൾ നിറയെ പുസ്തകയിലകളുള്ള ഒരു വായനാമരം തയ്യാർ.



**ഗ്രന്ഥശാലാ സന്ദർശനം**

സ്കൂളിനടുത്തുള്ള ഗ്രന്ഥശാല / വായനശാല സന്ദർശിക്കൽ. അവിടെ സ്ഥിരമായി എത്തുന്ന വായനക്കാരോടുള്ള അഭിമുഖവും അവരുടെ വായനാനുഭവങ്ങൾ പങ്കുവെയ്ക്കലും. സ്കൂൾ ലൈബ്രറിയിലില്ലാത്ത പുസ്തകങ്ങൾ പരി ചയപ്പെടൽ, അംഗത്വമെടുക്കൽ തുടങ്ങിയവ വായനായനത്തിന്റെ ഭാഗമായി നടത്താൻ ശ്രമിക്കണം.

**അമ്മവായന**

- അമ്മമാരുടെ / രക്ഷിതാക്കളുടെ വായനക്കൂട്ടായ്മയ്ക്ക് തുടക്കം.
- അവർക്ക് സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കാൻ അവസരമൊരുക്കൽ.

- അവരുടെ വായനാനുഭവങ്ങൾ സ്കൂൾ അസംബ്ലിയിലോ സാഹിത്യവേദിയിലോ അവതരണം.
- അമ്മമാരുടെ/രക്ഷിതാക്കളുടെ/വീട്ടിലെ മറ്റു മുതിർന്നവരുടെ വായനക്കുറിപ്പുകൾ കുട്ടികൾ അവരുടെ കൈയെഴുത്തുമാസികയ്ക്കായി ശേഖരിക്കൽ.

- ➢ വായന, കഥ പറയൽ, കവിതാലാപനം, ആസ്വാദനക്കുറിപ്പുകൾ, ദൃശ്യാവിഷ്കാരം, ചിത്രരചന, കഥാരചന, കവിതാരചന എന്നിവയ്ക്കെല്ലാം യോജിച്ച അനുഭവങ്ങൾ കുട്ടികൾക്കു ലഭിക്കാൻ സഹായിക്കുന്ന വായനാവിഭവങ്ങളാണ് കുട്ടികൾക്ക് നൽകേണ്ടത്.
- ➢ സംഘവായനയും സംഘപ്രതികരണവും പ്രോത്സാഹിപ്പിക്കണം.
- ➢ ക്ലാസ്തലത്തിലും സ്കൂൾതലത്തിലും പരമാവധി സർഗ്ഗാവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ വായനാപക്ഷാചരണം പ്രയോജനപ്പെടുത്തുമല്ലോ.
- ➢ രൂപപ്പെടുന്ന ആസ്വാദനക്കുറിപ്പ്, കഥ, കവിത, ചിത്രം ഇവയെല്ലാം കുട്ടികളുടെ വ്യക്തിഗത കൈയെഴുത്തുമാസികയിലേയ്ക്കുള്ള ഉത്പന്നങ്ങളായി മാറ്റിവെയ്ക്കണം. സംഘരചനകൾ അംഗങ്ങൾക്ക് പകർത്തിയെടുത്ത് അവരുടെ മാസികയിലേയ്ക്കുള്ള വിഭവമായി പരിഗണിക്കാം.
- ➢ പച്ചപ്പ്, വായനായനം എന്നീ രണ്ടു ദിനാചരണപ്രവർത്തനങ്ങളിലൂടെ സ്കൂൾ സർഗ്ഗോത്സവത്തിലേയ്ക്ക് ഓരോ ക്ലാസിൽനിന്നുമുള്ള പ്രതിനിധികളെ കണ്ടെത്താൻ കഴിയും. നാടൻപാട്ട് എന്ന ഇനത്തിനുമാത്രം സ്കൂൾതലത്തിൽ ക്ലാസുകളിൽനിന്ന് തത്പരരായ കുട്ടികളെ നേരിട്ടു കണ്ടെത്തിയാൽ മതിയാകും.

### ജൂലൈ 21 – ചാന്ദ്രദിനം

## അമ്പിളിക്കാലം

ചന്ദ്രനുമായി ബന്ധപ്പെട്ട കവിതകളുടെയും കഥകളുടെയും വായനയും ചർച്ചയുമാണ് ചാന്ദ്രദിനത്തിൽ സാഹിത്യവേദി ഏറ്റെടുക്കേണ്ടത്. ചന്ദ്രനെക്കുറിച്ചുള്ള കടങ്കഥകൾ, നാടോടിക്കഥകൾ തുടങ്ങിയവ പരിചയപ്പെടാനുള്ള അവസരവും വേണം.
ചന്ദ്രനെക്കുറിച്ചും നിലാവിനെക്കുറിച്ചും പരാമർശമുള്ള ചലച്ചിത്രഗാനങ്ങൾ (പ്രസക്തമായ വരികൾ) കുട്ടികൾ കണ്ടെത്തി അവതരിപ്പിക്കുന്ന പ്രവർത്തനത്തോടെ അമ്പിളിക്കാലത്തിന് തുടക്കമിടാം.

പതിവായി പൗർണ്ണമിതോറും പടിവാതിലിനപ്പുറമെത്തി
കണിവെള്ളരി കാഴ്ചവെയ്ക്കും കനകനിലാവേ! (പി.ഭാസ്കരൻ)

കരിമുകിൽക്കാട്ടിലെ രജനിതൻ മേട്ടിലെ
കനകാംബരങ്ങൾ വാടീ, കടത്തുവള്ളം യാത്രയായീ
കരയിൽ നീ മാത്രമായി (പി.ഭാസ്കരൻ)

ഗോപുരനടയിൽ വാസന്തചന്ദ്രൻ
ഗോരോചനക്കുറി വരച്ചു (പി.ഭാസ്കരൻ)

വെണ്ണിലാച്ചന്ദനക്കിണ്ണം പുന്നമടക്കായലിൽ വീണേ
കുഞ്ഞിളംകൈകൾ കൊണ്ട് കോരിയെടുക്കാൻ വാ...

ഇതുപോലെ പഴയതും പുതിയതുമായ ഗാനശകലങ്ങളെല്ലാം കുട്ടികൾ പാടി അവതരിപ്പിക്കട്ടെ.

**അമ്പിളിയമ്മാമനെക്കുറിച്ചുള്ള ചില രചനകളുടെ വായനയും ചർച്ചയും**

**അമ്പിളിമാമാ കൂടിക്കോ...**

അനുഹവ കെ.
4, ജി.എം.എച്ച്.എസ്.എസ്. കാലിക്കറ്റ് യൂനി.വേഴ്സിറ്റി കാമ്പസ്

മാമൻ :

മൊട്ടക്കുന്നിൽ നിന്നു കളിക്കും
കുട്ടിക്കെന്താ ഇത്ര രസം?
മൊട്ടക്കുന്നിൽ കുട്ടിക്കാരാ
ഇത്രേം വലിയൊരു കൂട്ട്?

കുട്ടി:

പൂമ്പാറ്റകളും പക്ഷികളും
മൊട്ടക്കുന്നിൻ കുട്ടികള്
ഇക്കാണുന്നൊരു കല്ലും മുള്ളും
നീർച്ചാലുകളും കുട്ടികളാ...

മാമൻ :

കുട്ട്യേ, ഞാനും കൂടട്ടേ,
നിന്നോടൊപ്പം കൂടട്ടേ?

കുട്ടി :

അമ്പിളിമാമാ കൂടിക്കോ
ചക്കരമുത്തം തന്നിട്ട്...

അങ്ങനെ അമ്പിളിമാമൻ കുട്ടിയുടെ കൂടെ കളിക്കാനെത്തി. രണ്ടുപേരും മുറ്റത്ത് കളി തുടങ്ങി. പിന്നെ എന്തൊക്കെയുണ്ടായിട്ടുണ്ടാകും? തുടർന്നു നടന്ന കളി, അതിനിടയ്ക്ക് അമ്പിളിമാമനും കുട്ടിയും തമ്മിലുണ്ടായ സംഭാഷണം, കളി കാണാൻ അടുക്കളയിൽനിന്ന് ഓടിവന്ന അമ്മയും ചേച്ചിയും ഏട്ടനും... അങ്ങനെയങ്ങനെ എന്തെല്ലാം... നിങ്ങൾക്ക് അതെല്ലാം സങ്കല്പിച്ച് എഴുതാമോ?
(എഴുതാൻ വിഷമമുള്ളവരെക്കൊണ്ട് ആദ്യം പറയിച്ച് അവ എഴുതിയെടുക്കണം)

ഇനി നമുക്ക് ഒരു സംഭാഷണം വായിക്കാം. ഗ്രൂപ്പിൽ ഈ സംഭാഷണം വായിക്കാൻ നൽകുന്നു.

**ഹലോ, മാമനല്ലേ?**

അക്ഷയ് അരവിന്ദ്
4, എ.എൽ.പി.എസ്. മണ്ണമ്പറ്റ

കിർണിം..കിർണിം.. കിർണീം...
അമ്പിളിമാമൻ : ഹലോ! ആരാ?
അക്ഷയ് : ഞാനാ, അക്ഷയ് അരവിന്ദ്. ഭൂമീന്നാ. മാമയ്ക്ക് മനസ്സിലായോ?
മാമൻ : മനസ്സിലായില്ലല്ലോ കുട്ടീ.
അക്ഷയ് : ഞാനേയ്, മണ്ണമ്പറ്റ സ്കൂളിലെ നാലാം ക്ലാസിൽ പഠിക്കണ കുട്ടിയാ...
മാമൻ : എന്താ മോനേ, ഇപ്പൊ വിളിക്കാൻ കാരണം?
അക്ഷയ് : ഇന്നലെ ഞങ്ങൾ ഇവിടെ മാമയെക്കുറിച്ച് ഒരുപാടു കാര്യങ്ങൾ പഠിച്ചു. മാമയുടെ കുടുംബത്തെക്കുറിച്ച് കുറേ കാര്യങ്ങൾ കാസറ്റിൽനിന്ന് മനസ്സിലാക്കി.
മാമൻ : അതെയോ! ഒരുപാട് അകലെയുള്ള എന്നെക്കുറിച്ചും നിങ്ങൾ പഠിക്കുന്നുണ്ടല്ലേ?
അക്ഷയ് : അതേ മാമാ... ഇന്നലത്തെ ദിവസത്തെക്കുറിച്ച് മാമന് ഓർമ്മയുണ്ടോ? പണ്ട് ഇവിടുന്ന് മാമന്റടുത്തേയ്ക്ക് ഞങ്ങടെ മൂന്നു മാമന്മാർ വന്നില്ലേ? അവർ പറയുകയാണ്, അവിടെ ഒരു ജീവിയും ഇല്ലാന്ന്.
മാമൻ : ഓ, ശരിയാ... ആ ആംസ്ട്രോങ്ങിനെ എനിക്ക് നല്ല ഓർമ്മ ണ്ട്. അവരു പറഞ്ഞത് ശരിയാ.. ന്റടുത്ത് വായൂം വെള്ളോം ഒന്നൂല്യ. അതോണ്ടാ ഇവിടെ ജീവികളൊന്നും ഇല്ലാത്തത്.
അക്ഷയ് : ഞങ്ങള് സ്കൂളിൽ പോവുമ്പോഴൊക്കെ മാമനെ നോക്കാറുണ്ട്. അപ്പൊഴൊന്നും മാമനെ കാണാറില്ലല്ലോ. അപ്പോ മാമനെവിട്യാ പോണേ?
മാമൻ : ഞാനെവിടെയും പോകുന്നില്ലല്ലോ. സൂര്യന്റെ വെളിച്ചം ള്ളതോണ്ടാ എന്നെ രാവിലെ നിങ്ങള് കാണാത്തത്.

അക്ഷയ് : മാമന്റെ വീട്ടിലേയ്ക്ക് വരാൻ ഞങ്ങള് ഇന്ത്യക്കാർ 'ചന്ദ്രയാൻ' എന്ന വാഹനമുണ്ടാക്കിക്കൊണ്ടിരിക്കുകയാ...
മാമൻ : മോനും എന്റെ വീട്ടിലേയ്ക്ക് വരില്ലേ?
അക്ഷയ് : ഉം... മാമനെ എനിക്ക് വല്യ ഇഷ്ടമാ... ഞാൻ വരാൻ നോക്കാം.
ഈ സംഭാഷണം ആദ്യം വായിച്ച കവിതയിൽനിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. (ഗദ്യമാണ്, പദ്യമാണ് എന്ന വേർതിരിവിനേക്കാൾ ഊന്നൽ നൽകേണ്ടത് ആശയത്തിലും അവതരണത്തിലുമുള്ള വ്യത്യാസങ്ങളാണ്. ഒന്നാമത്തെ കവിതാവായനയെത്തുടർന്ന് കുട്ടികൾ എഴുതിയ രചനകളും ഈ ഫോൺ സംഭാഷണവുമായി താരതമ്യം ചെയ്യാൻ ഉപയോഗിക്കാം.
കുട്ടികളുടെ രചനകൾ കയ്യെഴുത്തുമാസികയിലേക്കുള്ള വിഭവങ്ങളായി മാറ്റണം.

**കടങ്കഥ**

"നാഴൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം...നാലഞ്ചു തുമ്പകൊണ്ട് മാനത്തൊരു പൊന്നോണം."
അമ്പിളിയമ്മാമനെക്കുറിച്ചും നിലാവിനെക്കുറിച്ചും (വേണമെങ്കിൽ ആകാശം, നക്ഷത്രം, ഇരുട്ട്, രാത്രി തുടങ്ങിയവയെക്കുറിച്ചു കടങ്കഥകളാകാം) കടങ്കഥകളുണ്ടാക്കാൻ കുട്ടികളോടു പറയാം. മികച്ച കടങ്കഥകൾ ക്ലാസിലെ ഒരു ചുമർപത്രമായി മാറ്റുക.

**ചിത്രരചന**

ചന്ദ്രൻ, നക്ഷത്രങ്ങൾ, നിലാവ്, രാത്രി തുടങ്ങിയ ആശയങ്ങൾ ചിത്രങ്ങളാക്കി മാറ്റാം. ചിത്രരചന

## ആഗസ്റ്റ് 6 മുതൽ 15 വരെ - ഹിരോഷിമ-നാഗസാകി ദിനങ്ങൾ, ക്വിറ്റ് ഇന്ത്യാ ദിനം, സ്വാതന്ത്ര്യദിനം

# സ്വാതന്ത്ര്യപ്പുലരി

ഹിരോഷിമാദിനവും നാഗസാകി ദിനവും യുദ്ധത്തിനെതിരായ സാഹിത്യരചനകൾ വായിക്കാനും രചിക്കാനുമുള്ള അവസരങ്ങളായി മാറണം. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമൂല്യങ്ങളിലേയ്ക്കും വിവിധ മേഖലകളിൽ നടക്കുന്ന സ്വാതന്ത്ര്യനിഷേധത്തെക്കുറിച്ചുള്ള തിരിച്ചറിവിലേയ്ക്കും കുട്ടികളെ നയിക്കുന്ന വായനാപ്രവർത്തനങ്ങളാണ് ക്വിറ്റ് ഇന്ത്യാ ദിനം മുതൽ ഒരാഴ്ചക്കാലം നടക്കേണ്ടത്. യുദ്ധത്തിനെതിരായ ചിന്തയും സ്വാതന്ത്ര്യത്തിനുള്ള അഭിവാഞ്ഛയും പരസ്പരബന്ധമുള്ളവയാണ് എന്ന ആശയം കുട്ടികളിൽ എത്തുന്ന തരത്തിൽ ക്ലാസ്തല പ്രവർത്തനങ്ങളും സ്കൂൾതല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യണം. സർഗ്ഗാത്മകരചനകൾ, പ്രഭാഷണം, ആലാപനം, ദൃശ്യാവിഷ്കാരം, ചിത്രരചന, ചുമർപത്ര നിർമ്മാണം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് സാധ്യതയുള്ള ആശയങ്ങളാണ് യുദ്ധവും, സ്വാതന്ത്ര്യവും.
തന്റെ നേർക്കു തിരിഞ്ഞ ക്യാമറ കണ്ടു തോക്കാണെന്നു കരുതി പേടിച്ച പെൺകുട്ടിയുടെ ചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. (ചിത്രം പ്രിന്റെടുത്തോ ലാപ്ടോപ്/പ്രൊജക്റ്റർ ഉപയോഗിച്ചോ കുട്ടികൾക്ക് കാണാൻ സൗകര്യം ഉണ്ടാക്കണം)

**ചിത്രവായന**




- കുട്ടികൾ പ്രതികരിക്കട്ടെ. സവിശേഷ പ്രതികരണങ്ങൾ ക്ലാസിന്റെ പൊതുശ്രദ്ധയിൽ കൊണ്ടുവരണം.
- ഈ കുട്ടിയുടെ മുഖം നിങ്ങളിൽ എന്തെല്ലാം തോന്നലുകൾ ഉണ്ടാക്കി?
- ഈ കുട്ടിക്ക് നമ്മളോട് എന്തെല്ലാം പറയാനുണ്ടാകും?
- എന്താവും ഈ കുട്ടിയുടെ ജീവിതസാഹചര്യം?

എഴുതിനോക്കൂ...

- എല്ലാവർക്കും എഴുതാനുള്ള അവസരം. എഴുത്തിൽ ശേഷി കുറവായ കുട്ടികൾക്ക് പറയാൻ അവസരം നൽകി ടീച്ചറോ മറ്റു കുട്ടികളോ അത് എഴുതിയെടുക്കണം.

- തയ്യാറാക്കിയ കുറിപ്പുകളുടെ വായന, ചർച്ച, മെച്ചപ്പെടുത്തൽ. കുറിപ്പുകൾ മാസികാശേഖരത്തിലേയ്ക്ക്...

സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട കവിതകളുടെയും മറ്റു സാഹിത്യരചനകളുടെയും വായനയും സ്വാതന്ത്ര്യദിനപ്പതിപ്പ് തയ്യാറാക്കലുമാണ് ക്ലാസ്തല സാഹിത്യവേദി പ്രവർത്തനങ്ങളിൽ ഉൾപ്പെടേണ്ടത്.

**സ്വാതന്ത്ര്യം - കവിതകളുടെ വായന**

മാനത്തൊക്കെപ്പാറിനടന്ന്
കാണാക്കാഴ്ചകൾ കണ്ടേനേ
പാറിനടന്ന് ക്ഷീണിച്ചെങ്കിൽ
മാങ്കനി തിന്നു രസിച്ചേനേ
വയലിൽ ചെന്നാൽ കതിരും കൊത്തി
പാട്ടും പാടിയിരുന്നേനേ
പാട്ടുകൾ പാടിത്തളരുന്നേരം
ആറ്റിൽ മുങ്ങി നിവർന്നേനേ
കുഞ്ഞിക്കാറ്റിനെ കണ്ടെന്നാകിൽ
നേരമ്പോക്കു പറഞ്ഞേനേ...
..................................................
..................................................

നീനപ്രഭ കെ. തേൻകുടുക്ക-കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

നീനപ്രഭയുടെ കവിത തലക്കെട്ടും ഒടുക്കത്തെ രണ്ടു വരികളും ഒഴിവാക്കി ക്ലാസിൽ വായിക്കാൻ നൽകുന്നു. കുട്ടികൾ സ്വയം വായിച്ച് കഴിഞ്ഞാൽ ആശയഗ്രഹണത്തിനുതകുന്ന ഏതാനും ചോദ്യങ്ങൾ ഉന്നയിക്കാം.

- ഈ കവിതയിൽ ആരാണ് കാര്യങ്ങൾ പറയുന്നത്?
- വയലിൽ ചെന്നാൽ അവൾ എന്തുചെയ്യും?
- കാറ്റിനെക്കണ്ടാൽ എന്തുചെയ്യും?
- പാട്ടുപാടി തളർന്നാന്നാലവൾ എന്തുചെയ്യും?

എന്നിങ്ങനെ....

ഈ കവിതയുടെ ഒടുക്കത്തെ രണ്ടു വരികൾ മാത്രം നിങ്ങൾ ഇപ്പോൾ വായിച്ചിട്ടില്ല. അതെന്താണെന്ന് ഊഹിച്ച് എഴുതൂ. കുട്ടികൾ ഊഹിച്ച് എഴുതട്ടെ. എഴുതിയവരികൾ വായിച്ചവതരിപ്പിക്കാം. പ്രസക്തമായവ ചർച്ചയ്ക്ക് വിധേയമാക്കണം.

- ➢ എത്രപേർ കവിത വരി ചേർത്ത് അവസാനിപ്പിച്ചു?
- ➢ മുകളിലെ വരികൾ പോലെ ഇനിയും തുടർന്നെഴുതാവുന്ന തരത്തിൽ എഴുതിയതാരൊക്കെ?
- ➢ മറ്റാരും കാണാത്ത വിധത്തിൽ പുതുമയുള്ള വരികൾ ആരെങ്കിലും എഴുതിയോ?

എന്നിങ്ങനെയുള്ള ചോദ്യങ്ങളിലൂടെ കുട്ടികൾക്ക് സ്വയം വിലയിരുത്തലിന് അവസരം നൽകാം. തുടർന്ന് 'കൂട്ടിലിങ്ങനെ..' എന്ന തലക്കെട്ട് കവിതയ്ക്കുമുകളിൽ ചേർക്കുന്നു.
നീനപ്രഭ കവിതയ്ക്കുനൽകിയ തലക്കെട്ട് 'കൂട്ടിലിങ്ങനെ..' എന്നായിരുന്നു.

- ഈ തലക്കെട്ടു വായിച്ചപ്പോൾ പക്ഷിയെക്കുറിച്ച് കൂടുതലെന്തെങ്കിലും കാര്യങ്ങൾ മനസ്സിലായോ?
- എന്തുകൊണ്ടാണ് പക്ഷി എല്ലാം 'കണ്ടേനേ, രസിച്ചേനേ, പാടിയിരുന്നേനേ....' എന്നതരത്തിൽ പറഞ്ഞത്?
- കിളിക്ക് അക്കാര്യങ്ങളെല്ലാം ചെയ്യാൻ അവസരമുണ്ടോ?
- എങ്കിൽ പക്ഷിയിപ്പോൾ എവിടെയാണ്?
- കൂട്ടിലങ്ങനെ.. എന്ന് പക്ഷിപറഞ്ഞത് ഏതു കൂടിനെപ്പറ്റിയായിരിക്കും?
- അത് അവളുണ്ടാക്കിയ കൂടായിരിക്കുമോ?
- ആരായിരിക്കും അവൾക്കു കൂടുനൽകിയത്?
- അങ്ങനെയാണെങ്കിൽ അവസാനത്തെ വരികൾ എന്തായിരിക്കണം? എഴുതു....

ഇങ്ങനെയുള്ള ചർച്ചയ്ക്കു ശേഷം കുട്ടികൾ അവസാനം ചേർക്കേണ്ട വരികൾ വീണ്ടും എഴുതുന്നു. വായിച്ച് ചർച്ച ചെയ്യുന്നു. തുടർന്ന് നീനപ്രഭയെഴുതിയവരികൾ പരിചയപ്പെടുത്തുന്നു.

*കാണാക്കാഴ്ചകൾ ഓർക്കുന്നു ഞാൻ*
*സ്വർണ്ണക്കൂട്ടിലിരിക്കുമ്പോൾ.*

വീട്ടിൽനിന്ന് പുറത്തുപോയിക്കളിക്കാൻ അവസരമില്ലാത്ത ഒരു കുട്ടി പറയുന്ന കാര്യങ്ങൾ നിങ്ങൾ എഴുതിനോക്കൂ.
എഴുത്തിനു ശേഷം അവതരണം, ചർച്ച.
ഒന്നോ രണ്ടോ രചനകൾ ചാർട്ടിലെഴുതി പൊതു ചർച്ചയിലൂടെ വിശകലനത്തിനു വിധേയമാക്കാം.
ഈ പൊതു ചർച്ചയുടെ അവസാനം എല്ലാ കുട്ടികളും രചന മെച്ചപ്പെടുത്തി എഴുതുന്നു. അവ കൈയെഴുത്തുമാസികാ ശേഖരത്തിലേയ്ക്ക്...

**സ്വാതന്ത്ര്യദിനപ്പതിപ്പ്**

- സ്കൂളിലെയും നാട്ടിലെയും ആദ്യകാല സ്വാതന്ത്ര്യദിനാഘോഷപരിപാടികളെക്കുറിച്ച് നാട്ടിലെ മുതിർന്ന വ്യക്തികളിൽ ഒന്നോ രണ്ടോ പേരുമായുള്ള അഭിമുഖം നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടാകട്ടെ ഇക്കൊല്ലത്തെ സ്വാതന്ത്ര്യദിനപ്പതിപ്പിന്റെ പ്രധാന സവിശേഷത.
- ഓരോ ക്ലാസിലും ഇത്തരം അഭിമുഖങ്ങൾ നല്ല ആസൂത്രണത്തോടെ നടത്തണം. മൂന്നോ നാലോ പതിറ്റാണ്ടു മുമ്പത്തെ ആഘോഷങ്ങളുടെ അനുഭവമുള്ളവരെയാണ് അഭിമുഖത്തിന് ക്ഷണിക്കേണ്ടത്.
- ആദ്യ സ്വാതന്ത്ര്യദിനത്തെക്കുറിച്ചു പറഞ്ഞുതരാൻ കഴിവുള്ളവർ - എൺപതു വയസ്സെങ്കിലും പ്രായമുള്ളവർ - അഭിമുഖത്തിനെത്തിയാൽ കൂടുതൽ നന്നായി.
- ഈ അഭിമുഖറിപ്പോർട്ട്, കുട്ടികളുടെ രചനകൾ, ശേഖരണങ്ങൾ, ചിത്രങ്ങൾ, സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയെല്ലാം ചേർത്ത് ക്ലാസിൽ ഒരു സ്വാതന്ത്ര്യദിനപ്പതിപ്പ് തയ്യാറാക്കണം.
- പതിപ്പിന് ഉചിതമായ പേരു നൽകണം.
- ഓരോ കുട്ടിയുടെയും ഒരു രചനയെങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.
- എഴുത്ത്, വര, മോടിപിടിപ്പിക്കൽ, തുന്നിച്ചേർക്കൽ, പുറംചട്ട ഇവയെല്ലാം കുട്ടികളുടെ സംഘങ്ങൾ ചെയ്യട്ടെ.
- പതിപ്പുകളുടെ സ്കൂൾതല പ്രകാശനം നടത്തണം.
- കൃത്യമായ വിലയിരുത്തൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച പതിപ്പുകൾ കണ്ടെത്തുവാൻ കുട്ടികളുടെ സംഘത്തെ ചുമതലപ്പെടുത്താം.

### ചിങ്ങം 1 (ആഗസ്റ്റ് 17) - കർഷകദിനം

## ചിങ്ങച്ചിന്ത്

**കർഷകരുടെ ജീവിതം പ്രമേയമായ കഥകളുടെ വായന.**
**നാട്ടിലെ കൃഷിക്കാരെ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ തയ്യാറാക്കൽ.**

- ഓരോ ക്ലാസിലുമുള്ള കുട്ടികളുടെ രക്ഷിതാക്കളിൽ കൃഷിക്കാരായവരെ പരിചയപ്പെടുത്തുന്ന ചെറു ലേഖനങ്ങളോ കുറിപ്പുകളോ തയ്യാറാക്കണം.
- 3-4 പേരുള്ള ഗ്രൂപ്പുകൾ ആയി ഈ പ്രവർത്തനം ചെയ്യാം.
- മാതൃകയ്ക്കായി പത്രങ്ങളിലും കാർഷികമാസികകളിലും പ്രസിദ്ധീകരിച്ച ചില ലേഖനങ്ങൾ ഗ്രൂപ്പിൽ വായിക്കാൻ നൽകണം.

**കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ, പ്രയോഗങ്ങൾ, നാട്ടറിവുകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ എന്നിവയുടെ ശേഖരണം**

- മൂക്കു മൂന്ന്, മുഖത്താറു കണ്ണ്, നാക്കു നാല്, നടകാലു പത്ത് എന്ന കടങ്കഥയുടെ ഉത്തരം കണ്ടെത്താനാവശ്യപ്പെട്ടുകൊണ്ട് ഈ ശേഖരണപ്രവർത്തനത്തിന് തുടക്കമിടാം. (കാളകളെ ഉപയോഗിച്ച് നിലമുഴുന്ന കർഷകൻ - ഉഴവുകാരന്റെയും രണ്ടു കാളകളുടെയും കൂടി മൂന്നു മൂക്കും ആറു കണ്ണും; മൂന്നുപേരുടെയും നാക്കിനോടു കൂടി കലപ്പയുടെ നാക്കു കൂടി ചേരുമ്പോൾ നാലു നാക്കായി. കാളകളുടെയും ഉഴവുകാരന്റെയും ആകെ കാലുകൾ പത്ത്)
- നിലം ഉഴുന്ന കർഷകനെയും കാളകളെയും കലപ്പയെയും സമഭാവനയോടെ കാണുന്നു എന്ന സവിശേഷത കൂടി കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.
- ഓരോ കുട്ടിയും ഈ ശേഖരണത്തിൽ പങ്കാളിയാകണം. വീട്ടിലെയും അയൽപക്കത്തെയും മുതിർന്നവരോടു ചോദിച്ചറിഞ്ഞാണ് വിവരശേഖരണം നടത്തേണ്ടത്.
- ക്ലാസിൽ പൊതുവായ വായനയും/അവതരണവും വേണം. ഇനം തിരിച്ച് എഴുതി മാസികാശേഖരത്തിലേയ്ക്ക്.

**കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകളുടെ ശേഖരണവും ആലാപനവും**

- ക്ലാസിൽ കൃഷിപ്പാട്ടുകളുടെ ഒറ്റയ്ക്കും കൂട്ടായുമുള്ള ആലാപനം

## സപ്തംബർ 1 – ഓണവും വലിയ പെരുന്നാളും (ബക്രീദ്)

# പൂക്കളം

**കുട്ടികളുടെ ഓണം – വായനാപ്രവർത്തനം**

"കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ
പൊട്ടിവിടർന്നൂ പൊന്നോണം"

കവി ഒളപ്പമണ്ണയുടെ ഈ വരികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.

ഈ വരികളുടെ ആശയം മൂന്നോ നാലോ വാക്യങ്ങളിലൂടെ വിശദീകരിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

വ്യക്തിഗതമായി എഴുതുന്നു.

പൊതു വായനയും ചർച്ചയും.

കുട്ടികളാണ് ആഘോഷങ്ങളുടെ കേന്ദ്രബിന്ദു. ജീവിതത്തെ എന്നും ആഘോഷം നിറഞ്ഞതാക്കാൻ കുട്ടികൾക്ക് കഴിയുന്നു. ഏതു കുറ്റിക്കാട്ടിലും പൊന്നോണമെത്തിക്കാൻ കഴിവുള്ളവരാണ് കുട്ടികൾ. ഓസ്കാർ വൈൽഡിന്റെ 'സ്വാർത്ഥിയായ രാക്ഷസൻ'എന്ന കഥ ഇവിടെ പരിചയപ്പെടുത്താം. ആ കഥ കുട്ടികളിലൊരാൾ ഉറക്കെ വായിക്കുന്നത് നന്നായിരിക്കും. (കഥ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്). ഇവിടെ പൊന്നോണം എന്ന പദം ഓണത്തിനുമാത്രമല്ല, ഏത് ആഘോഷത്തിനും ചേരും. ഓണം പൂക്കൾക്ക് പ്രാധാന്യമുള്ള ആഘോഷമായതിനാൽ കവിതയ്ക്ക് പ്രത്യേകഭംഗി ഉണ്ടാകുന്നുവെന്നു മാത്രം.

**ഞങ്ങൾ വിരിയണത്**

ആർദ്ര വി.എസ്.
3, എം.എസ്.പി.എൽ.പി.സ്കൂൾ, മലപ്പുറം

അമ്മു പൂന്തോട്ടത്തിലേയ്ക്ക് നടന്നു. അവൾ പൂക്കളുടെ അടുത്തെത്തി.

'ഞങ്ങളെയൊന്നും വേണ്ടാ, ല്ലേ?' തുമ്പപ്പൂ പരിഭവിച്ചു.

'അമ്മൂന് വിലയ്ക്ക് വാങ്ങണ പൂ മതി, ല്ലേ?' തെച്ചി മുഖം വീർപ്പിച്ചു.

'ത്തിരി മുള്ളുണ്ടെങ്കിലും ന്നെ ട്ടാലും പൂക്കളത്തിന് ഭംഗിയുണ്ടാവൂട്ടോ..' തൊട്ടാവാടി കരഞ്ഞു.

'ഞാനിവിടെ ണ്ടായിട്ട് പുറത്ത്ന്ന് വാങ്ങണ്ടേർന്നില്ല്യ'. മല്ലിക സങ്കടപ്പെട്ടു.
അമ്മൂനും കണ്ണു നിറഞ്ഞു.

'നിങ്ങൾക്കൊക്കെ വേദനിക്കില്ല്യേന്ന് കരുതീട്ടാ ഞാൻ....'

'വേദനയോ...? ഓണത്തിന് ഞങ്ങള് വിരിയണത് മാവേലിക്കു വേണ്ടീട്ടാ... കുട്ടികൾക്ക് വേണ്ടീട്ടാ... അതറീല്ല്യേ...?'

ഒളപ്പമണ്ണയുടെ വരികളും ആർദ്രയുടെ രചനയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?
രണ്ടും ചേർത്ത് വായിക്കുമ്പോൾ നിങ്ങൾക്ക് മനസ്സിൽ തോന്നുന്ന കാര്യങ്ങൾ ഒരു കുറിപ്പായി എഴുതൂ..
മികച്ച ചില കുറിപ്പുകൾ ക്ലാസിൽ വായിക്കണം.
മെച്ചപ്പെടുത്തി കൈയെഴുത്തുമാസികാശേഖരത്തിലേയ്ക്ക്.

**നല്ലോണം**

അഖില പ്രിയദർശിനി

എന്തേ കുഞ്ഞിത്തുമ്പേ, നിന്നുടെ
കണ്ണു നിറച്ചും കിന്നാരം?
മുക്കുറ്റിക്കും പൊങ്ങച്ചം, ആ
മട്ടും തരവും ബഹുകേമം.
കവിളു തുടുത്തൊരു തെച്ചിപ്പൂക്കൾ
തമ്മിൽത്തമ്മിൽ പായ്യാരം
പുഞ്ചിരി പൂത്തൊരരിപ്പൂക്കാട്ടിൽ
തുമ്പിപ്പെണ്ണു തിമർക്കുന്നൂ.
എന്താണിത്ര വിശേഷം? കേൾക്കാൻ
കൊതിയുണരുന്നൂ, പറയാമോ?
വണ്ടത്താനൊരു വമ്പു മുരണ്ടു:
'വന്നൂ ഞങ്ങടെ പൊന്നോണം!'
പൂവുകളൊക്കെത്തലാട്ടുന്നൂ;

‘ഞങ്ങടെ ഞങ്ങടെ പൊന്നോണം!’

ഞാനതു കേട്ടു ചിരിച്ചു പറഞ്ഞു:

‘നിങ്ങടെതല്ലീ തിരുവോണം.
ഓണത്തപ്പനു സദ്യയൊരുക്കാൻ
പൂവും കായും മതിയാമോ?’
പുമണമേറ്റിപ്പാറിവരുന്നൊരു
കാറ്റതു കേൾക്കെക്കലി പൂണ്ടൂ:
‘ഓണത്തപ്പനെ വരവേല്ക്കുന്നതു
കാടു തെളിക്കും മാനുഷനോ?
തമ്മിലരിഞ്ഞു നിരത്തിയൊതുക്കി-
ത്തീർക്കും ചോരപ്പൂക്കളമോ?
നന്മകൾ പൂക്കും നാളിതുകൂടി-
ക്കരിപൂശാനായ് തരുവാനോ?’
എന്നിലെ വമ്പുകൾ തല താഴ്ത്തുമ്പോൾ,
പതിയെത്തിരികെ നടക്കുമ്പോൾ
നേരും നെറിവുംമാത്രം പൂക്കും
കാടിതു മെല്ലെയിരമ്പുന്നൂ.
പൂപ്പുട ചുറ്റിയ പാരിതു കാൺകെ
പൂപോൽ നന്മകൾ വിടരട്ടേ.

ഈ കവിതയിലെ ആശയം ഓണാഘോഷവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? കുട്ടികൾ ചർച്ച ചെയ്യട്ടെ. ആവശ്യമുള്ള സന്ദർഭങ്ങളിൽ ടീച്ചർ ഇടപെട്ടാൽ മതി. ഓണത്തിനു വന്ന മാറ്റങ്ങളിലേയ്ക്ക് ചർച്ച നയിക്കാം. തുടർന്ന് ഗ്രൂപ്പുകളിൽ താഴെ കൊടുത്ത രചന വായിക്കാൻ നൽകുന്നു.

**ഓണക്കാലത്ത്....**

അഞ്ചാം ക്ലാസ്സുകാരി ആദിത്യ വൈകീട്ട് സ്കൂളിൽനിന്നു വന്ന് സ്കൂൾ ബാഗ് കട്ടിലിലേയ്ക്കെറിഞ്ഞു. മറ്റന്നാൾ സ്കൂളിൽ ഓണാഘോഷമാണ്. ക്ലാസ് ടീച്ചർ ഡയറിയിൽ കുറിച്ചുകൊടുത്തതെല്ലാം അവൾ അമ്മയെ കാണിച്ചു. മഞ്ഞ ജമന്തി അരക്കിലോ, വാടാമല്ലി അരക്കിലോ, പട്ടുപാവാടയും ബ്ലൗസും, മേക്കപ്പ്മാനുള്ള ഫീസ് 100 രൂപ.... ഡയറിയിലെ വരികൾ അമ്മ ഒന്നുകൂടി വായിച്ചു. സ്കൂളിലെ ഓണാഘോഷത്തിനു പൂക്കളമൊരുക്കാനുള്ള വിഭവങ്ങൾ കുട്ടികൾക്ക് വീതംവച്ചു നൽകിയിരിക്കുകയാണ് ടീച്ചർ. ആദ്യം അത്ഭുതപ്പെട്ടുവെങ്കിലും അമ്മ പിന്നെ അതിനോടു പൊരുത്തപ്പെട്ടു.
മോളേ, നമ്മുടെ തൊടിയിൽ ഇത്രയും ജമന്തി ഉണ്ടാകുമോ? അതെങ്ങനെ തൂക്കിനോക്കാനാണ്? അച്ഛൻ ഓഫീസിൽ നിന്നു വരുമ്പോൾ ഏതെങ്കിലും കടയിൽനിന്നു വാങ്ങിവരാൻ പറയാം.
തുമ്പയും മുക്കുറ്റിയും നിലാവു പെയ്യുന്ന ഒരോണക്കാലത്തിലൂടെ അമ്മ യാത്ര ചെയ്യാൻ തുടങ്ങി. മകൾ പറയാൻ തുടങ്ങി.
ടീച്ചർ പ്രത്യേകം പറഞ്ഞു. രണ്ടു കളർ ഡ്രസ്സുകൂടി കൊണ്ടുവരാൻ. പൂക്കളമിടുമ്പോൾ ഒന്ന്.. അതുകഴിഞ്ഞ് ഓണഗാനമാലപിക്കുമ്പോൾ മറ്റേത്.
ഇത്രേം പണമൊക്കെ ചെലവിട്ടു വേണോ ഓണാഘോഷം?
അഞ്ചാം ക്ലാസ്സുകാരി പൊട്ടിത്തെറിച്ചു
അമ്മയ്ക്കെന്തറിയാം? ക്ലാസ്സുകൾ തമ്മിൽ മത്സരമാണ്. ടീച്ചർ പ്രത്യേകം പറഞ്ഞു, എത്ര പൂവു കിട്ടിയാലും വേണമെന്ന്. പിന്നെ ചെമ്പരത്തി, തൊട്ടാവാടി ഇങ്ങനെയുള്ള കൺട്രീസൊന്നും വേണ്ട. അതൊക്കെ സമയമാകുമ്പോഴേയ്ക്കും വാടിപ്പോകും. പൂക്കളൊക്കെ ടീച്ചറുടെ വീട്ടിലെ ഫ്രിഡ്ജിൽ വെയ്ക്കാം. എടുക്കുമ്പോ ഒരു ഫ്രെഷ്നസ്സുണ്ടാവും.
അമ്മ അപ്പോഴും സ്വപ്നങ്ങളുടെ ലോകത്തായിരുന്നു. അവർ മകളോടു ചോദിച്ചു. മോളേ,നിനക്കറിയുമോ മുക്കുറ്റിയെ, കൊച്ചു തുമ്പയെ, മണവും മധുരവും പ്രേമവും നൽകുന്ന നാട്ടുമുല്ലയെ?
കുട്ടി കുറച്ചുനേരം മിണ്ടിയില്ല. പിന്നെ യാചനാസ്വരത്തിൽ പറഞ്ഞു.
പ്ലീസ്, അച്ഛനെ വിളിച്ചു പറ, ഹാഫ് കിലോ യെല്ലോ ജമന്തി. പിന്നെ ഹാഫ് കിലോ....
അമ്മ മകളെ മാറോടുചേർത്തു പിടിച്ചു.
പിന്നെ  പെട്ടെന്ന് അവർ സംസാരമെല്ലാം മാറ്റി.
ഇനി പത്തു ദിവസം ഓണാവധി. സ്കൂളിൽ പോണ്ട. പക്ഷേ, ട്യൂഷൻ ടീച്ചർ എല്ലാ ദിവസവും വരും. ഈ ഗ്യാപ്പിൽ എല്ലാ സബ്ജക്റ്റും റിവിഷൻ നടത്തിയാൽ അടുത്ത ടേമിലെ റിസ്ക് കുറയും.
അമ്മേ, ടീച്ചറോടു പറ, ഇനി സ്കൂൾ തുറന്നിട്ടു മതി ക്ലാസ്സ് ന്ന്.. അതുവരെ ഞാൻ...
ലുക്ക് മോളേ, കളി വേറെ. കാര്യം വേറെ. ഈ പത്തു ദിവസം ശ്രദ്ധിച്ചു പഠിച്ചാൽ അടുത്ത മേമിൽ നീയാകും ക്ലാസ് ഫസ്റ്റ്. അതിൽ കോംപ്രമൈസില്ല. ഓണാവധിക്ക് അച്ഛന്റെ വീട്ടിലൊന്നു പോകണമെന്ന് പറഞ്ഞിട്ടും ഞാനെന്താ വില്ലിങ്ങാവാത്തത്? അതു ശരിയാവില്ല. അത് നിന്റെ കരിയർ സ്പോയിൽ ചെയ്യും.

കെ.ആർ.അജയൻ
- ദേശാഭിമാനി വാരാന്തപതിപ്പ്

**കവിതയുടെ ദൃശ്യാവിഷ്കാരം**

അക്കിത്തത്തിന്റെ 'പൂക്കൾ വിളിക്കുന്നു' എന്ന കവിത, കുട്ടികളെ 4 ഗ്രൂപ്പുകളായി തിരിച്ച് വായനയ്ക്കു നൽകുന്നു.

**പൂക്കൾ വിളിക്കുന്നു**

അക്കിത്തം

സമാഹാരം : അക്കിത്തം കവിതകൾ സമ്പൂർണ്ണം

(പൂക്കൾ നൃത്തം വെയ്ക്കുന്നു)

മുട്ടിയിലേറിയിരിക്കുന്നൂ നടു-
മുറ്റത്തെത്തിയ മാവേലി;
കുട്ടികളെന്തിന്നുണരാത്തൂ? പൂ-
വട്ടി കഴുത്തിലുടക്കാത്തൂ?
നമ്മുടെ കുന്നലനാട്ടിന്നരചൻ
നടുമുറ്റത്തു വസിക്കുമ്പോൾ
പായിൽ ചുരുണ്ടുകിടന്നാലുണ്ണികൾ
പാപികളായിപ്പോമല്ലോ.
ഒട്ടും താമസമരുതേ, മക്കളേ,
വട്ടി കഴുത്തിലണിഞ്ഞാലും.
പട്ടിതൾ തിങ്ങി വിടർന്നൊരീ ഞങ്ങളെ-
യൊട്ടുക്കു നുള്ളിയെടുത്താലും!
പച്ചപിടിച്ചൊരു മലയാളത്തിൻ
പരിമളമിഴുകും കരൾപോലെ
ഓണത്തപ്പൻ ചൂടട്ടെ ഞങ്ങളി-
ലോരോപേരെയും മൂർദ്ധാവിൽ!

മകൻ :

മുളവില്ലുകളുടെ നാദംപോലൊരു
വിളി ഞാൻ കേൾക്കുന്നു,
അകലേ നിന്നിപ്പാതിരനേര-
ത്താരു വിളിക്കുന്നൂ? അമ്മേ,
ആരു വിളിക്കുന്നൂ?

അമ്മ :

വീടുകളൊന്നുമുണർന്നിട്ടി,ല്ലൊരു-
വിളിയും കേൾപ്പീലാ,
പാതിരാക്കോഴികൾ കൂവിയിരിക്കാ-
മേതോ മാടത്തിൽ, കുന്ന-
ത്തേതോ മാടത്തിൽ.

മകൻ :

കണ്ടുപിടിച്ചൂ ഞാനാശ്ശബ്ദം
കാര്യം വെളിവായീ.
കാട്ടിലെ മലരുകളല്ലോ ഞങ്ങളെ
നീട്ടിവിളിക്കുന്നൂ, കണ്ഠം
നീട്ടി വിളിക്കുന്നൂ.

അമ്മ :

പൂക്കൾ വിളിക്കുന്നുണ്ടോ? ഞാനതു
കേൾക്കുന്നില്ലല്ലോ.
കുട്ടീ, നിൻപ്രിയമാതാവിൻ ചെവി
പൊട്ടിയിരിക്കുന്നോ, തീരെ-
പ്പൊട്ടിയിരിക്കുന്നോ?

മകൻ :

മൂലം പുലരാൻകാലത്താളുകൾ
മുക്കിലിരുന്നാലോ?
വരുവിൻ വരുവിൻ പൂവട്ടികളേ,
വയറുകൾ വീർപ്പിക്കിൻ, നിങ്ങടെ
വയറുകൾ വീർപ്പിക്കിൻ.
വെട്ടം വീണീലെന്നോർത്തിനി ഞാൻ
വെറുതെയിരിക്കില്ല;
ഒറ്റച്ചാട്ടംകൊണ്ടു പടിപ്പുര-
മുറ്റത്തെത്തും ഞാൻ, അമ്മേ,
മുറ്റത്തെത്തും ഞാൻ.
ഓണപ്പാട്ടുകൾ പാടിയുണർത്തിടു-
മോരോ വീടും ഞാൻ;
കൂട്ടാളികളോടൊപ്പം പിന്നെ
കാട്ടിൽക്കയറും ഞാൻ, അമ്മേ,
കാട്ടിൽക്കയറും ഞാൻ.
അക്ഷരമെല്ലാം തിരിയുന്നുണ്ടൊ,രു
ലക്ഷം പൂവുണ്ടേ
നീട്ടിവിളിപ്പൂ കാട്ടി,ലെനിക്കിനി
നിൽക്കാനാവില്ല, അമ്മേ,
നിൽക്കാനാവില്ല!
(കഴുത്തിൽ പൂവട്ടികൾ തൂക്കിയ കുട്ടികൾ ആർത്തുവിളിച്ചു കടന്നുവരുന്നു)

അമ്മ :

ആരാരോ നിങ്ങളെയൊക്കെയിപ്പാതിര-
നേരത്തു വന്നു വിളിച്ചുണർത്തീ?

കുട്ടികൾ :

കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ-
ക്കേട്ടാരുറക്കത്തിൽ ഞങ്ങളമ്മേ!

അമ്മ :

കാട്ടിലെപ്പൂക്കൾ വിളിക്കും വിളികളെ-
ക്കേട്ടുവോ നിങ്ങൾതന്നമ്മമാരും?

കുട്ടികൾ :

ഞങ്ങൾതൻ കാണായ ദൈവങ്ങൾ നിങ്ങൾക്കു
ഞങ്ങളോളം ചെവിയോർമ്മയില്ലേ?

അമ്മ :

പിഞ്ചായിരുന്ന ദിനങ്ങളിൽ പൂക്കൾതൻ
കൊഞ്ചലീ ഞങ്ങളും കേട്ടിരുന്നു
ഞങ്ങളിലന്നു പുലമന്നൊരസ്സിദ്ധിയേ
നിങ്ങൾക്കു ഞങ്ങൾ പകർന്നുതന്നു!

- ആവശ്യമായ സമയം എടുത്ത് ഈ കവിത ഓരോ ഗ്രൂപ്പും നൃത്തനാടകരൂപത്തിൽ അവതരിപ്പിക്കട്ടെ. നാടകത്തിന്റെ പൂർണ്ണതയ്ക്കാവശ്യമായ മാറ്റങ്ങൾ അവർക്ക് കണ്ടെത്താം.
- അവതരണത്തിനു ശേഷം പൊതു ചർച്ച വേണം. ഒളപ്പമണ്ണയുടെ വരികൾ ഈ നാടകവുമായി ബന്ധപ്പെടുത്താൻ കഴിയുമോ?

**രചനകളിലൂടെ പറയുന്നത്**

**ഓണപ്പാട്ടുകളുടെ ആലാപനം**

- ഓണപ്പാട്ടുകളുടെയും ഓണക്കവിതകളുടെയും വ്യക്തിഗത-സംഘ ആലാപനങ്ങൾ.
- മുസ്ലീം ആഘോഷങ്ങളുടെ ഭാഗമായി പാടുന്ന ഗാനങ്ങളും ഇതൊന്നിച്ച് ചേർക്കണം.

- ഗാനങ്ങൾ കണ്ടെത്തി ശേഖരിച്ചുകൊണ്ടുവരുന്ന ചുമതല കുട്ടികൾക്കുതന്നെ നൽകണം.

**ഓണം-പെരുന്നാൾ വിഭവങ്ങൾ - പാചകക്കുറിപ്പ് തയ്യാറാക്കൽ**

- ഓരോ കുട്ടിയും വീട്ടിൽ മുതിർന്നവരോടു ചോദിച്ച് ഒരു ഓണവിഭവത്തിന്റെയോ പെരുന്നാൾ വിഭവത്തിന്റെയോ പാചകക്കുറിപ്പ് തയ്യാറാക്കുന്നു.
- ആവർത്തനം ഒഴിവാക്കി 4-5 പേരുള്ള ഗ്രൂപ്പുകൾക്ക് ഈ കുറിപ്പുകൾ ഒരു ചുമർപത്രമായി മാറ്റാം.
- (ഈ വിഭവങ്ങൾ കുട്ടികൾതന്നെ തയ്യാറാക്കി കുട്ടികളുടെ ഓണം-പെരുന്നാൾസ്സദ്യ നടത്താൻ സ്കൂൾതലത്തിൽ ഒരു ശ്രമം ആകാം.)
- ഓരോ കുട്ടിയും സ്വന്തമായി തയ്യാറാക്കിയ പാചകക്കുറിപ്പ് മാസികാശേഖരത്തിലേയ്ക്ക്.

## സപ്തംബർ 5 - അധ്യാപകദിനം

# എന്റെ ടീച്ചർ

**പ്രിയപ്പെട്ട ടീച്ചർക്ക് ഒരു കത്ത്**

താഴെ കൊടുത്ത രചനയുടെ വായന.

കല്യാണിട്ടീച്ചറെ പരിചയപ്പെട്ടോളൂ...

**കല്യാണി ടീച്ചർ**

രാജഗോപാലൻ നാട്ടുകൽ

മാർക്കറും ചോക്കും കളർപെൻസിലും
ചാർട്ടുകൾ, ചിത്രങ്ങൾ, മാസികകൾ
എല്ലാമെടുത്തൊരു 'കിറ്റി'ലിട്ട്
കല്യാണിട്ടീച്ചർ കയറിവന്നു.
ക്ലാസിൻ കവാടത്തിൽ വന്നുനിന്ന്
ടീച്ചർ നമസ്തേ പറഞ്ഞിടുമ്പോൾ
ടീച്ചറിൻ ചുണ്ടിലും കണ്ണിലുമായ്
തുമ്പക്കുടങ്ങൾ വിടർന്നിടുന്നു.
ചിത്രങ്ങൾ ബോർഡിൽ വരച്ചിടുമ്പോൾ
പൂക്കാലം മുന്നിൽ പിറന്നിടുന്നു.
പാട്ടിന്റെയീണത്തിന്നുള്ളിൽനിന്നും
പുല്ലാങ്കുഴൽനാദം പെയ്തിടുന്നു.
കുഞ്ഞുകഥകൾ പറഞ്ഞിടുമ്പോൾ
പൂന്തേൻമഴ പെയ്തിറങ്ങിടുന്നു.
കല്യാണിട്ടീച്ചർതൻ ക്ലാസിലെന്നും
സ്വർല്ലോകം മണ്ണിലിറങ്ങിവന്നു!

ക്ലാസിലെല്ലാവരും ചേർന്ന് കവിത ചൊല്ലുന്നു. തുടർന്ന് എല്ലാവർക്കും കവിതയെക്കുറിച്ച് പറയാനുള്ള അവസരം. *ചുണ്ടിലും കണ്ണിലുമായ് തുമ്പക്കുടങ്ങൾ വിടർന്നിടുന്നു, പൂക്കാലം മുന്നിൽ പിറന്നിടുന്നു, പാട്ടിന്റെയീണത്തിന്നുള്ളിൽനിന്നും പുല്ലാങ്കുഴൽനാദം പെയ്തിടുന്നു, പൂന്തേൻമഴ പെയ്തിറങ്ങിടുന്നു, സ്വർല്ലോകം മണ്ണിലിറങ്ങിവന്നു* എന്നീ പ്രയോഗങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

ടീച്ചറെക്കുറിച്ച് ഒരു കവിതകൂടി...

**ടീച്ചർ**

രാധാകൃഷ്ണൻ എടച്ചേരി

അമ്മുക്കുട്ടിക്കണ്ണിൽ നിറയെ
കഞ്ഞുമഴക്കാർ കണ്ടതുപാടെ
ടീച്ചർ ചാരെ നിറുത്തിച്ചൊല്ലീ:
എന്താണമ്മു, വിശേഷം ചൊല്ലൂ..
അമ്മയ്ക്കരികിൽ പോയീടേണം
അച്ഛൻമടിയിലിരുന്നീടേണം
ചേട്ടനൊടൊത്തു കളിച്ചീടേണം
അമ്മു ചിണുങ്ങി വിശേഷം ചൊല്ലീ.

മധുരം കുഞ്ഞിക്കയ്യിൽ നൽകി
മടിയിലിരുത്തി മുത്തവുമേകി
ടീച്ചർ ചേർത്തുപിടിച്ചൊരു നേരം
അമ്പിളിപോലെ അമ്മു ചിരിച്ചു.

ഈ കവിതകൾക്കു ചേർന്ന ചിത്രങ്ങൾ വരയ്ക്കാമോ?
കുട്ടികൾ ഇഷ്ടംപോലെ വരയ്ക്കട്ടെ.

ഇതുപോലെ നിങ്ങൾക്കും പ്രിയപ്പെട്ട ഒരു ടീച്ചറില്ലേ? നിങ്ങൾക്ക് ടീച്ചറോട് എന്തെല്ലാം പറയാനുണ്ടാകും? ടീച്ചറുടെ വിശേഷങ്ങളറിയാൻ നിങ്ങൾക്കു തോന്നാറില്ലേ? അതെല്ലാം ചേർത്ത് ഒരു കത്തെഴുതിയാലോ?

- ഓരോ കുട്ടിയും അവരുടെ ഏറ്റവും പ്രിയപ്പെട്ട അധ്യാപികയ്ക്ക് / അധ്യാപകന് ഒരു കത്തെഴുതുന്നു.
- പുസ്തകത്തിൽ എഴുതിയ കത്ത് വീണ്ടും വായിച്ച് മെച്ചപ്പെടുത്തി ഭംഗിയായി ഒരു പോസ്റ്റ് കാർഡിലോ ഇൻലൻഡിലോ എഴുതി ടീച്ചറുടെ വീട്ടുമേൽവിലാസം കണ്ടുപിടിച്ച് പോസ്റ്റ് ചെയ്യണം. നേരിട്ട് നൽകുകയും ആവാം.
- സാങ്കല്പിക കത്തല്ല, യഥാർത്ഥ കത്താണ് വേണ്ടത്. കത്തെഴുതാൻ ഓരോ കുട്ടിക്കും പ്രചോദനമാകുന്നവിധത്തിൽ ഒരു ചർച്ച ക്ലാസിൽ നടക്കണം.
- കുട്ടി കത്തെഴുതുന്നത് ഇപ്പോൾ പഠിക്കുന്ന സ്കൂളിലെ ടീച്ചർക്കാകണമെന്നില്ല. അവരുടെ വിലാസം കണ്ടെത്തുവാൻ ക്ലാസ് ടീച്ചറുടെയോ മറ്റധ്യാപകരുടെയോ സഹായം വേണ്ടിവരും.
- കത്ത് ആകർഷകമാക്കാനും മേൽവിലാസക്കാർക്ക് കിട്ടി എന്നുറപ്പുവരുത്താനും ടീച്ചറുടെ മേൽനോട്ടം വേണം.
- കുട്ടികൾക്കു ലഭിക്കുന്ന മറുപടികൾ ക്ലാസിൽ പൊതുവായി വായിക്കുന്നത് നല്ലതാണ്. എന്നാൽ കുട്ടി എഴുതുന്ന കത്തിന്റെ പൊതുവായന ഒഴിവാക്കണം.
- കത്തിന്റെ ഉള്ളടക്കം പകർത്തി മാസികാശേഖരത്തിലേയ്ക്ക്. മറുപടി കിട്ടിയാൽ അതും പകർത്തി മാസികയിൽ ചേർക്കാം.

### സപ്തംബർ 21 – ശ്രീനാരായണഗുരു സമാധിദിനം

## ഗുരുസ്മരണ

**ഗുരു-വായനാപ്രവർത്തനം**

**പൂവാലിപ്പയ്യിന്റെ ജാതി**

എം.എം.സചീന്ദ്രൻ

പൂവാലിപ്പയ്യിന്റെ
ജാതിയെന്തമ്മേ?
പൈക്കൾക്കു പൈക്കളെ-
ന്നുള്ളതേ ജാതി.
പൂച്ചകൾക്കെത്ര
മതങ്ങളുണ്ടമ്മേ?
പൂച്ചകൾക്കൊരു മതം,
മ്യാവൂ.. മ്യാവൂ..
കാക്കകൾ മുൾവേലി
പാറിക്കടന്നാൽ
പരദേഷിയാവാത്ത-
തെന്തുകൊണ്ടമ്മേ?
ജീവികൾക്കിത്തരം
ഭേദമില്ലുണ്ണീ…
മണ്ടത്തരങ്ങൾ
മനുഷ്യർക്കു മാത്രം!

ഈ കവിതയുടെ വായനയും ചർച്ചയും വഴി ശ്രീനാരായണഗുരുവിനെ പരിചയപ്പെടുത്താം.

- ശ്രീനാരായണഗുരുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കുട്ടികൾ 2-3 പേരുള്ള സംഘങ്ങളായി വായിക്കുന്നു. (കുറിപ്പുകൾ: യു.പി.വിഭാഗം അനുബന്ധം 6). ഗുരുവിന്റെ പ്രതികരണം, അതിലടങ്ങിയ സന്ദേശം എന്നിവ കണ്ടെത്തി ഒരു വായനക്കുറിപ്പ് ഗ്രൂപ്പിൽ തയ്യാറാക്കണം. ഈ വായനക്കുറിപ്പുകൾ മാസികയിലേയ്ക്ക് ചേർക്കാം.

- ഗുരുദേവസന്ദേശങ്ങൾ അടങ്ങിയ പോസ്റ്ററുകളുടെ നിർമ്മാണവും അവ പൊതു ഇടങ്ങളിൽ പതിക്കലും.

(ഗുരുസമാധിദിനം അവധിദിവസമാണ്. അന്ന് സാഹിത്യവേദിയുടെ പ്രത്യേകയോഗം ചേർന്നോ, ഉചിതമായ മറ്റൊരു ദിവസം കണ്ടെത്തിയോ പ്രവർത്തനങ്ങൾ നടത്തണം. ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾക്കും ഈ രീതി അനുവർത്തിക്കുക.)

### ഒക്ടോബർ 2 – ഗാന്ധിജയന്തി

## ബാപ്പുസ്മൃതി

**കവിതാവായന**

**ആരമ്മേ ഗാന്ധി?**

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

മുൻവരിപ്പല്ലു പൊയ്പ്പോയ
മോണ കാട്ടിച്ചിരിച്ചൊരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ?

അതാണു ഗാന്ധിയപ്പൂപ്പൻ,
ആരിലും കനിവുള്ളവൻ.
കൊച്ചു കുഞ്ഞുങ്ങളോടൊത്തു
കളിപ്പാൻ കൊതിയുള്ളവൻ.

വിളിപ്പൂ നാട്ടുകാരെല്ലാം
ബാപ്പുവെന്നു പലപ്പൊഴും;
ആ വാക്കു കേട്ടിരിക്കും നീ,
അച്ഛനെന്നർത്ഥമായിടും.

മറ്റുള്ളോരുടെ ദു:ഖങ്ങൾ
മാറ്റുവാൻ വേല ചെയ്കയാൽ
'മഹാത്മാ' ഗാന്ധിയെന്നുള്ള
പേരു നീളെ പ്രസിദ്ധമായ്.

സത്യത്തെ ദൈവമായ്ക്കണ്ടു
പൂജിച്ച പുരുഷോത്തമൻ
പങ്കം തീണ്ടാത്ത കർമ്മത്താൽ
തങ്കം പോലെ തിളങ്ങിയോൻ

കുഞ്ഞുറുമ്പിനുമാപത്തു
പറ്റിയാൽക്കരയുന്നവൻ
കുരുന്നു നുള്ളുവാൻപോലും
കൈയറയ്ക്കും ദയാമയൻ

സ്നേഹം, ധർമ്മം, സദാചാരം,
ഓരോന്നെന്തിനു ചൊൽവു ഞാൻ?
ഗുണമൊക്കെയുമൊന്നിച്ച
ഗുരുവാണു മഹാത്മജി.

**നേരാണ്....**

സുഗതകുമാരി

നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ
മുട്ടോളമെത്തുന്ന കൊച്ചുമുണ്ടും

മൊട്ടത്തലയും തെളിഞ്ഞ കണ്ണും
മുൻവരിപ്പല്ലില്ലാപ്പുഞ്ചിരിയും
വെൺനര ചൂടും വിരിഞ്ഞ മാറും
നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ
നീളൻവടിയൂന്നിനിന്നു ചൊല്ലീ
ദേവനെപ്പോലുള്ളൊരപ്പൂപ്പൻ
'തങ്ങളിൽ സ്നേഹിക്ക നിങ്ങളെന്നും
അമ്മയെസ്സേവിക്ക നിങ്ങളെന്നും
സത്യം പറയുക നിങ്ങളെന്നും
മക്കളെ നന്നായ് വരട്ടെ നിങ്ങൾ.'
നേരാണ്, നമ്മൾക്കുണ്ടായിരുന്നു
സൂര്യനെപ്പോലെയൊരപ്പൂപ്പൻ.

തന്നെ ഏറ്റവുമധികം സ്വാധീനിച്ച ഒരു പുസ്തകത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞത് വായിക്കൂ.

യാത്രയിൽ വായിക്കുവാനായി അദ്ദേഹം എനിക്ക് ഒരു പുസ്തകം തന്നു. എനിക്കതു തീർച്ചയായും ഇഷ്ടപ്പെടുമെന്നു പറഞ്ഞു.
വായിച്ചുതുടങ്ങിയാൽ കൈയിൽനിന്നു താഴത്തുവെക്കുവാൻ കഴിയാത്തതരത്തിലുള്ളതായിരുന്നു എനിക്കാ പുസ്തകം. അത് എന്റെ ഹൃദയത്തെ മുറുകെ പിടിച്ചതുപോലെ തോന്നി. ജൊഹാനസ്ബർഗിൽനിന്നു ഡർബനിലെത്തുവാൻ 24 മണിക്കൂർ വേണം. വൈകുന്നേരമാണ് ഞാൻ അവിടെ എത്തിയത്. എനിക്ക് നല്ലതുപോലെ ഉറങ്ങുവാൻ സാധിച്ചില്ല. ആ പുസ്തകത്തിൽ കണ്ട തത്ത്വങ്ങളനുസരിച്ച് എന്റെ ജീവിതത്തെ വ്യത്യാസപ്പെടുത്തുവാൻ ഞാൻ തീർച്ചയാക്കി.
എന്റെ ഉള്ളിൽ ഏറ്റവും ദൃഢമായി വേരൂന്നിയിരുന്ന ചില ആശയങ്ങളും അഭിപ്രായങ്ങളും റസ്കിന്റെ ഈ ഗ്രന്ഥരത്നത്തിൽ സ്പഷ്ടമായി പ്രതിബിംബിച്ചുകണ്ടുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതാണ് ആ ഗ്രന്ഥം എന്നെ ഇത്ര വശീകരിക്കാനും അതനുസരിച്ച് ഞാൻ എന്റെ ജീവിതം ആകെയൊന്നു മാറ്റിപ്പുതുക്കാനും കാരണം.
ഈ ഗ്രന്ഥത്തിന്റെ സാരാംശങ്ങൾ ഞാൻ മനസ്സിലാക്കിയത് ഇപ്രകാരമാണ്.
വ്യക്തിയുടെ സ്വന്തം നന്മ സമുദായത്തിന്റെ നന്മയിൽ അടങ്ങിയിരിക്കുന്നു.
തങ്ങളുടെ തൊഴിൽകൊണ്ട് ഉപജീവിക്കുവാൻ എല്ലാവർക്കും സമാവകാശമുള്ളതുകൊണ്ട് ക്ഷുരകന്റെ തൊഴിൽ വക്കീലിന്റെ തൊഴിലിനെപ്പോലെത്തന്നെ വിലയുള്ളതാണ്.
ദേഹാധ്വാനം ചെയ്തുകൊണ്ടുള്ള ഒരു ജീവിതം, അതായതു കർഷകന്റെയും കൈവേലക്കാരന്റെയും ജീവിതം, ആണ് ഏറ്റവും ഉത്തമം.

ചിത്രരചന : ഗാന്ധിജിയുടെ രൂപം വരയ്ക്കാൻ അവസരം നൽകാം.

### നവംബർ 1 – കേരളപ്പിറവി ദിനം (ശ്രേഷ്ഠഭാഷാദിനം)

## പിറന്നാൾ മധുരം

**രചനകളുടെ വായന**

**മലരണിക്കാടുകൾ........**

'രമണൻ' – ചങ്ങമ്പുഴ

മലരണിക്കാടുകൾ തിങ്ങിവിങ്ങീ,
മരതകക്കാന്തിയിൽ മുങ്ങി മുങ്ങീ,
കരളും മിഴിയും കവർന്നു മിന്നീ
കറയറ്റൊരാലസൽഗ്രാമഭംഗീ !
പുളകംപോൽ കുന്നിൻപുറത്തു വീണ
പുതുമൂടൽമഞ്ഞല പുൽകി നീക്കി
പുലരൊളി മാമരശ്രേണികൾതൻ-
പുറകിലായ് വന്നുനിന്നെത്തിനോക്കി !
എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്തവിടെല്ലാം പൂത്ത മരങ്ങൾ മാത്രം;
ഒരു കൊച്ചുകാറ്റെങ്ങാൻ വന്നുപോയാൽ
തെരുതെരെപ്പൂമഴയായി പിന്നെ !

തളിരും മലരും തരുപ്പടർപ്പും
തണലും തണുവണിപ്പുൽപ്പരപ്പും
കളകളം പെയ്തുപെയ്തങ്ങുമിങ്ങു-
മിളകിപ്പറക്കുന്ന പക്ഷികളും
ഒരു നല്ല ചിത്രം വരച്ചപോലെ
വരിവരി നിൽക്കുന്ന കുന്നുകളും
പരശതസസ്യവിതാനിതമാം
പലപല താഴ്‌വരത്തോപ്പുകളും
പവിഴക്കതിർക്കുലച്ചാർത്തണിഞ്ഞ
പരിചെഴും നെൽപ്പാടവീഥികളും
ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും
തടിനിയും താമരപ്പൊയ്കകളും-
ഇവയെല്ലാ, മാവെറും ഗ്രാമരംഗം
ഭുവനൈകസ്വർഗ്ഗമായ്ത്തീർത്തിരുന്നു !

**മലനാട്**

വിനീത കെ., ചളവറ

മലകൾ നിറയും, അലകൾ അലിയും
എന്റെ മലനാട്;
കലകൾ നിറയും കവിത വിരിയും
കേരളനാട്.
തങ്കരശ്മികൾ തൊങ്ങൽ ചാർത്തിയൊ-
രെന്റെ മലനാട്
പൂനിലാപ്രഭകൊണ്ടു തീർത്തൊരു
പുഷ്പവനിയാണ്.
നെൽവയലുകൾ പൊന്നണിയുമൊ-
രെന്റെ മലനാട്
കേരവൃക്ഷം തിങ്ങിവളരും
ഹരിതശ്രീയാണ്.
തുള്ളലിന്നീണം മൂളുമൊ-
രെന്റെ മലനാട്
കഥകളിക്കഥ പാടിവന്നൊരു
പൈങ്കിളിയാണ്.
സഹ്യപർവ്വതനികയിലലിയുമൊ-
രെന്റെ മലനാട്
പരശുരാമൻ തപസ്സു ചെയ്തൊരു
പുണ്യഭൂവാണ്.

**എന്റെ ഗ്രാമം**

വിനീത കെ., ചളവറ

നിറഞ്ഞ പുഴയിൽ നീരാടുന്നൊരു ഗ്രാമമിതെന്റേത്
അലിഞ്ഞുപാടും നദികൾ നിറഞ്ഞൊരു ഗ്രാമമിതെന്റേത്
വിദ്യാസാഗരമതിലാറാടും ഗ്രാമമിതെന്റേത്
അക്ഷരമുത്താൽ മാല കൊരുക്കും ഗ്രാമമിതെന്റേത്
നീർത്തുള്ളികളെ പൊന്നായ് മാറ്റും ഗ്രാമമിതെന്റേത്
സാഹിത്യത്തിന്നക്ഷയഖനിയാം ഗ്രാമമിതെന്റേത്
നെല്പ്പാടങ്ങൾ പൊൻകസവണിയും ഗ്രാമമിതെന്റേത്
തെങ്ങിൻതോപ്പാൽ പച്ചവിരിച്ചൊരു ഗ്രാമമിതെന്റേത്
ശുചിത്വസുന്ദരനിർമ്മല ഗ്രാമത്തികവാണെന്റേത്
ആഹ്ളാദത്തിൻ പൊൻകൊടി വീശും ഗ്രാമമിതെന്റേത്.

ഈ കവിതകൾ ഈണത്തിൽ സംഘമായി ചൊല്ലുന്ന പ്രവർത്തനമാണ് ക്ലാസിൽ നടക്കേണ്ടത്.

**എന്റെ ഗ്രാമം - പ്രോജക്റ്റ്**

താഴെ കൊടുത്ത പ്രവർത്തനം എന്റെ ഗ്രാമം പ്രോജക്റ്റിന്റെ പ്രാരംഭമായി നടത്താം.

താൻ കുട്ടിക്കാലത്തു പഠിച്ച കൂറ്റനാട് എന്ന പ്രദേശത്തെപ്പറ്റി, സ്കൂളിനെപ്പറ്റി കവി പി.പി.രാമചന്ദ്രൻ എഴുതിയ കുറിപ്പ് ആരംഭിക്കുന്നതിങ്ങനെയാണ്.
ടീച്ചർ ഈ കുറിപ്പ് വായിക്കുന്നു. ചാർട്ടിൽ/ബോർഡിൽ ഇത് എഴുതി പ്രദർശിപ്പിക്കണം. ഒന്നുരണ്ടു കുട്ടികളോട് ഉറക്കെ വായിക്കാൻ പറയാം.

*എഴുപതുകളുടെ തുടക്കം. അമ്മയുടെ ഒക്കത്തിരിക്കുന്ന കുഞ്ഞിനെപ്പോലെ*
*തൃത്താല റോഡിലേക്ക് ചെരിഞ്ഞുതൂങ്ങിക്കൊണ്ട്*
*കൂറ്റനാട് അങ്ങാടി ഒരു കുന്നിന്റെ പള്ളയ്ക്കിരിക്കുന്നു.*
*നരച്ചു പഴകിയ ഏതാനും ഓടിട്ട കെട്ടിടങ്ങൾ.*
*വയോവൃദ്ധനായ ശങ്കുണ്ണി എന്ന പലചരക്കു കടക്കാരന്റെ കോലായിലെ മിനുസമുള്ള ബഞ്ച്.*
*മൂക്കുപൊടിയുടെയും ശർക്കരയച്ചിന്റെയും മണം.*
*ട്രാക്റ്ററിനെ ഓർമിപ്പിക്കുന്ന ചെറിയൊരു യന്ത്രം കൊണ്ട് കുട്ടികളുടെ മുടിവെട്ടുന്ന ശങ്കുണ്ണി എന്നോമറ്റോ തസ്തി കപ്പേരുള്ളയാളുടെ ബാർബർ ഷോപ്പ്.*
*വഴിക്കെവിടെയോ പനയോലകൊണ്ട് മറച്ച ഒരു കള്ളുഷാപ്പ്.*
*റേഷൻ കട, സ്ക്കൂള്.*
*കുട്ടിക്കാലത്തു കണ്ട കൂറ്റനാടിനെ ഓർക്കുമ്പോൾ*
*ഒരു പാവം ആണ്ടിവേഷം പടികടന്നുവരുന്നതുപോലെ തോന്നും.*

1970 കാലത്തെ കൂറ്റനാട് എന്ന പ്രദേശത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് കവി ഓർമിക്കുന്നത്?
നാം ഒരു കാര്യം മനസ്സിലാക്കുന്നതും ഓർമ്മയിൽ സൂക്ഷിക്കുന്നതും എങ്ങിനെയെല്ലാമാണ്?

കാഴ്ചയിലൂടെയാണ്...
കേൾവിയിലൂടെയാണ്...
മണത്തിലൂടെയാണ്...
ചിലപ്പോൾ രുചിയിലൂടെയാണ്...
മറ്റുചിലപ്പോൾ തൊട്ടിട്ടാണ്.

ഇവിടെ രാമചന്ദ്രൻ മാഷ് കൂറ്റനാടിനെ മനസ്സിക്കിയിട്ടുള്ളത് എന്തിലൂടെയെല്ലാമാണ്? വായിച്ചു കണ്ടെത്തൂ.
എന്നാൽ ആ കാഴ്ചകളെ, ശബ്ദങ്ങളെ, മണങ്ങളെ കുറിച്ചെല്ലാം അദ്ദേഹം വെറുതെ പറയുകയാണോ ചെയ്തത്?
മൂക്കുപൊടിയുടെയും ശർക്കരയുടെയും മണം ഒന്നിച്ചു വരുന്നു, കടയിൽ നിന്ന്. കടയെക്കുറിച്ച് നാം എന്തു മനസ്സിലാക്കി?
മിനുസമുള്ള ബഞ്ച് എന്ന് എടുത്തുപറയുമ്പോൾ അദ്ദേഹം ആ കടയുടെ എന്തെല്ലാം പ്രത്യേകതകളാണ് നമ്മെ ധരിപ്പിക്കുന്നത്?
നാം കണ്ടിട്ടേയില്ലാത്ത ഒരു കാലത്തെ നമുക്കു കാണാൻ പറ്റുന്നവിധത്തിൽ പറയാനാണല്ലോ കവി മണങ്ങളുടെയും ശബ്ദങ്ങളുടെയും എല്ലാം കൂട്ടുപിടിച്ചത്. അതൊരു സൂത്രമാണ്.
ഇനി നിങ്ങൾ നിങ്ങളുടെ പ്രദേശത്തെ പരിചയപ്പെടുത്തിക്കൊണ്ട് എഴുതിനോക്കൂ.
വായനക്കാരിൽ മിക്കവരും നിങ്ങളുടെ സ്ഥലം കണ്ടവരാവില്ല.
എങ്ങനെയവർക്ക് നിങ്ങളുടെ സ്ഥലം പരിചയപ്പെടുത്തും? എഴുതിനോക്കൂ..
(കുട്ടികൾക്ക് ആവശ്യമായ സമയം കൊടുത്ത് എഴുതിക്കൂ. വായിച്ചവതരിപ്പിക്കാനും അഭിപ്രായങ്ങൾ പറയാനും അവസരമൊരുക്കണം.)
കുട്ടികൾക്ക് അവർ നേരത്തെ എഴുതിയ നാട്ടുകാഴ്ച തിരിച്ചുനൽകുന്നു. പിന്നീട് എല്ലാവരും അവരവരുടെ എഴുത്തിന് പറ്റിയ ചിത്രം വരയ്ക്കട്ടെ.
എല്ലാചിത്രങ്ങളും ക്ലാസിൽ പ്രദർശിപ്പിക്കാനവസരം നൽകണം.
ചർച്ചക്കും മെച്ചപ്പെടുത്തലിനും അവസരമൊരുക്കണം
(രചനകളുടെ തിരുത്തുകളും മാറ്റങ്ങളും വരുത്തിയ ആദ്യരൂപമാണ് ശേഖരിച്ചുവയ്ക്കേണ്ടത്. മാസികയിൽ ചേർക്കാനുള്ള അന്തിമരൂപം പിന്നീട് മാസികാനിർമ്മാണക്കാലത്ത് പൂർത്തിയാക്കിയാൽ മതിയാകും.)

***യു. പി. ക്ലാ സു ക ളി□ കേര ള പ്പി റ വി ദി ന ത്തിന്റെ ഭാഗ മായി നടത്തുന്ന എന്റെ ഗ്രാമം എന്ന ഈ പ്രൊജക്റ്റി□ എ□. പി. ക്ലാ സു ക ളിലെ (3,4) കുട്ടി കൾക്കും പങ്കാ ളി ക ളാ കാം. അതി നാ□ പ്രൊജക്റ്റ് നട ത്തി പ്പു മായി ബന്ധ പ്പെട്ട നിർദ്ദേ ശ ങ്ങൾ ഇവിടെ കൊടു ക്കു ന്നു.***

കേരളപ്പിറവിയുടെ അറുപത്തിയൊന്നാം പിറന്നാൾ ആഘോഷങ്ങളുടെ ഭാഗമായി വിദ്യാരംഗം കലാസാഹിത്യവേദി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പങ്കാളിത്തത്തോടെ ഒരു വലിയ പ്രോജക്റ്റ് ഏറ്റെടുക്കുന്നു. സ്വന്തം വിദ്യാലയം സ്ഥിതിചെയ്യുന്ന ഗ്രാമത്തിന്റെ സവിശേഷതകൾ എല്ലാം കണ്ടെത്തി പരിചയപ്പെടുത്തുന്ന 'എന്റെ ഗ്രാമം' എന്ന ഒരു പതിപ്പിന്റെ രൂപീകരണമാണ് ഈ പ്രോജക്റ്റ്.

നവംബർ 1 ന് ഓരോ ക്ലാസിലും വിവരശേഖരണപ്രവർത്തനങ്ങളോടെ ആരംഭിച്ച് ഒരു മാസക്കാലംകൊണ്ട് സ്കൂൾതലത്തിൽ 'എന്റെ ഗ്രാമം' പതിപ്പ് പ്രസിദ്ധീകരിക്കണം. കേരളത്തിലെ എല്ലാ ഗ്രാമ-നഗര പ്രദേശങ്ങളുടെയും സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു സംഘരചനയാണ് ഈ പ്രവർത്തനത്തിന്റെ ഉത്പന്നമായി വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് തയ്യാറാവുക. ജില്ല-സംസ്ഥാനതലങ്ങളിൽ ഈ പതിപ്പുകളുടെ പ്രദർശനം, വിലയിരുത്തൽ, ക്രോഡീകരണം എന്നിവ തുടർപ്രവർത്തനങ്ങളായി നടക്കേണ്ടതുണ്ട്.

- നവംബർ 1 ന് ഓരോ ക്ലാസിലെയും കുട്ടികളെ ചെറു ഗ്രൂപ്പുകളായി തിരിച്ച് വിവിധ വിഷയമേഖലകളിൽ വിവരശേഖരണം നടത്താൻ ഒരുക്കണം.
- ചരിത്രം, ഭൂപ്രകൃതി, ജനവാസം, കൃഷി, ഭക്ഷണവിഭവങ്ങളും രീതികളും, തൊഴിലുകൾ, സ്ഥാപനങ്ങൾ, കലകൾ, ആഘോഷങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വാമൊഴിയുടെ സവിശേഷതകൾ, നാട്ടറിവുകൾ ഇവയെല്ലാം വിവരശേഖരണത്തിൽ ഉൾപ്പെടുത്തണം.
- മുതിർന്നവരോടുള്ള അഭിമുഖം, ഗൃഹസന്ദർശനം, ഫീൽഡ് ട്രിപ്പുകൾ, സ്ഥാപനസന്ദർശനങ്ങൾ, രേഖകൾ പരിശോധിച്ച് വിവരശേഖരണം, ചരിത്രപുസ്തകങ്ങളിൽനിന്ന് വിവരങ്ങൾ കണ്ടെത്തൽ, ഇന്റർനെറ്റിൽനിന്ന് വിവരശേഖരണം തുടങ്ങി നിരവധി സാധ്യതകൾ ഉണ്ട്. ഇവയിൽ ഏതെല്ലാം ഉപയോഗിക്കണമെന്നും എങ്ങനെയെല്ലാം വിവരശേഖരണം നടത്തണമെന്നും സാഹിത്യവേദി, സാമൂഹ്യശാസ്ത്ര ക്ലബ്ബ് എന്നിവയുടെ സ്കൂൾതല സമിതികൾ സംയുക്തമായി ആലോചിച്ച് രൂപം നൽകണം.
- പി.ടി.എ.യുടെയും സ്കൂൾ വികസനസമിതി, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയുടെയും സഹായം തേടണം.
- ഓരോ ഗ്രൂപ്പും ശേഖരിച്ച് എഴുതിയെടുക്കുന്ന വിവരങ്ങൾ എഴുത്തിന്റെ ഭാഷാപരമായ മികവും ആശയപരമായ കൃത്യതയും ഉറപ്പുവരുത്തി ക്ലാസ് പതിപ്പ് സമാഹരണം ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ നടക്കണം.
- പ്രസക്തമായ ഫോട്ടോകൾ മൊബൈൽ വഴിയോ ക്യാമറ ഉപയോഗിച്ചോ എടുക്കുന്നതിന് സ്കൂൾതലത്തിൽ കുട്ടികളുടെ ഒരു സംഘം രൂപീകരിക്കാം. പൂർവ്വവിദ്യാർത്ഥികളെയും ഇതിന് ഉപയോഗിക്കണം.
- അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഉൾപ്പെടുന്ന ഒരു സമിതി ക്ലാസ്തല പതിപ്പുകൾ ക്രോഡീകരിച്ച് 'എന്റെ ഗ്രാമം' സ്കൂൾ പതിപ്പിന് രൂപം നൽകണം.
- രണ്ടാം ടേം പരീക്ഷയ്ക്കുമുമ്പായി 'എന്റെ ഗ്രാമം' സ്കൂൾ പതിപ്പ് പ്രകാശനം. ക്ലാസ്തല പതിപ്പുകളുടെ പ്രദർശനവും മികച്ച പ്രവർത്തനം നടത്തിയ ഏതാനും കുട്ടികളുടെ അനുഭവവിവരണവും ഉൾപ്പെടുത്താം.
- ഓരോ കുട്ടിയും ഏതെങ്കിലുമൊരു വിവരശേഖരണപ്രവർത്തനത്തിൽ പങ്കെടുക്കുന്നുവെന്നും ക്ലാസ്പതിപ്പിൽ ആ ക്ലാസിലെ എല്ലാവരുടെയും പങ്കാളിത്തം ഉണ്ടാകുന്നുവെന്നും ഉറപ്പുവരുത്തണം.
- യു.പി.ക്ലാസുകളിലെ അതേ രീതിയിലാണ് 3,4 ക്ലാസുകളിലും പ്രവർത്തനങ്ങൾ നടക്കേണ്ടത്. കുറച്ചു കുട്ടികൾ മാത്രമുള്ള എൽ.പി.സ്കൂളുകളിൽ ക്ലാസ്തലം ഒഴിവാക്കി സ്കൂൾതലത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നതാവും പ്രായോഗികം.
- വിവിധ രീതിയിലുള്ള വിവരശേഖരണവും അവയുടെ ക്രോഡീകരണവും നടത്തുന്നതെങ്ങനെ എന്ന അറിവ് എല്ലാ കുട്ടികളിലും സാമാന്യമായി എത്തിക്കുക എന്നത് ഈ പ്രോജക്റ്റിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുനീക്കണം.

**കേരളം, മലയാളം - കവിതാലാപനം**

കേരളത്തെക്കുറിച്ചുള്ള ഗാനങ്ങളും ശേഖരിച്ച് ചൊല്ലാൻ ശ്രമങ്ങൾ നടക്കണം. കുട്ടികൾ ശേഖരിച്ചുവരുന്ന നാടൻപാട്ടുകളും ഗാനങ്ങളും അവരുടെ മാസികയിലേയ്ക്ക് ചേർക്കാം.

## നവംബർ 14 - ശിശുദിനം

# പനിനീർപ്പൂ

**രചനകളുടെ വായന**

**വിമാനത്തുമ്പി**

ശിവപ്രസാദ് പാലോട്

സന്ധ്യയ്ക്ക് ആകാശത്തുകൂടി ഒരു വിമാനം പോകുകയായിരുന്നു.
അമ്മ കുട്ടിയോടു പറഞ്ഞു : ദാ, ആ പോകുന്നതു കണ്ടില്ലേ? അതാണ് വിമാനം.
അത് തുമ്പ്യാ അമ്മേ, വല്യേ തുമ്പി.
ഏയ്, അതാണ് വിമാനം... അതിന്റെ ചിറകുകളിൽ ലൈറ്റ് മിന്നുന്നത് കാണുന്നില്ലേ?
അതേയ്, തുമ്പീടെ ചിറകിൽ മിന്നാമിന്നി ഇരിക്കണതാ...
അമ്മ പിന്നെ കുട്ടിയെ തിരുത്തിയില്ല. പകരം കുട്ടിയുടെ കവിളിൽ ഒരുമ്മ കൊടുത്തു.

**പനിനീർപ്പൂവും പൈതലും**

വള്ളത്തോൾ

വാടൊല്ലേ, വാടൊല്ലേ, ഞെങ്ങൊല്ലേ, ഞെങ്ങൊല്ലേ,
വാടികാസൗഭാഗ്യക്കൂമ്പുകളേ,
കാൽ വേദനിപ്പിക്കും കൽപ്പറമ്പിങ്കൽനി-
ന്നാവിർഭവിക്കും പതുപ്പുകളേ,
മുള്ളുനിറഞ്ഞൊരു ജീവിതത്തേയുമൊ-
ട്ടുല്ലസിപ്പിക്കുന്ന ഭാഗ്യങ്ങളേ,
ഇച്ഛപോലൊന്നു തൊടാതല്ലോ കൈകളിൽ
വെച്ചിരിക്കുന്നതു നിങ്ങളെ ഞാൻ !
തോട്ടത്താൽപ്പൂജിതനാകിയ ഞാനെന്റെ
വീട്ടിൻപടിക്കൽച്ചെന്നപ്പോഴേയ്ക്കും
അച്ഛാ, പൂ, പൂവെന്നു പൂവിളംചുണ്ടിനാൽ
ഉച്ചരിച്ചോടിവന്നാളെൻ പൈതൽ.
മാൺപേറുമേതോ പണിത്തരമാകുമാ-
മാണിക്യക്കുഞ്ഞിയലുക്കുകളെ
ഒന്നൊന്നായ് വെച്ചുകൊടുത്തേൻ കുനിഞ്ഞുനി-
ന്നന്നറും പിഞ്ചുകുടന്നയിൽ ഞാൻ.
വൃദ്ധന്റെ ചുക്കിച്ചുളിഞ്ഞു കുഴഞ്ഞുള്ള
ഹസ്തത്തിൽനിന്നു കിടാവിനുടെ
പൂവൽക്കരത്തിൽപ്പകർന്നതോടൊപ്പ, മ-
പ്പൂവുകൾ പൂവുകളായീ പേർത്തും !

പൂവേ, നീ ബാല്യമോ ? ബാല്യമേ, പൂവോ നീ ?
കേവലമൊന്നിൻ പേരാകാം രണ്ടും !

കൊച്ചിന്റെയൗദാര്യം ചോദിച്ചു സാഹ്ലാദ,-
'മച്ഛനു വേണ്ടയോ പൂവിതൊന്നും ?'
'അച്ഛന്നിങ്ങിപ്പനിനീർപ്പൂവേ പോരു' മെ-
ന്നച്ചെങ്കവിളിൽ മുകർന്നേനിവൻ !

ഈ രചനകൾ കുട്ടികൾ വായിക്കട്ടെ. വള്ളത്തോൾക്കവിത ടീച്ചർ ചൊല്ലിക്കൊടുക്കണം. ആശയം മനസ്സിലാക്കാൻ പ്രയാസമുള്ള ഭാഗങ്ങൾ വിശദീകരിക്കുകയും വേണം. ബാല്യത്തിന്റെ മനോഹാരിത വള്ളത്തോൾ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്നതാണ് കുട്ടികളുടെ ശ്രദ്ധയിൽ വരേണ്ടത്.
തുടർന്ന് താഴെ കൊടുത്ത പ്രവർത്തനം ചെയ്യാം.

ഈ ഡയറി വായിക്കു.

**ഇരുട്ടും വെളിച്ചവും**
*ആഷ്നി സി.ഡി*
*11.07.2014*

*ഇന്ന് സ്കൂളിലെത്തിയപ്പോൾ സ്നേഹ എന്നോടുപിണങ്ങി. പിണങ്ങിയപ്പോഴാണ് എനിക്കുതോന്നിയത്, അവൾ എന്തുനല്ല കുട്ടിയായിരുന്നു എന്ന്. പിന്നെ ഞങ്ങൾ തമ്മിലുള്ള പിണക്കം മാറി. അസംബ്ലിക്കു നിൽക്കുമ്പോൾ നാലാംക്ലാസിലെ ഒരുചേച്ചി നന്നായി ഒരുങ്ങി വന്നിരുന്നു. എനിക്കും ഒരുങ്ങണമെന്നുതോന്നി. ഞാനും അങ്ങനെ ഒരുങ്ങും. ഉച്ചയ്ക്ക് നല്ലരുചികരമായ ഭക്ഷണം കഴിച്ചു. വൈകുന്നേരം പി.ടി.എ മീറ്റിങ്ങിന്റെ കാർഡു തന്നപ്പോൾ ഞാനാകെ തളർന്നു. വീട്ടിൽ പോകുമ്പോഴും അമ്മ വരുമോ എന്ന വിഷമം ഉായിരുന്നു. വീട്ടിലെത്തിയപ്പോൾ അമ്മയോടു പറഞ്ഞു. ആദിത്യന്റെ പിറന്നാളായിരുന്നു. അമ്മയ്ക്ക് മീറ്റിങ്ങിന്റെ കാർഡ്*

*കാണിച്ചു കൊടുത്തപ്പോൾ വരാമെന്നു പറഞ്ഞു. ഞാൻ സന്തോഷംകൊണ്ടുതുള്ളിച്ചാടി. എന്റെ മുഖം നക്ഷത്രംപോലെ തിളങ്ങി.*

കുട്ടികൾ ആദ്യം ഡയറി സ്വയം വായിക്കട്ടെ.

ഇതിലെ ഏറ്റവും ഇഷ്ടപ്പെട്ട വാക്യം ഏതാണ്? കത്തെു.

കുട്ടികൾ കണ്ടെത്തിയ വാക്യങ്ങൾ വായിക്കുന്നു. വായനയിൽ പിന്നോക്കം നിൽക്കുന്നവർക്കായിരിക്കണം ആദ്യ അവസരം. എന്തുകൊണ്ട് ഇഷ്ടപ്പെട്ടു എന്ന് വിശദമാക്കാനും അവസരം നൽകണം.

ഇനി ഇതിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഉങ്കെിൽ എന്തെല്ലാം?

(കുട്ടികൾ പറയുന്ന തിരുത്തലുകൾ പ്രസക്തമായവ ബോർഡിൽ എഴുതി ചർച്ചക്കു വിധേയമാക്കണം. അഭിപ്രായ വ്യത്യാസങ്ങൾ പറയാനും അവസരം നൽകണം.)

തുടർന്ന് ടീച്ചർ സ്വയം ചില തിരുത്തലുകൾ വരുത്തിയ പുതിയ ഡയറി അവതരിപ്പിക്കുന്നു.

**ഇരുട്ടും വെളിച്ചവും**

*ആഷ്നി സി.ഡി*

*11.07.2014*

*ഇന്ന് സ്ക്കൂളിലെത്തിയപ്പോൾത്തന്നെ സ്നേഹ എന്നോടു പിണങ്ങി. പിണങ്ങിയപ്പോഴാണ് എനിക്കുതോന്നിയത്, അവൾ എന്തുനല്ല കുട്ടിയായിരുന്നു എന്ന്. പിന്നെ ഞങ്ങൾ തമ്മിലുള്ള പിണക്കം മാറി.*

*അസംബ്ലിക്കു നിൽക്കുമ്പോൾ നാലാംക്ലാസിലെ ഒരുചേച്ചിയെ കണ്ടു. അവൾ നന്നായി ഒരുങ്ങി വന്നിരുന്നു. എനിക്കും ഒരുങ്ങണമെന്നുതോന്നി. ഞാനും അങ്ങനെ ഒരുങ്ങും.*

*ആദിത്യന്റെ പിറന്നാളായിരുന്നു. ഉച്ചയ്ക്ക് നല്ലരുചികരമായ ഭക്ഷണം കഴിച്ചു.*

*വൈകുന്നേരം പി.ടി.എ മീറ്റിങ്ങിന്റെ കാർഡു തന്നപ്പോൾ ഞാനാകെ തളർന്നു. വീട്ടിൽ പോകുമ്പോഴും അമ്മ വരുമോ എന്ന സംശയം ഉണ്ടായിരുന്നു.*

*വീട്ടിലെത്തിയപ്പോൾത്തന്നെ അമ്മയോടു കാര്യം പറഞ്ഞു. മീറ്റിങ്ങിന്റെ കാർഡ് കാണിച്ചു കൊടുത്തപ്പോൾ അമ്മ വരാമെന്ന് ഏറ്റു. ഞാൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി. എന്റെ മുഖം നക്ഷത്രംപോലെ തിളങ്ങി.*

കുട്ടികൾ ഇത് വായിക്കട്ടെ. തുടർന്ന് ചർച്ച.

എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്?

അഞ്ചു ഖണ്ഡികകളാക്കി തിരിച്ചതിന്റെ ഉദ്ദേശ്യം എന്തെന്നു പറയാമോ?

ആദിത്യന്റെ പിറന്നാളായിരുന്നു. എന്ന വാക്യം മറ്റൊരിടത്തേക്കു മാറ്റിയതെന്തിനാവും?

വിഷമം എന്ന വാക്കിനുപകരം സംശയം എന്നാക്കിയതിനോട് നിങ്ങൾക്കു യോജിപ്പുണ്ടോ?

*സ്ക്കൂളിലെത്തിയപ്പോൾ സ്നേഹ എന്നോടു പിണങ്ങി എന്നവാക്യം, സ്ക്കൂളിലെത്തിയപ്പോൾത്തന്നെ സ്നേഹ എന്നോടു പിണങ്ങി എന്നാക്കിയപ്പോൾ വന്ന മാറ്റമെന്താണ്?*

"അമ്മയ്ക്ക് മീറ്റിങ്ങിന്റെ കാർഡ് കാണിച്ചു കൊടുത്തപ്പോൾ വരാമെന്നു പറഞ്ഞു." എന്നവാക്യം "മീറ്റിങ്ങിന്റെ കാർഡ് കാണിച്ചു കൊടുത്തപ്പോൾ അമ്മ വരാമെന്ന് ഏറ്റു" എന്നാക്കി മാറ്റിയതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? എന്നിങ്ങനെ ഡയറിയുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തണം.

ഇനി നിങ്ങൾ ഒരു ദിവസത്തെ ഡയറി എഴുതു. നിങ്ങൾക്കേറ്റവും മനസ്സിൽ തട്ടിയ അനുഭവം ഉള്ള ഒരു ദിവസത്തെ ഡയറിയാകട്ടെ.

തുടർന്ന് ഡയറിവായനയും മെച്ചപ്പെടുത്തലും നടത്തണം.

- കുട്ടികൾ എന്ന പൊതു ആശയം കേന്ദ്രീകരിച്ച് കഥ, കവിത, ഗാനം, ചിത്രം, നാടകം, അനുഭവക്കുറിപ്പ്, യാത്രാവിവരണം, കത്ത് തുടങ്ങിയ വിവിധ സർഗ്ഗാത്മകരചനകൾ - ക്ലാസിൽ.
- മികച്ച രചനകൾ സ്കൂൾതലത്തിൽ അവതരിപ്പിക്കൽ. കവിതാലാപനം, ഗാനാലാപനം, അഭിനയം, നൃത്താവി ഷ്കാരം എന്നിവയോടെ ശിശുദിനാഘോഷം.

### നവംബർ 20 – ദേശീയ ബാലാവകാശ ദിനം

## എനിക്ക്, ഞങ്ങൾക്ക്

കൃഷ്ണദാസ് മാഷെഴുതിയ ഈ കഥവായിക്കു.

*കുറെനേരം കണ്ടുകൊണ്ടിരുന്ന ടീവി ഓഫാക്കിയതിന് അർജുൻ എന്ന അപ്പു അച്ഛനോടു പിണങ്ങി. അന്നുവരെ വാങ്ങിക്കൊടുത്ത കളിസ്സാമാനങ്ങളെല്ലാം അവൻ അച്ഛനു മുന്നിലേക്ക് അവൻ വാരിയിട്ടു.*

*അച്ചരൻ വാങ്ങിത്തന്ന ഒന്നും എനിക്കിനി വേണ്ട.*

*അച്ഛമ്മയും കണ്ടുനിന്നതിനാലാവാം, അവന്റെ കലി ഇന്നൽപ്പം കടുപ്പത്തിലായിരുന്നു. വാരിവലിച്ചിട്ട കളിസ്സാമാനാങ്ങളിൽ ചിലതുമാത്രം തെരഞ്ഞെടുക്കുന്നതുകണ്ട് അച്ഛമ്മ ചോദിച്ചു.*

*ഇതെന്താ അപ്പൂ, നീ ചിലതുമാത്രം എടുത്തുവയ്ക്കുന്നത്?*

*അതൊക്കെ ന്റെ കുട്ടിമാമ വാങ്ങിത്തന്നതാ..*

*ഞാൻ വാങ്ങിത്തന്നതൊക്കെ നീ തിരിച്ചു വച്ചോ...? അച്ഛൻ അവന്റെ വാശികൂട്ടാൻ നോക്കി.*

*ദാ അച്ഛൻ വാങ്ങിത്തന്ന ഷർട്ടും ട്രൗസറും... അപ്പു ഇട്ടിരുന്ന ഷർട്ടും ട്രൗസറും ഊരി അച്ഛന്റെ മുന്നിലേക്കിട്ടു.*

*ഇപ്പോൾ മുഴോനും ആയോ...? അച്ഛന് വീണ്ടും കുസൃതി തോന്നി.*

*ഇനി അച്ഛനിട്ട പേരേള്ളൂ... അതും എടുത്തോ...!*

*അപ്പോ, കുട്ടിയെ ഇനി എന്താ വിളിക്ക്യാ..? അച്ഛമ്മ സംശയം പ്രകടിപ്പിച്ചു.*

*അച്ഛമ്മ ഇട്ടപേര്, അപ്പൂന്. അതുമാത്രം വിളിച്ചാമതി ഇനി ന്നെ.! അവൻ ഉറപ്പിച്ചു പറഞ്ഞു.*

*എം.കൃഷ്ണദാസ്*

(കുട്ടികൾക്ക് സ്വയം വായിക്കാനവസരം നൽകണം. തുടർന്ന് വായിച്ചകഥയെക്കുറിച്ച് ചർച്ച.)

കഥ വായിച്ചല്ലോ. ആരൊക്കെയാണ് കഥയിലെ കഥാപാത്രങ്ങൾ?
ഇതിൽ പറയാത്ത ഏതെങ്കിലും കഥാപാത്രം അവിടെക്കാണുമോ?
എങ്കിൽ അവർ പറയുന്നതോ ചോദിക്കുന്നതോ ആയ ഒന്നോ രണ്ടോ വാക്യം കഥയിൽ കൂട്ടിച്ചേർക്കാമോ?
ഈ കഥയിലെ അവസാനത്തിൽ അപ്പുവിനെ അച്ഛൻ എന്തുചെയ്തിട്ടുണ്ടാവും?
അക്കാര്യം കഥയിൽ പറയാതെ തന്നെ നമുക്കെങ്ങനെ മനസ്സിലായി?
അക്കാര്യം കഥയിൽ പറയാതിരുന്നത് കഥയുടെ സൗന്ദര്യം വർദ്ധിപ്പിച്ചുവോ അതോ കുറച്ചുവോ?
സംഭവവിവരണമെന്നതിനപ്പുറം ഇത് ഒരു കഥയായി നമുക്ക് തോന്നിയതെന്തുകൊണ്ടാണ്?
ഈ കഥയ്ക്കു നിങ്ങൾ എന്തുപേരു നിർദ്ദേശിക്കും?

ഇനി അഖിൽ എം.എസ്. എഴുതിയ ഈ കൊച്ചുകഥ കൂടി വായിക്കൂ..

**വീണ്ടും വീണ്ടും കരയാൻ**

അഖിൽ എം.എസ്.

കുട്ടിയെ അമ്മ തല്ലി. അവന്റെ തുടയിൽ ചുവന്ന വര വീണു.
മണ്ണിൽ കളിച്ചാൽ ഇനീം കിട്ടും.
അമ്മ ദേഷ്യത്തോടെ ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.
അവൻ കുറച്ചുനേരം കരഞ്ഞു. പിന്നെ ജനാലയ്ക്കരികിൽ ചെന്നുനിന്നു.
മഴ ചാറുന്നുണ്ട്.
വെള്ളത്തുള്ളികൾ വീണു നനയുന്ന മരത്തലപ്പുകൾ.
ഫ്ളാറ്റിലെ മറ്റു കുട്ടികളുടെ ബഹളങ്ങൾ.
മഴച്ചാറ്റൽ അവന്റെ മുഖത്തേയ്ക്കു വീണു. കുട്ടി സന്തോഷത്തോടെ പുറത്തേയ്ക്ക് കൈകൾ ഏന്തിച്ചു.
വെള്ളം ചീറ്റി...
പെട്ടെന്ന് പിന്നിൽ എന്തോ ശബ്ദം. തുടയിൽ അടി വീണതും ഒരുമിച്ചായിരുന്നു.
മഴ നനഞ്ഞിട്ടുവേണമല്ലേ ഓരോന്ന് ഉണ്ടാക്കിവെയ്ക്കാൻ..?
അവൻ വീണ്ടും കരയാൻ തുടങ്ങി.

- നിങ്ങളുടെ ജീവിതത്തിലും ഇത്തരം സംഭവങ്ങൾ നടന്നിട്ടുണ്ടാവും. അവ എഴുതിനോക്കാമോ? സ്വന്തം അനുഭവങ്ങളെ ഇങ്ങനെ ഒരു രചനയായി രൂപപ്പെടുത്തൂ. 'എന്റെ സ്വപ്നം' സർഗ്ഗാത്മകരചന (കഥ, കവിത, ചിത്രം- ഏതുമാകാം)
- വ്യക്തിഗതമായ രചന
- ഗ്രൂപ്പിൽ വായിച്ച് മികച്ചവ കണ്ടെത്തുന്നു.
- മികച്ച രചനകൾ ക്ലാസിൽ പൊതുവായി വായിക്കുന്നു. മറ്റു ഗ്രൂപ്പുകൾക്ക് പ്രതികരിക്കാനുള്ള അവസരം.
- കഥ സ്വയം മെച്ചപ്പെടുത്തുന്നു.
- പുതുക്കിയെഴുതി മാസികാ ശേഖരത്തിലേയ്ക്ക് മാറ്റിവെയ്ക്കുന്നു.

### ജനുവരി 1 – പുതുവർഷപ്പിറവി

## പുതുവർഷത്തുള്ളി

**നവവത്സരാശംസ – കാർഡ് നിർമ്മാണവും കൈമാറലും**

- ക്രിസ്തുമസ്സ് അവധിക്കാലത്തിനുശേഷം പുതുവത്സരാഘോഷങ്ങൾക്ക് കുട്ടികൾ ഒത്തുചേരുന്നു. പുതുവത്സര ആശംസാ കാർഡ് നിർമ്മാണത്തോടെയാണ് സാഹിത്യവേദിയുടെ 'പുതുവർഷത്തുള്ളി' തുടങ്ങേണ്ടത്.
- ക്ലാസ്സിലെ എല്ലാ കുട്ടികളും ആശംസാകാർഡു നിർമ്മിക്കണം. സ്കെച്ച് പെൻ, വാട്ടർ കളർ, ക്രയോൺ, 1/8 വലിപ്പത്തിൽ (എ-4ന്റെ പകുതി) കട്ടിയുള്ള കാർഡ് പേപ്പർ എന്നിവ ക്ലാസിൽ പൊതുവായി ഒരുക്കണം. കുട്ടികൾക്ക് അവരവരുടെ കളറിങ് സാമഗ്രികൾ ഉപയോഗിക്കാം. എങ്കിലും അവ സ്വന്തമായില്ലാത്തവർക്ക് ക്ലാസിൽ ഇഷ്ടാനുസാരം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണം.
- മലയാളത്തിലുള്ള ആശംസാവാക്യങ്ങൾ നേരത്തേതന്നെ ധാരാളമായി ശേഖരിച്ച് അവ ഒരു ചാർട്ടിലെഴുതി ക്ലാസിൽ പ്രദർശിപ്പിക്കണം. ഈ പ്രവർത്തനം കുട്ടികൾതന്നെ ചെയ്യട്ടെ. ആശേസാവാക്യങ്ങൾ കണ്ടെത്താൻ കഴിയാത്തവർക്ക് ഇത് സഹായകമാകും.
- കാർഡിന്റെ ഒരു വശത്ത് ചിത്രങ്ങളും നിറങ്ങളും ആശംസാവാക്യവുമെല്ലാം. മറുവശത്ത് എഴുതിയ കുട്ടിയുടെ പേരും ക്ലാസ് ഡിവിഷനും എഴുതിച്ചേർക്കാം.
- ഒരേ ക്ലാസിലെ കുട്ടികൾ തമ്മിലോ രണ്ടു ക്ലാസിലെ കുട്ടികൾ തമ്മിലോ കാർഡ് കൈമാറാം. ഇത് സ്കൂൾതലത്തിൽ മുൻകൂട്ടി ധാരണയുണ്ടാക്കി ചെയ്യുന്നതാണ് നല്ലത്. എല്ലാവർക്കും ഒരു സുഹൃത്തിന്റെ കാർഡ് കൈമാറിക്കിട്ടിയെന്ന് ഉറപ്പു വരുത്തണം. ആൺകുട്ടികൾ ആൺകുട്ടികൾക്ക്, പെൺകുട്ടികൾ പെൺകുട്ടികൾക്ക് എന്ന രീതി അനുവർത്തിക്കരുത്.
- എല്ലാ അധ്യാപകരും തത്പരരായ രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളുമെല്ലാം ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നത് അതിന്റെ പൊലിമയും അർത്ഥവും കൂട്ടും.
- കൈമാറിക്കിട്ടിയ കാർഡുകൾ ഉയർത്തിക്കാട്ടി, ഒരു നവവത്സരഗാനം കൂട്ടായി പാടിക്കൊണ്ടുള്ള ഒരു സ്കൂൾ അസംബ്ലിയോടെ പുതുവർഷാഘോഷം പൂർണ്ണമാക്കാം.
- പരിപാടിയുടെ (കാർഡ് തയ്യാറാക്കൽ, കൈമാറൽ, പ്രകാശനം...) ദൃശ്യാലേഖനം : വിഡിയോ-ഫോട്ടോ

### ജനുവരി 24 – അന്തർദ്ദേശീയ ബാലികാദിനം

## ജ്യോതിസ്സ്

അന്തർദ്ദേശീയ ബാലികാദിനത്തിൽ പെൺകുട്ടികൾ വിവിധ വിഷയങ്ങളെക്കുറിച്ചെഴുതിയ ചില രചനകൾ വായിക്കാം. ഗ്രൂപ്പായി വായിച്ച് പ്രതികരണങ്ങൾ എഴുതി അവതരിപ്പിക്കാൻ അവസരം നൽകണം.

**ചന്ദ്രൻ**

അഷിതാ ബേബി
7, എച്ച്.എ.യു.പി.സ്കൂൾ, അക്കര, കാവശ്ശേരി

നിവർത്തിവച്ച
വലിയ പുസ്തകത്തിൽ
രാത്രി എഴുതിയ കവിതയാണ്
ചന്ദ്രൻ

**വേനൽക്കാലം**

സൂര്യചന്ദന ആർ.കെ.
4, ജി.എച്ച്.എസ്.എസ്.അഞ്ചേരി

കടുത്ത വേനൽക്കാലം. എന്റെ വീട്ടുപറമ്പിലെ മരങ്ങളെല്ലാം ഉണങ്ങിപ്പോയി. മരങ്ങൾക്കിത്തിരി വെള്ളമൊഴിക്കാം എന്നു വിചാരിച്ച് ഞാൻ മുറ്റത്തിറങ്ങിയപ്പോഴാണ് ആ കാഴ്ച കണ്ടത്. കിളികൾ കരഞ്ഞുകൊണ്ട് ഉണങ്ങിയ മരങ്ങളുടെ ചില്ലയിൽ ഇരിക്കുന്നു.
എനിക്ക് പാവംതോന്നി. ഞാൻ ഉടനെത്തന്നെ ഒരു പാത്രത്തിൽ വെള്ളമെടുത്ത് മുറ്റത്തു വെച്ചു. ആ മരത്തിലുള്ള കിളികൾ മൊത്തം വെള്ളവും കുടിച്ചുതീർത്തു.
പിറ്റേ ദിവസം മുറ്റത്തേയ്ക്കു നോക്കുമ്പോൾ അതാ.. കുറേ കിളികൾ മുറ്റത്ത് വന്നിരിക്കുന്നു. എനിക്ക് കാര്യം അപ്പോൾത്തന്നെ പിടികിട്ടി. ഞാൻ രണ്ട് പാത്രം വെള്ളമെടുത്ത് മുറ്റത്ത് വെച്ചു. അന്നും ആദ്യദിവസംപോലെ സംഭവിച്ചു.

പിന്നീട് ഓരോ ദിവസവും കിളികൾ കൂടിക്കൂടിവന്നു. ഞാൻ അടുത്ത വീട്ടിലെ ചേട്ടന്മാരെ കിളികളെ കാണാൻ വിളിച്ചു. കിളികളെ കണ്ടപാടെ ചേട്ടന്മാർ പറഞ്ഞു.
നമുക്ക് ഒരു തെറ്റാലി സംഘടിപ്പിക്കണം
കിളികൾ അതു കേട്ട് എന്നെ നോക്കി.

**അമ്മപ്പൂമ്പാറ്റ**

ഋതിക മണിശങ്കർ

പൂമ്പാറ്റക്കുട്ട്യോൾടെ അമ്മേ,
കുട്ട്യോൾക്ക് ചെറകില്
സ്റ്റിക്കറൊട്ടിച്ചു കൊടുക്കുമ്പോ
നിക്കും തര്വോ, ഒരഞ്ചാറെണ്ണം?
മാളൂന്റെ പാവാടേലെ
കീറലടയ്ക്കാനാ....

**പല്ലുവേദന**

സൂര്യ ഗോപി, ബി.ഇ.എം.എച്ച്.എസ്.എസ്. കോഴിക്കോട്

നേരം പുലർന്നു. സൂര്യന്റ തലോടൽ ഏറ്റു വാങ്ങി മുറ്റത്തെ പുല്ലും പൂവും ഉത്സാഹിച്ചു നില്പാണ്.
മണിക്കുട്ടി മാത്രം വീട്ടിനകത്തെ ചുമരും ചാരി ചിണുങ്ങിയിരുന്നു.

"ഞാനിന്ന് സ്കൂളിൽ പോണില്യ. നന്നായിട്ട് പല്ലു വേദനിക്കുന്നു."
അടുക്കളയിൽ ദോശ ചുടുകയായിരുന്ന അമ്മ നേർത്ത ചിരി ഉള്ളിൽവച്ചു പറഞ്ഞു:

"എന്നാൽ സ്കൂളിൽ പോകണ്ടാ. ഡോക്ടറുടെ അടുത്തു പോകാം."

മണിക്കുട്ടി വീണ്ടും ചിണുങ്ങി. "വേണ്ട. പല്ലുവേദനകൊണ്ട് നടക്കാനും വയ്യാ."
അതു കേട്ട് അമ്മ പൊട്ടിച്ചിരിച്ചുപോയി. മണിക്കുട്ടിയും വെറുതെ കൂടെ ചിരിച്ചു. പിന്നെ ഗൗരവം നടിച്ച് മിണ്ടാതിരുന്നു. കുറച്ചുനേരം അങ്ങനെയിരുന്ന് ആരും നോക്കുന്നില്ലെന്നു കണ്ടപ്പോൾ അവൾ അവിടെ നിന്നെഴുന്നേറ്റ് മുറ്റത്തു പോയി.
പൂവും പുഴുവും വരെ സൂര്യനെ കണി കണ്ട് സന്തോഷിച്ചിരിക്കുകയാണ്.

"ന്താ മണിക്കുട്ടീ ഒരു സങ്കടം ?" മുറ്റത്തെ വാടാമല്ലി ചോദിച്ചു.

മണിക്കുട്ടി സ്വകാര്യം പറഞ്ഞു. "എനിക്ക് സ്കൂളിൽ പോകാനിഷ്ടമില്ല. അതോണ്ട് പല്ലു വേദനിക്ക്ണൂന്ന് നൊണ പറഞ്ഞു. ന്ന്ട്ടും ആരും ന്നെ നോക്ക്ണ്ല്യ."
വാടാമല്ലിക്കും ചിരിപൊട്ടി. അടുത്തുനിന്ന ജമന്തിയുടെ മറവിലേയ്ക്ക് ചാഞ്ഞ് വാടാമല്ലി ചിരിയടക്കി. മണക്കുട്ടിക്കെന്തെങ്കിലും തോന്നിയാലോ ?

"മോളേ... മണിക്കുട്ടീ.." അമ്മ വിളിച്ചു.
മണിക്കുട്ടി ഓടി അമ്മയുടെ അടുത്തെത്തി.

"വേഗം ഒരുങ്ങ്. ഡോക്ടറുടെയടുത്തു പോകാം. എന്നുമിങ്ങനെ രാവിലെ പല്ലുവേദന വരുന്നതെന്താണെന്ന് അറിയണമല്ലോ." അമ്മ പറഞ്ഞു.

"ഇല്ലമ്മേ....മുറ്റത്തിറങ്ങിയപ്പം പല്ലുവേദന അപ്പാടെ മാറി." പുസ്തകങ്ങൾ ബാഗിലാക്കുന്നതായി ഭാവിച്ച് മണിക്കുട്ടി പറഞ്ഞു.
അമ്മയുടെ മുഖത്ത് കള്ളപ്പുഞ്ചിരി വിടർന്നു. പുറത്ത് ജനാലയ്ക്കപ്പുറം വാടാമല്ലിയും ജമന്തിയും കാറ്റത്താടി പുഞ്ചിരിച്ചു.

**മാഞ്ഞുപോയ ചിരിമധുരം**

അക്ഷര.പി. 4, എ.എൽ.പി.സ്കൂൾ, മണ്ണമ്പറ്റ

മിനിടീച്ചറുടെ തമാശ കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

"ണീം ണീം ണീം.."

ഉച്ചാഹാരത്തിനായി എല്ലാവരും ക്ലാസിനു പുറത്തേയ്ക്കോടി. സബീനത്താത്ത പ്ലേറ്റിൽ കഞ്ഞി വിളമ്പി. എല്ലാവരും കഞ്ഞി കുടിക്കാനാരംഭിച്ചു.
ഉച്ചയ്ക്കു ശേഷം മിനിടീച്ചർ ക്ലാസിലേയ്ക്ക് വന്നതേയില്ല. കളിയും ചിരിയുമില്ലാതെ നാലാംക്ലാസ് നിശ്ശബ്ദമായി.
കുട്ടികൾ ചെന്ന് കാര്യം തിരക്കി. മിനിടീച്ചർ അവരെ വിട്ടുപോവുകയാണത്രേ.
കുട്ടികൾ പിന്നീടൊരിക്കലും ചിരിമധുരം അറിഞ്ഞിട്ടേയില്ല.

**കിടാവിന്റെ കരച്ചിൽ**

അഭിരാമി

മത്തായി പശുവിനെ കറന്നു
പാൽ പാത്രത്തിലാക്കി
വിതരണകേന്ദ്രത്തിലേക്കു കൊണ്ടുപോയി

പാലലക്കാൻ പാത്രം തുറന്നപ്പോൾ
മത്തായി കണ്ടത്
കിടാവിന്റെ കരച്ചിൽ മാത്രം.

**മോഹം**

കീർത്തി. സി.യു.പി. സ്കൂൾ, പുലാപ്പറ്റ

മഞ്ഞുപെയ്യുന്നൊരു രാത്രിയിൽ ഒരു കൊച്ചു
മഞ്ഞുതുള്ളിയായ് പിറക്കാൻ മോഹം !
ഒരു ചെറു പനിനീർപ്പൂവിന്റെ മെയ്യിൽ
മാനത്തെ നോക്കി കിടക്കാൻ മോഹം !
ചെറുകാറ്റു വന്നു തഴുകിടുമ്പോൾ
ചെറുതുള്ളിയായ് മണ്ണിൽ വീഴാൻ മോഹം !
നട്ടുച്ച നേരത്തു സൂര്യന്റെ ചൂടിനാൽ
നീരാവിയായ് മാനത്തെത്താൻ മോഹം !
മേഘമായ് മാനത്തെത്തിടുമ്പോൾ
മഴയായി ഭൂമിയിൽ പൊഴിയാൻ മോഹം !
കളകളഗാനങ്ങൾ  പാടിക്കൊണ്ട്
പുഴയായ് മെല്ലയൊഴുകാൻ മോഹം !
ഒടുവിലാ കടലമ്മ തൻ വിരിമാറിൽ
താരാട്ടു കേട്ടിട്ടുറങ്ങാൻ മോഹം

**നല്ല രുചി**

നിരഞ്ജന, 4, കെ.വി.എ.എൽ.പി. സ്കൂൾ, മുതുകുറുശ്ശി

കുട്ടി വീട്ടുമുറ്റത്തിരുന്നു കളിക്കുകയായിരുന്നു. വല്ലാത്ത ക്ഷീണം. അവളല്പം വിശ്രമിച്ചു.
മുറ്റത്തുള്ള കുഞ്ഞുമാവിനെക്കുറിച്ച് അപ്പോളാണവൾ ഓർത്തത്.
അവൾ മാവിൻമുകളിലേയ്ക്കു നോക്കി. രണ്ടു പഴുത്ത മാങ്ങ.
അമ്മയും അവളുംകൂടി രണ്ടെണ്ണവും പറിച്ചു. ഒന്ന് ഉടൻ തന്നെ അവളുടെ വായ്ക്കുള്ളിലായി.
"ഹായ്! എന്തു നല്ല സ്വാദ്!"
അവൾ മുത്തശ്ശിയെ വിളിച്ചു.
മറ്റേ മാങ്ങ മുത്തശ്ശിക്കു നൽകി.
മുത്തശ്ശി അവളെ കെട്ടിപ്പിടിച്ചൊരുമ്മ നൽകി.

**എന്റെ പൂവ്**

അജിഷ. 4, ജി.എൽ.പി.സ്കൂൾ, പൂതൻകോട്

എന്റെ ചെടിയിൽ ഇന്നലെ ആദ്യമായി ഭംഗിയുള്ള ഒരു പൂ വിരിഞ്ഞു. പൂമ്പൊടി പൂശിയ പൂമ്പാറ്റകളും കറുത്ത കോട്ടും സൂട്ടുമണിഞ്ഞ കരിവണ്ടുകളും അവൾക്കു ചുറ്റും പറന്നുനടന്നു. കരിവണ്ടുകൾ മൂളിപ്പാട്ടു പാടിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പൂവ് ഒന്നുകൂടി കൺമിഴിച്ചു. വണ്ടുകളും പൂമ്പാറ്റകളും പൂവിൽ കയറിയിരുന്ന് തേൻ കടിക്കാൻ തുടങ്ങി.
കൂട്ടുകാർ എന്നോടൊപ്പം കളിക്കാൻ വന്നതുപോലെ.

**നന്മയുള്ള മരം**

അർച്ചന കൃഷ്ണ. കെ.പി. 5, ജി.വി.എച്ച്.എസ്.എസ്. ചെർപ്പുളശ്ശേരി

കായും കനിയും തണലും നൽകും
തളിർമരമാണെൻ മുത്തച്ഛൻ.
കിളികൾക്കഭയവും ഞങ്ങൾക്കു തണലും
നൽകും ഞങ്ങടെ മുത്തച്ഛൻ.

**മധുരമൂറുന്ന അപ്പം**

അമൃത. പി. 4, എ.എൽ.പി.എസ്. തെക്കുംമുറി

ഒരു ദിവസം അച്ഛന്റെ കൂടെ ഒരു യാത്ര പോയി. അവിടെനിന്ന് രണ്ട് അപ്പം കിട്ടി. ഒന്ന് ഞാൻ തിന്നു. എന്തു നല്ല രുചി ! ഞാൻ മറ്റേ അപ്പം വേഗം കടലാസ്സിൽ പൊതിഞ്ഞു. ഞാൻ വീട്ടിലേയ്ക്കു തിരിച്ചു.
വീട്ടിന്റെ മുറ്റത്ത് ഒരു കുഴിയുണ്ടാക്കി ആ അപ്പം കുഴിച്ചിട്ടു. വെള്ളത്തിനു പകരം ശർക്കരവെള്ളം ഒഴിച്ചുകൊടുത്തു. വെണ്ണീറിനു പകരം തേങ്ങ ചിരവിയതിട്ടു. അങ്ങനെ അത് മുളച്ചു വളർന്നു. എനിക്ക്

സന്തോഷമായി. എന്റെ അപ്പമരം വളർന്നു പന്തലിച്ചുവന്നു. അതിന്മേൽ നിറയെ അപ്പം ഉണ്ടായി. നല്ല മധുരമൂറുന്ന അപ്പം....

ഞാൻ ഞെട്ടിയുണർന്നു.

## ഫെബ്രുവരി 24 - ലോകമാതൃഭാഷാദിനം

## ഭാഷോത്സവം

**കവിതയുടെ സംഘാലാപനം**

**മലയാളം**

വി. മധുസൂദനൻ നായർ

അങ്കക്കളരിയിൽ വീരാളിപ്പ-
ട്ടുടുത്ത മലയാളം
തങ്കത്തളികയിൽ വിരുന്നുകാരെ-
യൂട്ടിയ മലയാളം
കടലും മലയും പുഴയും കൈകോർ-
ത്താടിയ മലയാളം
കടലേറിവരും കാറ്റും പൂക്കള-
മെഴുതിയ മലയാളം.
കഥകളുറങ്ങും മലയാളം
കരൾ വാടാത്തൊരു മലയാളം.

ചിലമ്പു പാടിയതിവിടെ, ശങ്കര-
സൂര്യനുണർന്നതുമിവിടെ;
തിരുനാവായിലെ മാമാങ്കസ്മൃതി-
യലിഞ്ഞ വെണ്മണലിവിടെ,
കടൽത്തിരപ്പീരങ്കിയെ വെന്നൊരു
മുകിൽക്കരുത്തുകളിവിടെ;
കരൾ തുരക്കും കാറ്റിനു,മേലം
മണം ചുരത്തിയതിവിടെ.
പേരാറും പെരിയാറും പമ്പയു-
മോതുകയാണിക്കഥകൾ.

ഉയർന്ന കോട്ടകളിവിടെ, ക്കാലം
കവർന്ന കലവറയിവിടെ,
നേരും നെറിയും മുറയും തടവിൽ-
ക്കിടന്ന നിലവറയിവിടെ.

അനന്തശയനത്തൃപ്പടിയിൽ വീണ-
ടിഞ്ഞൊരുടവാളിവിടെ
ഒരു ദൈവത, മൊരു ജാതി, യൊരേ മത-
മെന്നരുൾ കേട്ടതുമിവിടെ.
ഓരോ ശിലയും ശില്പവുമോലയു-
മോതുകയാണിക്കഥകൾ.

**ഒരു കുട്ടി - ഒരു മാസിക**

- ക്ലാസ്തലത്തിലും സ്കൂൾതലത്തിലും നടന്ന സാഹിത്യവേദി പ്രവർത്തനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ രചനകളും ശേഖരണങ്ങളും അപ്പപ്പോൾ എഴുതി സമാഹരിച്ചുവെച്ചിട്ടുണ്ടല്ലോ. ഫെബ്രുവരി ആദ്യവാരത്തിൽത്തന്നെ ഈ രചനകളെ മാസികാരൂപത്തിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം. കലോത്സവ-സാഹിത്യോത്സവ രചനകൾ, ക്ലാസ്മുറിയിൽ മറ്റു പഠനപ്രവർത്തനങ്ങളിലെ ഉത്പന്നങ്ങളും (നിരീക്ഷണക്കുറിപ്പുകൾ, ഫീൽഡ് ട്രിപ്പ് റിപ്പോർട്ട്, ഡയറിക്കുറിപ്പുകൾ...) മാസികയിൽ ചേർക്കാം.
- രചനകൾ എ-4 പേപ്പറിൽ നന്നായി എഴുതിയതാണ് തുന്നി പുറംചട്ട ചേർത്ത് മാസികയായി മാറ്റേണ്ടത്. ചില രചനകൾ വീണ്ടും എഴുതേണ്ടതായി വരും. അവ കണ്ടെത്തി വീണ്ടും എഴുതണം.
- സൗകര്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസൃതമായി ഒന്നോ രണ്ടോ ദിവസം മാസികാനിർമ്മാണശില്പശാല നടത്തേണ്ടി വരും. ലേ-ഔട്ട്, കവർ പേജ് തയ്യാറാക്കൽ, ചിത്രീകരണം എന്നിവ ഈ ശില്പശാലയിൽ കുട്ടികൾക്ക് പരിചയപ്പെടുത്തണം. ശില്പശാലയിൽ കുട്ടികൾക്ക് വിദഗ്ധരുടെ സഹായം ലഭിക്കണം.

- പുറംചട്ടയ്ക്കാവശ്യമായ അളവിൽ മുറിച്ച കാർഡ് പേപ്പർ, വിവിധ നിറങ്ങളിലുള്ള മാർക്കർ, സ്കെച്ച്പെൻ, ക്രയോൺ, സൂചി, നൂൽ, സ്റ്റാപ്ളർ തുടങ്ങിയ സാമഗ്രികൾ ശില്പശാലയിൽ (ക്ലാസിൽ) ലഭ്യമാക്കണം.
- ഒരു കുട്ടിയുടെ മാസികയിൽ ചുരുങ്ങിയത് പുറംചട്ട കൂടാതെ 20 എ-4 ഷീറ്റുകൾ ഉണ്ടാകണം. അതായത് സ്വന്തമായി രചനകളും ശേഖരണങ്ങളും ചിത്രങ്ങളുമൊക്കെയായി 20 എണ്ണം ഉണ്ടാകണമെന്നർത്ഥം. ആകെ പേജുകളുടെ എണ്ണം 50ൽ കൂടരുത്.
- രക്ഷിതാക്കളോ വീട്ടിലെ മറ്റുള്ളവരോ എഴുതിയ 1-2 രചനകൾകൂടി താത്പര്യമുണ്ടെങ്കിൽ ഉൾപ്പെടുത്താം.
- എല്ലാ മാസികയ്ക്കും പേരുണ്ടാകണം. പേരുകൾ ആവർത്തിക്കാതിരിക്കൻവേണ്ടി ഫെബ്രുവരിയിൽ ആദ്യ ആഴ്ചയിൽത്തന്നെ അവരവരുടെ മാസികയുടെ പേര് ക്ലാസ് ടീച്ചറെ അറിയിക്കണം. അതേ പേര് അതിനുമുമ്പ് മറ്റൊരു കുട്ടി കണ്ടെത്തിയിട്ടുണ്ടെങ്കിൽ മറ്റൊന്ന് കണ്ടെത്താൻ രണ്ടാമതു വന്ന കുട്ടിക്ക് അവസരം നൽകണം. സ്കൂൾതലത്തിൽ പേരിലെ ആവർത്തനം ഒഴിവാക്കുക പ്രയാസകരമാകും.
- മാസികയുടെ അവസാനത്തിൽ ഒരു എ-4 ഷീറ്റ് വായനക്കാരുടെ അഭിപ്രായങ്ങൾക്കായി ചേർക്കാം. ഇത് കുട്ടികളുടെ രചനകൾ ഉള്ള പേജിനു പുറമേയായിരിക്കണം.
- ലോക മാതൃഭാഷാദിനത്തിൽ സ്കൂളിൽ എല്ലാ കുട്ടികളുടെയും ഒരുമിച്ചുള്ള മാസികാപ്രകാശനം നടക്കേണ്ടത്. അത് രക്ഷിതാക്കൾ, ജനപ്രതിനിധികൾ, വായനശാലാ പ്രവർത്തകർ, സാഹിത്യകാരന്മാർ, പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ തുടങ്ങിയവരെല്ലാം പങ്കെടുക്കുന്ന പരിപാടിയാകണം.
- ഭാഷോത്സവത്തിൽ ഗാനങ്ങൾ, കവിതകൾ, നൃത്തശില്പം, നാടകം, നാടൻപാട്ട് തുടങ്ങിയ അവതരണങ്ങൾ വേണം. ജൂൺ മുതൽ നടന്ന പരിപാടികളിൽ മികച്ച അവതരണങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. മാതൃഭാഷയുടെ മഹത്ത്വം വിളിച്ചോതുന്ന ഏതു പ്രവർത്തനവും അവതരണവും ഭാഷോത്സവത്തിന്റെ ഭാഗമാക്കാം.

വിദ്യാരംഗം സാഹിത്യവേദി സംസ്ഥാനതലത്തിൽ നിർദ്ദേശിക്കുന്ന ഒരു വർഷത്തെ പ്രവർത്തനപരിപാടിയുടെ രൂപരേഖയാണ് ഇത്. വായനയെ കേന്ദ്രീകരിച്ചുള്ള നിരവധി പ്രവർത്തനങ്ങൾ ഓരോ ദിനാചരണത്തിന്റെയും ഭാഗമായി ഉണ്ടാകണം. അവ സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി ആസൂത്രണം ചെയ്തു നടപ്പാക്കണം. സാഹിത്യവേദിയുടെ സ്കൂൾതല-സമിതിയാണ് ഇതിന് നേതൃത്വം കൊടുക്കേണ്ടത്. മറ്റു ക്ലബ്ബുകളുടെ സഹകരണത്തോടെയാണ് പരിപാടികൾ നടത്തേണ്ടത്.

സർഗ്ഗവേളാ പിരിയഡുകളും ഭാഷാപഠനപിരിയഡുകളും ഉപയോഗപ്പെടുത്തിയുള്ള ഭാഷാപഠനപ്രവർത്തനങ്ങൾതന്നെയാണ് സാഹിത്യവേദി പ്രവർത്തനങ്ങൾ. വായനയ്ക്കുള്ള കുറച്ച് രചനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറികളും വായനശാലകളുമെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തി പരമാവധി വായനാനുഭവങ്ങൾ കുട്ടികൾക്കു ലഭിക്കണം.

സംസ്ഥാന നിർദ്ദേശങ്ങൾക്കനുസരിച്ച്

- ആദ്യ ടേമിൽ വിദ്യാരംഗം സർഗ്ഗോത്സവങ്ങൾക്ക് വിവിധ ഇനങ്ങളിൽ പങ്കെടക്കേണ്ട കുട്ടികളെ കണ്ടെത്തൽ
- നവംബർ മാസത്തിൽ 'എന്റെ ഗ്രാമം' പതിപ്പ് തയ്യാറാക്കൽ
- ഫെബ്രുവരിയിൽ 'ഒരു കുട്ടി - ഒരു മാസിക'

എന്നിവയാണ് ഈ വർഷത്തിൽ നടക്കേണ്ട ഏറ്റവും പ്രധാന പ്രവർത്തനങ്ങൾ. സമയബന്ധിതമായും കാര്യക്ഷമമായും ഈ പ്രവർത്തനങ്ങൾ നടക്കുന്നതിനാവശ്യമായ ആസൂത്രണം ജൂൺ ആദ്യംതന്നെ നടക്കണം.

കുട്ടികളെ വായനയുടെയും എഴുത്തിന്റെയും മറ്റു സർഗ്ഗാത്മകപ്രവർത്തനങ്ങളുടെയും ലോകത്തേയ്ക്ക് നയിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് വിദ്യാരംഗം കലാസാഹിത്യവേദിയെ സാർത്ഥകമാക്കുന്നുത്.

****************************